THE MALANKARA SABHA

മലങ്കരസഭ

ഓഗസ്റ്റ് 2016

The Official Media of Malankara Orthodox Syrian Church

Rs : 15



ആരാഴി പള്ളി
സെൻ്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളി
മാവേലിക്കര ഭദ്രാസനം, ഹരിപ്പാട്
1901–ാം ആണ്ടിൽ
പരിശുദ്ധ പരുമല തിരുമേനിയുടെ തൃക്കരങ്ങളാൽ
സ്ഥാപിതമായ ഹരിപ്പാട് ആരാഴി പള്ളിയിൽ
വി. എട്ടുനോമ്പാചരണവും
പള്ളിപ്പെരുന്നാളും
2016 സെപ്റ്റംബർ
1 മുതൽ 8 വരെ
ഈ വർഷത്തെ പെരുന്നാളിൽ അഭിവന്ദ്യരായ ഡോ.ജോസഫ് മാർ ദിവന്നാസ്യോസ്, ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ്, ഡോ. തോമസ് മാർ അത്താനാസിയോസ്, സഖറിയാ മാർ അന്തോനിയോസ്, ഡോ. എബ്രഹാം മാർ എപ്പിഫാനിയോസ്, ഡോ. യൂഹാനോൻ മാർ മിലിത്തിയോസ്, ഡോ.യാക്കൂബ് മാർ ഐറേനിയോസ്, മാത്യൂസ് മാർ തേവോദോസിയോസ് എന്നീ പിതാക്കൻമാരും വന്ദ്യ വൈദീക ശ്രേഷ്ഠരും വേദശാസ്ത്ര പണ്ഡിതരും കൊല്ലം സെൻ്റ് തോമസ് ഗോസ്പൽ ടീമും പെരുന്നാൾ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.
ഒരുക്കധ്യാനം ◎ കൊടിമര ഘോഷയാത്ര ◎ കൊടിയേറ്റ് ◎ വി.മൂന്നിൻമേൽ കുർബ്ബാന ◎ വി.അഞ്ചിൻമേൽ കുർബ്ബാന ◎ മദ്ധ്യസ്ഥ പ്രാർത്ഥന
ആദ്യഫല ശേഖരം ◎ സ്നേഹവിരുന്ന് ◎ സുവിശേഷ യോഗം ◎ ഗാനശുശ്രൂഷ ◎ ചെമ്പെടുപ്പ് ◎ റാസ ◎ ശ്ലൈഹീക വാഴ്‌വ് ◎ നേർച്ച വിളമ്പ്
ഫാ.പ്രവീൺ ജോൺ മാത്യൂസ്
വികാരി
അനിൽ കെ. ജോൺ മണിവേലിൽ
ജന.കൺവീനർ പെരു. കമ്മറ്റി
ജേക്കബ് ശാമുവേൽ എസ്.ജെ വില്ല
ട്രസ്റ്റി
അനിൽ ചാക്കോ മണ്ടാട്ടുശ്ശേരിൽ
സെക്രട്ടറി
സംഭാവനകൾ പള്ളിഓഫീസിലും
ഹരിപ്പാട് SBT A/c.മാറാവുന്ന
തരത്തിൽ ചെക്ക്/ ഡി.ഡി
അയയ്ക്കാവുന്നതാണ്
A/c 57028404772
FRESCO Ktpna. 9446226146
ആരാഴി പള്ളി ഹരിപ്പാട്
www.stmarysharipad.com 0479 2410587, 9526296895, 9447008318



മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

www.malankarasabhaonline.in
malankarasabha1946@gmail.com
sabhamasika@yahoo.com

ലക്കം 8, പുസ്തകം 70, ഓഗസ്റ്റ് 2016

5 മഹാപുരോഹിത സന്ദേശം

6 എഡിറ്റോറിയൽ
ഏകീകൃത സിവിൽ കോഡ്
- ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ

8 ആത്മീയതയുടെ പാഠ പുസ്തകം
സപ്തതി
- ഡോ. സിറിയക് തോമസ്

14 കേണൽ മൺറോയും...
പ്രഭാഷണം
- ഫാ. ഡോ. കെ. എം. ജോർജ്

18 മൃതശരീരം ദഹിപ്പിക്കാമോ...
സമകാലീകം
- അഡ്വ. വർഗീസ് പി. തോമസ്

20 മൗനത്തിന്റെ ലാവണ്യം
പഠനം
- ഫാ. യൂഹാനോൻ ജോൺ

24 വിശുദ്ധ രഹസ്യങ്ങൾ...
ലിറ്റർജി
- ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്

27 ആത്മഹത്യയും...
പ്രതികരണം
- ഡോ. വർഗീസ് പുന്നൂസ്

35 അരിമത്യാക്കാരൻ ജോസഫ്
ലേഖനം
- ഡോ. എം. കുര്യാക്കോസ് പുല്ലുവഴി

40 വിശുദ്ധ കന്യക മറിയം
ധ്യാനം
- ഡോ. എബ്രഹാം മാർ സെറാഫിം



അൽവാറിസ് മാർ യൂലിയോസ്
മെത്രാപ്പോലീത്തായുടെ
93-ാം ഓർമ്മ; സെപ്റ്റം. 23
ഗോവ പഞ്ചിം സെ. മേരീസ് പള്ളിയിൽ

President
Dr. Zacharias Mar Aprem
Chief Editor
Fr. Dr. John Thomas Karingattil

Printed and Published by
Fr. Deepu Philip for Orthodox Viswasa Paripalana Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam Kottayam-04;

Malankara Sabha
For Subscription queries
sabhamasika@yahoo.com
For Editorial queries
malankarasabha1946@gmail.com

www.malankarasabhaonline.in

Devalokam Kottayam-04;
Ph:0481-2573234

Rs. 15/-

BRIEFLY

ബാഹ്യ കേരള ഭദ്രാസന വൈദിക കോൺഫ്രൻസ് ഓഗസ്റ്റ് 23 മുതൽ 25 വരെ ബാംഗ്ലൂർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളജ് കോൺഫ്രൻസ് ഹാളിൽ നടത്തും. പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ മുഖ്യ നേതൃത്വം നൽകും.

സ്ലീബാ ദാസ സമൂഹത്തിന്റെ 93-ാമതു വാർഷികം സെപ്റ്റംബർ 17-ന് ശനിയാഴ്ച പരുമല സെമിനാരിയിൽ വച്ച് നടത്തും. ഫോൺ: 9447933220

പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമന്റെ ചരമ ദ്വിശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് ആഗസ്റ്റ് 18 വ്യാഴാഴ്ച കുന്നംകുളത്ത് വച്ച് അഖില മലങ്കര വൈദിക സമ്മേളനം നടത്തും.

കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ ത്രൈവാർഷിക അസംബ്ലി ഓഗസ്റ്റ് 25 മുതൽ 27 വരെ അടൂർ യൂത്ത് സെന്ററിൽ നടത്തും. പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കും.

'മലങ്കരസഭാ വാർത്തകൾ' സഭയുടെ ഔദ്യോഗിക വെബ്സൈറ്റായ കാതോലിക്കേറ്റ് ന്യൂസിലേക്ക് അയച്ചു തരണം.
വിലാസം :
www.catholicatenews.in

www.facebook.com/malankarasabha
(മലങ്കരസഭ മാസികയുടെ ഫെയ്സ് ബുക്ക് അക്കൗണ്ട്)

വായിക്കുക പ്രചരിപ്പിക്കുക വരിക്കാരാവുക
മലങ്കരസഭ മാസിക
70 വർഷത്തെ അക്ഷര വെളിച്ചം
www.malankarasabhaonline.in

ഗുരുമൊഴി



ഡോ. ഗീവർഗീസ് മാർ യൂലിയോസ്
മെത്രാപ്പോലീത്താ

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ഭാഗ്യമോടെ വാണരുളുന്ന പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവ തിരുമനസ്സ് സപ്തതിയുടെ നിറവിലായി. *അയുഷ്മാൻഭവ* എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു.

പരിശുദ്ധ പിതാവ് എന്റെ പിതാവിന്റെ സഹോദരീപുത്രനാകയാൽ ജനനം മുതൽ അദ്ദേഹത്തിന് എന്നെയും ഓർമ്മവെച്ച നാൾ മുതൽ എനിക്ക് അദ്ദേഹത്തേയും അറിയാം. ഏറെ ആഴമുള്ളതും എന്നാൽ രഹസ്യങ്ങൾ അശേഷം ഇല്ലാത്തതുമായ ഒരു തുറന്ന പുസ്തകമെന്നോ നിശ്ചയ ദാർഢ്യത്തിന്റെ ആൾരൂപമെന്നോ ഒറ്റവാക്കിൽ പ. പിതാവിനെ വിശേഷിപ്പിക്കാം.

1984-ൽ കുന്നംകുളം മെത്രാസനം രൂപീകൃതമാകുമ്പോൾ പ. പിതാവ് ഒരു യുവ വൈദികനാണ് ഞാൻ ഒന്നാം വർഷ ബിരുദ വിദ്യാർത്ഥിയും. കൂടുതൽ അടുത്ത് ഇടപഴകുവാനും ആശയ വിനിമയം നടത്തുവാനും ഇടയായിട്ടുണ്ട്. അപ്പോഴൊക്കെ 'ജോർജുകുട്ടി പഠനത്തിനു ശേഷം വൈദിക ശുശ്രൂഷയിലേക്ക് വരിക, കാടടച്ച വിമർശനത്തിനു പകരം ക്രിയാത്മകമായി സഭയെ സേവിക്കുക' എന്ന് അദ്ദേഹം എന്നോട് പറയുമായിരുന്നു. വൈദിക ജീവിതം തിരഞ്ഞെടുക്കുന്നതിൽ അദ്ദേഹത്തിന്റെ ഈ ആഹ്വാനത്തിന് ഒരു വലിയ പങ്ക് ഉണ്ടായിരുന്നു. ഞാൻ ഉപരി പഠനം നടത്തണമെന്ന് എന്നെക്കാൾ ഏറെ നിർബന്ധം അദ്ദേഹത്തിനായിരുന്നു.

"അച്ചൻ പഠിക്കണം, ഇവിടുത്തെ കാര്യങ്ങൾ ഞാൻ എങ്ങിനെയെങ്കിലും നടത്തികൊള്ളാം. നാട്ടിൽ വരുമ്പോൾ കുന്നംകുളം മെത്രാസനത്തിൽ വന്ന് ഒഴിവുള്ള പള്ളികളിൽ വി. കുർബ്ബാന അർപ്പിക്കണം-ഇതായിരുന്നു കല്പന.

ഏറെ സന്തോഷത്തോടെയും പ്രോത്സാഹനത്തോടെയുമാണ് ഉപരിപഠനത്തിന് അദ്ദേഹം എന്നെ അനുവദിച്ചത്! 'പഠനം കഴിഞ്ഞാൽ ഉടൻ തിരികെ വരണം, അവിടെ എങ്ങും തങ്ങരുത്. സഭയുടെയും കുടുംബത്തിന്റെയും അഭിമാനം കളഞ്ഞുകൊണ്ടുള്ള ഒരു കാര്യവും ചെയ്യരുത് ' എന്നതായിരുന്നു ഉപദേശം.

അദ്ദേഹത്തിന്റെ വ്യക്തിജീവിതം ഏറെ അടുത്ത് മനസിലാക്കുവാൻ സാധിച്ചിട്ടുണ്ട്. ആഢംബരങ്ങളോട് അശേഷം താല്പര്യമില്ല. ലാളിത്യത്തോടൊപ്പം വൃത്തിയും നിഷ്ഠയും ഏറെ നിർബന്ധമാണ്. അതുകൊണ്ടു തന്നെ യാമപ്രാർത്ഥനകളും നോമ്പും, നമസ്ക്കാരവും മുടക്കം കൂടാതെ നടത്തും. ആരാധനകളിൽ അമിത ഭക്തി പ്രകടനങ്ങളൊ അതിഭാവുകത്വമോ ഇല്ല.

വ്യക്തിപരമായി പലപ്പോഴും നോമ്പെടുക്കുകയും ദിവസങ്ങളോളം ധ്യാനിക്കുകയും ഉപവസിക്കുകയും ചെയ്യാറുണ്ട്. എന്നാൽ അവ ആരും അറിയാതെ ചെയ്യുവാനാണ് അദ്ദേഹത്തിന് ഇഷ്ടം. ധാരാളം ദാനധർമ്മങ്ങൾ ചെയ്യുമെങ്കിലും ആരും അറിയുന്നതിനോ കൊട്ടിഘോഷിക്കുന്നതിനോ താല്പര്യമില്ല. കൂടെ നില്ക്കുന്നവരെ ഏറെ കരുതുകയും അവരുടെ പ്രശ്നങ്ങളും സങ്കടങ്ങളും തന്റേതു കൂടെയായി എണ്ണുകയും ചെയ്യുന്നത് പലപ്പോഴും കണ്ടിട്ടുണ്ട്. വ്യക്തിപരമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകിയപ്പോൾ ഒരിക്കൽ അദ്ദേഹം എന്നോട് പറഞ്ഞു:

"ജോർജുകുട്ടിയായിരിക്കുമ്പോൾ മുതൽ എനിക്ക് അറിയാം. എനിക്ക് കുഴപ്പമില്ല; എന്നാൽ തിരുമേനിയെ ജനം ഒറ്റപ്പെടുത്തും. അതുകാണുന്നത് എനിക്ക് സങ്കടമാണ് ". വലിയ ഒരു മനസ്സിന് മാത്രമെ ഇങ്ങനെ പറയുവാൻ കഴിയൂ. സഭയിൽ നീതി ലഭിക്കണമെന്ന് ആവശ്യപ്പെട്ട അവസരത്തിൽ:

"ഞാൻ മരിച്ചാലും കുഴപ്പമില്ല; എന്റെ സഭയ്ക്ക് നീതി ലഭിക്കണമെന്ന്" അദ്ദേഹം പറഞ്ഞു. ആ നിശ്ചയദാർഢ്യത്തിനു മുന്നിൽ നമോവാകം ചൊല്ലുന്നു. സർവ്വശക്തൻ വഴിനടത്തട്ടെ എന്ന് സർവ്വാത്മനാ പ്രാർത്ഥിക്കുന്നു.

മലങ്കരസഭ

10 ഓഗസ്റ്റ് 2016

എല്ലാ മാസവും മലങ്കരസഭയുടെ
അക്ഷര പ്രകാശം

EDITORIAL BOARD

പ്രസിഡന്റ്
ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ
Phone: 0481-2578500, 2578499

ചീഫ് എഡിറ്റർ
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 9447141639

മാനേജിംഗ് എഡിറ്റർ
ഫാ. ദീപു ഫിലിപ്പ്
Mob:- 9446996224

സബ് എഡിറ്റർ
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

അംഗങ്ങൾ
ഫാ. ഡോ. റ്റി. ജെ. ജോഷ്വ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
ഫാ. സഖറിയ നൈനാൻ
ഡോ. ജോർജ് ജോസഫ്
പ്രൊഫ. തോമസ് കുരുവിള
ജിജി ജോൺസൺ

സർക്കുലേഷൻ മാനേജർ
കെ. എ. ജോൺ
Mob:- 9744648617

Cover & Graphic Designing:-
Jinto Kurichy @
Malankara Sabha

Cover Photography:
Korason Zacharia, 9744502016

www.malankarasabhaonline.in

വരിസംഖ്യ

ഇന്ത്യയിൽ
ഒറ്റപ്രതി:15 രൂപ
ഒരുവർഷം: 180 രൂപ
2 വർഷം : 360 രൂപ
4 വർഷം: 700 രൂപ
6 വർഷം: 1000 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

www.facebook.com:
malankarasabha

മഹാപുരോഹിത സന്ദേശം

കർത്താവിൽ പ്രിയരേ,

മലയാളികളുടെ ദേശീയ ഉത്സവമാണ് ചിങ്ങമാസത്തിലെ പൊന്നോണം. ഓണാഘോഷങ്ങൾക്ക് മതപരമായ ഒരു ബന്ധം ഉണ്ടെന്ന് ചിന്തിക്കാറുണ്ട്. ഒരുപക്ഷെ മതത്തിന്റെ അടിസ്ഥാനത്തിൽ നിന്നു തന്നെയായിരിക്കും ഓണാഘോഷവും ഓണ ഉത്സവവും മലയാളികളുടെ മനസിൽ കടന്നുകയറിയത്. എന്നാൽ ഇന്ന് ദേശീയ തലത്തിൽ ഓണത്തിന് പ്രാധാന്യം വളരെ ലഭ്യമായി.

ധർമ്മവും നീതിയും സത്യവും ജനങ്ങളിൽ നിലനിൽക്കണമെന്ന് ആഗ്രഹിച്ചിരിക്കുന്ന പ്രജാവൽസനായ രാജാവിന്റെ എഴുന്നള്ളത്ത് എന്ന ഐതീഹ്യമാണ് ഓണത്തെക്കുറിച്ച് സ്മരിക്കുന്നത്. പ്രജാവത്സലനും ധർമ്മിഷ്ടനും സത്യസന്ധനുമായ ഒരു മഹാരാജാവിനെയാണ് ഓണത്തിന് ഓർക്കുന്നത്. ധർമ്മിഷ്ഠതയും സത്യസന്ധതയും മുഖാന്തിരമായി വളരെ കഷ്ട നഷ്ടങ്ങൾ രാജാവിന് അനുഭവിക്കേണ്ടിവന്നു. തന്മൂലം തന്റെ പ്രജകളെ വർഷത്തിൽ ഒരിക്കൽ സന്ദർശിക്കുന്ന പതിവ് ഉണ്ടായെന്ന് ഐതീഹ്യം സൂചിപ്പിക്കുന്നു.

മതപരമായ ബന്ധത്തിന് അതീതമായി ഒരു ദേശീയ ഉത്സവമായി ഓണത്തെ കാണുന്നവരാണ് മഹാഭൂരിപക്ഷം മലയാളികളും. ഓണാഘോഷത്തിന്റെ പൊരുൾ നമ്മുടെ എല്ലാവരുടെയും മനസ്സിൽ വരേണ്ടതാണ്. ധർമ്മവും നീതിയും സത്യവും ന്യായവും മനുഷ്യമനസുകളിൽ ധാരാളം ഉണ്ടാകണം. ഓണം എന്ന ദേശീയ ഉത്സവം ആഘോഷിക്കുമ്പോൾ ഭൗതികമായ ഒരു സന്തോഷത്തേക്കാൾ ധാർമ്മികമായ ഒരു ബലം ലഭിക്കുവാനുള്ള വിചാരം നമ്മുടെ മനസിൽ അടിസ്ഥാനപരമായി നിറഞ്ഞൊഴുകേണ്ടതുണ്ട്.

ഭൗതികതമായ ആഘോഷങ്ങളുടെ പ്രാധാന്യം വർദ്ധിക്കുമ്പോഴും ചില ധാർമ്മിക കാര്യങ്ങൾ നാം വിട്ടുപോകരുത്. പൊന്നോണം ഉത്സാഹത്തിന്റെയും ഉത്സവത്തിന്റെയും നാളായി കരുതുമ്പോൾ ഇതിൽ പങ്കുചേരുവാൻ കഴിയാതെ, സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ട് രോഗത്തിന്റെയും ദാരിദ്ര്യത്തിന്റെയും ഇടയിൽ കഴിയുന്ന ലക്ഷകണക്കിന് മനുഷ്യരുണ്ട്. അവരെ ഓണത്തിന്റെ ഈ സന്തോഷത്തിലേക്ക് കൊണ്ടുവരാനുള്ള ബാധ്യത നമുക്കുണ്ട്. പൊന്നോണത്തിന് വിഭവ സമൃദ്ധമായ ആഹാരവും പുതിയ വസ്ത്രങ്ങളും ഒക്കെ ധരിക്കുവാൻ നമുക്കിഷ്ടമാണ്. എന്നാൽ ഇത്തരം അവസരങ്ങളിൽ അതിനൊന്നും സാമ്പത്തികമായി കഴിവില്ലാത്ത ആയിരക്കണക്കിന് മനുഷ്യരെ നാം ഓർക്കണം. അവരെ കരുതണം. ഓണാഘോഷത്തിൽ പങ്കു ചേരുവാൻ കഴിയാതെ മനസ്സുവേദനിക്കുന്ന മനുഷ്യർക്ക് സാന്ത്വനം പകരുവാൻ ഏവർക്കും കഴിയണം.

ഓണം ദേശത്തിന്റെ ഉത്സവമാണ്. അത് മതത്തിന്റെയും ജാതിയുടെയും അതിർവരമ്പുകൾക്ക് അപ്പുറത്തുള്ള ഉത്സവമായി ഈ കാലഘട്ടത്തിൽ പ്രാധാന്യം നൽകുന്നുണ്ട്. ഈ ദേശീയ ഉത്സവം നമ്മുടെ മനസിനെ നന്മയുടെ പാതയിൽ പരിവർത്തനം ചെയ്യുവാൻ തക്കവണ്ണം പ്രയോജനപ്പെടുത്തണം. എല്ലാ മലയാളികൾക്കും പൊന്നോണത്തിന്റെ ആശംസകൾ നേരുന്നു.

ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

EDITORIAL

ഏകീകൃത സിവിൽകോഡ്

UNIFORM CIVIL CODE IN INDIA

ഏകീകൃത സിവിൽകോഡ്: അകവും പുറവും സഭകൾ സമഗ്രമായി അപഗ്രഥിക്കണം

'

രാജ്യത്താകമാനം പൗരന്മാർക്ക് ഒരു ഏകീകൃത സിവിൽ നിയമ സംഹിത (Uniform Civil Code) പ്രാപ്തമാക്കുവാൻ സ്റ്റേറ്റ് യത്നിക്കേണ്ടതാണ്.

(ഇന്ത്യൻ ഭരണഘടന 44-ാം ഖണ്ഡിക)

* * *

മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ ഭിന്നതകൾക്കതീതമായി ഇന്ത്യയിലെ എല്ലാ ജനങ്ങൾക്കുമിടയിൽ സൗഹാർദ്ദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കോട്ടം വരുത്തുന്ന ആചാരങ്ങളെ പരിത്യജിക്കുക.

(ഇന്ത്യൻ ഭരണഘടന 51-A(e))

* * *

ഏകീകൃത സിവിൽ കോഡ് ഒരു ഭരണഘടനാ പ്രശ്നം മാത്രമല്ല. നിയമ മണ്ഡലത്തിൽ അത് ഒതുങ്ങി നിൽക്കുന്നുമില്ല. അത് മതനിരപേക്ഷ ജനാധിപത്യത്തിന്റെ പ്രശ്നമാണ്. ഒരു സുപ്രധാന രാഷ്ട്രീയ പ്രശ്നമാണ്. മതപരവും സാമൂഹികവുമായ മാനദണ്ഡങ്ങളും ഇതിനുണ്ട്.

(പ്രൊഫ. നൈനാൻ കോശി)

ഇന്ത്യയിൽ ഏകീകൃത സിവിൽ കോഡ് യാഥാർത്ഥ്യമാക്കുന്നതിനുള്ള സംവാദം വീണ്ടും ശക്തിപ്പെടുകയാണ്. ഇത് നടപ്പാക്കുന്നിനെക്കുറിച്ച് സമഗ്ര റിപ്പോർട്ട് സമർപ്പിക്കുവാൻ കേന്ദ്ര നിയമ മന്ത്രാലയം നിയമ കമ്മീഷനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. നിയമ വിദഗ്ധർ ഉൾപ്പെടെയുള്ളവരുമായി സംവാദങ്ങൾ നടത്തി കമ്മീഷൻ ചെയർമാൻ ജസ്റ്റീസ് ബി.എസ്. ചൗഹാൻ കേന്ദ്ര നിയമ മന്ത്രാലയത്തിൽ അധികം താമസിക്കാതെ റിപ്പോർട്ട് സമർപ്പിക്കും.

2014-ലെ ലോകസഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.യുടെ പ്രകടന പത്രികയിൽ ലിംഗ നീതിക്കായി ഒരു ഏകീകൃത സിവിൽ കോഡ് രൂപീകരിക്കും എന്ന് വാഗ്ദാനം ചെയ്തിരുന്നു. വൻ ഭൂരിപക്ഷത്തിൽ അധികാരത്തിലെത്തിയ *ദേശീയ ജനാധിപത്യ സഖ്യം*, ഏകീകൃത സിവിൽ കോഡിന്റെ സാധ്യതകൾ പരിശോധിക്കുകയാണ്. ഇത് സംബന്ധിച്ച് അന്തിമ തീരുമാനങ്ങൾ എടുക്കുവാനുള്ള അവകാശം ഇന്ത്യൻ പാർലമെന്റിനാണ്. ഇന്ത്യയിലെ പ്രധാന മത-ജാതി വൈജാത്യങ്ങൾക്കനുസരിച്ച് ഓരോ വ്യക്തിക്കും പ്രത്യേകമായ രീതിയിലുള്ള വ്യക്തി നിയമം നീക്കി, എല്ലാ ഇന്ത്യാക്കാർക്കും ഒരേ രീതി ബാധകമാകുന്ന പൊതു വ്യക്തി നിയമ സംഹിത ഉണ്ടാക്കണം എന്ന വാദമാണ് *ഏകീകൃത സിവിൽ കോഡ്.*

ഇന്ത്യയിൽ ഏകീകൃത സിവിൽ കോഡ് നടപ്പാക്കണമെന്ന വാദമുഖം ഭരണഘടനയുടെ രൂപീകരണ കാലത്തു (1947-1950) ശക്തിപ്പെട്ടിരുന്നു. പിന്നീട് സുപ്രീം കോടതിയുടെ വിവിധ വിധി തീർപ്പുകളിൽ ഏകീകൃത സിവിൽ കോഡ് നടപ്പാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. അതിൽ പ്രധാനമായത് 1985-ലെ *ഷാബാനു ബീഗം* കേസാണ്. വിവാഹമോചനം നേടിയ മുസ്ലീം സ്ത്രീക്ക് സംരക്ഷണ ചെലവ് ലഭിക്കുവാനുള്ള അവകാശമുണ്ടെന്ന് സുപ്രീം കോടതി വിധിച്ചു. 1995-ലെ *സരള മുഡ്ഗൽ* കേസും, 2000-ലെ *ലില്ലി തോമസ്* കേസും 2003-ലെ *ജോൺ വള്ളമറ്റം* കേസും സുപ്രീം കോടതി വിധിപറയുന്നത് ഏകീകൃത സിവിൽ കോഡ് ഉണ്ടാക്കുവാൻ പാർലമെന്റ് മുന്നോട്ടുവരണം എന്ന താല്പര്യത്തോടെയാണ്. ബഹുമത സമൂഹ വൈവിധ്യങ്ങളിൽ ഏകീകൃത സിവിൽ നിയമം ഏകപക്ഷീയമായി നടപ്പിലാക്കിയാൽ വിവിധതര പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നും 1996-ലെ *പന ലാൽ ബൻസിലാൽ പാട്ടീൽ* കേസിൽ (AIR 1996 SC 1023) സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുമുണ്ട്. അതിനാൽ ക്രിയാത്മകവും ഫലപ്രദവുമായ ചർച്ചകളിൽ സാവധാനത്തിൽ രൂപപ്പെടേണ്ടതാണ് ഏകീകൃത സിവിൽ കോഡ്.

ഏകീകൃത സിവിൽ കോഡിനെക്കുറിച്ചുള്ള വിവരണം ഇന്ത്യൻ ഭരണഘടനയിൽ 44-ാം വകുപ്പിൽ നിർദ്ദേശക തത്ത്വങ്ങളിൽ (directive principles of state policy) ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ, കർക്കശമായി ഇത് നടപ്പിലാക്കണമെന്ന് വിധി പറയുവൻ സുപ്രിം കോടതിക്ക് സാധിക്കത്തില്ല. നിർദേശക തത്ത്വ



EDITORIAL

ങ്ങൾ നിയമസഭയ്ക്കും എക്സിക്യൂട്ടീവിനുമുള്ള നിർദ്ദേശങ്ങളാണ്. അത് ഉപയോഗിച്ച് തന്നിഷ്ടപ്രകാരം പ്രവർത്തിക്കുവാനുള്ള അധികാരം ഭരണഘടന വിഭാവനം ചെയ്യുന്നില്ല. നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മഹത്തായ ആദർശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനുള്ള നിർദ്ദേശങ്ങളാണ്.

1950 ജനുവരി 26-ലെ ഇന്ത്യൻ ഭരണഘടനയിൽ ഏകീകൃത സിവിൽ കോഡിനെക്കുറിച്ച് നിർദ്ദേശം ഉള്ളപ്പോൾ തന്നെ ഹിന്ദു സമൂഹത്തിന്റെ അഭ്യുന്നതിക്കായി ഹിന്ദു വിവാഹ നിയമം (1955), ഹിന്ദു പിന്തുടർച്ചാവകാശ നിയമം (1950), ഹിന്ദു ദത്തെടുക്കൽ പരിപാലന നിയമം (1956), ഹിന്ദു രക്ഷാകർതൃ നിയമം (1956) എന്നിവ ഉണ്ടാക്കിയത് ചരിത്രത്തിൽ വിസ്മരിക്കുവാൻ കഴിയില്ല. ഇന്ത്യയെ ഒന്നായി വീക്ഷിച്ചുള്ള സെക്കുലർ സ്വഭാവമുള്ള പ്രത്യേക വിവാഹ നിയമവും (1872), വിവാഹ മോചന നിയമവും (1869), രക്ഷാകർതൃ നിയമവും (1890), പിന്തുടർച്ചാവകാശ നിയമവും (1925) നിലനിൽക്കുമ്പോഴാണ് ഇത്തരം പ്രത്യേകം നിയമ നിർമ്മാണം നടന്നത്. ഭരണഘടനയിലെ മൗലിക കർത്തവ്യങ്ങൾ (Fundamental duties) ഉൾക്കൊള്ളുന്ന 51 A (e) യിൽ മതപരവും ഭാഷാപരവും പ്രാദേശികവുമായ വിഭാഗീയ ഭിന്നതകൾക്കതീതമായി ജനങ്ങൾ സൗഹാർദ്ദത്തിലും സാഹോദര്യത്തിലും അന്തസ്സോടെ ജീവിക്കണമെന്ന് വ്യക്തമാക്കുന്നുണ്ട്. പൗരന്റെ മൗലിക കർത്തവ്യങ്ങൾ നീതിപൂർവ്വം നിർവ്വഹിക്കപ്പെട്ടാൽ വ്യക്തി നിയമങ്ങളിൽ ആരോപിക്കപ്പെടുന്ന ലിംഗ അസമത്വ നിലപാടുകളും ജീർണ്ണതകളും പരിഹരിക്കപ്പെടും.

ഇന്ത്യയിലെ വ്യക്തി നിയമങ്ങൾ മതങ്ങൾ ഓരോന്നിന്റെയും ദർശനങ്ങൾക്കനുസരിച്ച് നിർമ്മിച്ചിരിക്കുന്നവയാണ്. പ്രത്യേകിച്ച് ജനനം, മരണം, വിവാഹം എന്നിവ ഉൾക്കൊള്ളുന്ന വ്യക്തി ജീവിതത്തിൽ അവരുടെ മത നിയമങ്ങൾക്ക് അനുരൂപകമായ നിയമങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നത്. വിവിധ മതങ്ങൾക്ക് വിവിധ തരം നിയമങ്ങളും ചട്ടങ്ങളും അനുഷ്ഠാനങ്ങളുമാണ്. ഇന്ത്യയിലെ വ്യത്യസ്ത വ്യക്തി നിയമങ്ങൾ പ്രകാരമാണ് വിവാഹം, പിന്തുടർച്ചാവകാശം, രക്ഷാകർതൃത്വം, ദത്തെടുക്കൽ, മരണപത്രം എന്നിവ സാധുവാകുന്നത്. ഹിന്ദു, ബുദ്ധ, ജൈന, സിഖ് വിഭാഗങ്ങളുടെ നാട്ടാചാര നിയമങ്ങൾ, ഹിന്ദു ഗോത്ര നിയമങ്ങൾ, ഹിന്ദു, ക്രിസ്ത്യൻ, പാഴ്സി, ജൂത, മുസ്ലീം വ്യക്തി നിയമങ്ങൾ എന്നിവ ഇന്ത്യയിലുണ്ട്. വ്യക്തികളുടെ സാമൂഹിക-മത ജീവിതം ഈ വ്യക്തി നിയമങ്ങളിൽ ഏതെങ്കിലും ഒന്നുമായി ചേർന്നാണ് നിലനിൽക്കുന്നത്. വൈവിധ്യവും വൈജാത്യവുമുള്ള മത-സാമൂഹിക ജീവിതവും വ്യക്തി നിയമവും പ്രബലമായ പശ്ചാത്തലത്തിൽ ഏകീകൃത സിവിൽ കോഡിൽ ഏതു നിയമമാണ് യാഥാർത്ഥ്യമാക്കുവാൻ പോകുന്നത് എന്ന് വ്യക്തമല്ല. മതത്തിന്റെ അടിസ്ഥാനത്തിലുള്ള വ്യക്തി നിയമങ്ങൾക്കു പകരം ഏകീകൃത വ്യക്തി നിയമം നടപ്പിലാക്കി എല്ലാ പൗരന്മാരേയും മതാതീതമായൊരു പൊതു നിയമത്തിൻ കീഴിൽ കൊണ്ടു വരികയാണ് ലക്ഷ്യം. വിവാഹം, വിവാഹമോചനം, ജീവനാംശം, മരണം, സ്വത്തവകാശം, രക്ഷാകർതൃത്വം എന്നിവയിൽ, ഏകീകൃത സിവിൽ കോഡിൽ, മത ജാതി വ്യത്യാസമില്ലാതെ പൊതുനിയമം നടപ്പാക്കും എന്നർത്ഥം. ഇത് സാമുദായിക ധ്രുവീകരണവും മതസൗഹാർദ്ദ തകർച്ചയും സൃഷ്ടിക്കുമെന്ന് നിരീക്ഷിക്കുന്നു.

വൈവിധ്യങ്ങൾ തകർത്ത് പൗരസമൂഹത്തെ ഏകീകൃത സിവിൽ കോഡിലേക്ക് നയിക്കപ്പെടുമ്പോൾ ഭൂരിപക്ഷ മതത്തിന്റെയും സംസ്ക്കാരത്തിന്റെയും ആധിപത്യമായി പരിണമിച്ചാൽ തർന്നടിയുന്നത് ന്യൂനപക്ഷ അവകാശ അധികാരങ്ങളും സംസ്ക്കാരവും തനിമയും ആയിരിക്കും. ഇന്ത്യയിൽ പൗരബോധവും രാജ്യസ്നേഹവും നിലനിൽക്കുന്നത് ഏകീകൃത സിവിൽ കോഡിന്റെ നിയന്ത്രണത്തിലല്ലല്ലോ.

ഏകീകൃത സിവിൽ കോഡിലെ രാഷ്ട്രീയ തന്ത്രം ന്യൂനപക്ഷ വിരുദ്ധതയും ഏകശിലാമുഖവുമാണ്. ഇത് *മതേതര ജനാധിപത്യ റിപ്പബ്ലിക്* എന്ന ആപ്തവാക്യത്തെ ശിഥിലീകരിക്കും. ഏതു മതത്തിൽ വിശ്വസിക്കുവാനും അതു പ്രചരിപ്പിക്കുവാനും ഭരണഘടന ഉറപ്പു നൽകുന്നു. ഇതിന്റെ അടിസ്ഥാനത്തിലും പരമ്പരാഗതമായും രൂപപ്പെട്ടവയാണ് മതനിയമങ്ങളും വിശ്വാസ ആചാര അനുഷ്ഠാനങ്ങളും. ഈ പശ്ചാത്തലത്തിലാണ് ഇന്ത്യയിലെ വ്യക്തി നിയമങ്ങൾ പ്രാധാന്യം അർഹിക്കുന്നതും ഏകീകൃത സിവിൽ കോഡിന്റെ അകവും പുറവും വിമർശനപൂർവ്വം നിരീക്ഷിക്കുന്നതും. അതിനാൽ അതിസൂക്ഷ്മ വൈവിധ്യത സൃഷ്ടിച്ചിട്ടുള്ള ഇന്ത്യൻ സമൂഹത്തെ ഏകീകൃത സിവിൽ കോഡിൽ ചേർത്തു കെട്ടുവാൻ ശ്രമിക്കുന്നതിന്റെ രാഷ്ട്രീയം ഏവരും തിരിച്ചറിയണം. മതങ്ങളുടെയും വിശ്വാസങ്ങളുടെയും സ്വാതന്ത്ര്യത്തെ ഹനിക്കാതെ ഇത് യാഥാർത്ഥ്യമാവില്ല. മത-വ്യക്തി നിയമങ്ങളിലെ ഉത്തമ അംശങ്ങൾ ക്രോഡീകരിച്ച് ഭാരതത്തെ ഏകോപിപ്പിക്കുന്ന സിവിൽ കോഡിലെ കാണാപ്പുറങ്ങൾ എന്തെല്ലാമായിരിക്കും.

> “ലിംഗ നീതി ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെയുള്ള ഏകീകൃത സിവിൽ കോഡിലെ കാണാക്കാഴ്ചകൾ അനവധിയാണ്. എന്നാൽ ഇതിനേക്കാൾ അഭികാമ്യം വ്യക്തി നിയമ പരിഷ്ക്കരണങ്ങളാണ്. നിയമ നിർമ്മാണത്തിൽ നീതിയും സത്യവും ധർമ്മവും ഉൾക്കൊള്ളുന്ന സാമൂഹിക നവോത്ഥാനമാണ് ശക്തിപ്പെടേണ്ടത്. ബഹുസ്വരതയും മതേതരത്വവും ഇന്ത്യൻ ജനാധിപത്യത്തിന്റെ മഹത്തായ സൗന്ദര്യമാണ്.”

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
ചീഫ് എഡിറ്റർ
karingattilachan@gmail.com

ആത്മീയതയുടെ പാഠപുസ്തകം

■ ഡോ. സിറിയക് തോമസ്
(മുൻ വൈസ് ചാൻസിലർ, മഹാത്മാഗാന്ധി സർവ്വകലാശാല)

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുമായി ഒരാത്മ ബന്ധമുണ്ടാകുന്നത് തിരുമേനി പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായായിരിക്കേ നിയുക്ത കാതോലിക്കായായി ദേവലോകം അരമനയിൽ വന്നു ചേർന്നതിനുശേഷമാണ്. മാത്യൂസ് ദ്വിതീയൻ ബാവായും ദിദിമോസ് ബാവായും എന്റെ ജീവിതത്തിലെ സ്വാധീന ഘടകങ്ങളായതും അവർ നിയുക്ത ബാവാമാരായി ദേവലോകത്തു വന്നശേഷം തന്നെ.

ആദ്യ കൂടിക്കാഴ്ചയിൽത്തന്നെ മിലിത്തിയോസ് തിരുമേനിയുടെ രൂപവും പെരുമാറ്റവും മനസ്സിൽ പതിഞ്ഞു. ഔപചാരികതകളൊന്നുമില്ലാതെയുള്ള നിയുക്ത ബാവായുടെ ഇടപെടൽ ആരിലായാലും ആദരവുണർത്തും. ആകൃതി കൊണ്ടും പ്രകൃതി കൊണ്ടും പൗലോസ് ദ്വിതീയൻ ബാവായ്ക്കു കൂടുതൽ സാദൃശ്യം മാത്യൂസ് ദ്വിതീയൻ ബാവായോടാണ്. അതേ മുഖശോഭ. പ്രസാദാത്മകത-പിന്നെ ആഴമായ ആത്മീയതയും. താനിടപെടുന്നവരെയും തന്നോട് ഇടപെടുന്നവരെയും സ്നേഹ വാത്സല്യങ്ങളോടെ ഹൃദയത്തോട് ചേർത്തു പിടിക്കുവാനുള്ള അസാമാന്യ സിദ്ധിയായിരുന്നു മാത്യൂസ് ദ്വിതീയൻ ബാവയുടെ വിജയ രഹസ്യം. മിലിത്തിയോസ് തിരുമേനിക്കും അദ്ദേഹം അച്ചനായിരുന്ന കാലം മുതൽ ഇടപെടുന്നവരുടെയൊക്കെ മനസ്സിൽ ഇടം പിടിക്കുവാനുള്ള ഭാഗ്യം കിട്ടി. ഒരിക്കലിടപെട്ടവർക്ക് പിന്നീടൊരിക്കലും തിരുമേനിയെ മറക്കാനാവുമായിരുന്നില്ല. അതാണ് ബാവാ തിരുമേനിയുടെ ഭാരവും ഭാഗ്യവും.

പരിശുദ്ധ മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായുടെ ബാല്യ കാല യാതനകളോ, കടന്നു പോയ കാലത്തെ കണ്ണുനീരിന്റെ ഉപ്പോ, കഷ്ടപ്പാടിന്റെ കാഠിന്യമോ തിരുമേനിയുടെ മനസ്സിന്റെ മാർദ്ദവത്തിനു മാറ്റമൊന്നും വരുത്തിയില്ല. ഭക്തി, തിരുമേനിക്കു സഹജമായിരുന്നു. വിശ്വാസ ദാർഢ്യം പാരമ്പര്യ ഗുണവും. കുന്നംകുളത്തെ ആദിപാദവും വൈദിക ശുശ്രൂഷയിലെ രണ്ടാം പാദവും ബാവയുടെ മനസ്സിന്റെ ഉറവ വറ്റാത്ത കാരുണ്യത്തിനു പ്രകടമായ തെളിവായി. സ്വന്തം സാമ്പത്തിക ഞെരുക്കങ്ങൾക്കിടയിലും സഹജീവികൾക്കു നേരെ നീട്ടിയ, കരുണയുടെ കൈത്താങ്ങ് ആരേയും അത്ഭുതപ്പെടുത്തും.

ഇല്ലായ്മകൾക്കിടയിൽ നിന്നുകൊണ്ടാണ് എല്ലായ്പ്പോഴും തിരുമേനി സഹോദരങ്ങൾക്കു കാവലാളായത്. "Am I the keeper of my brother?" എന്നു ധാർഷ്ഠ്യത്തോടെ ദൈവം തമ്പുരാനോടു തിരിച്ചു ചോദിച്ച കായേനു സ്വന്തം ജീവിതത്തിന്റെ സത്തയിലൂടെയാണ് തിരുമേനി മറുസാക്ഷ്യം മെനഞ്ഞത്. അതിനുള്ള പ്രതിസമ്മാനം ദൈവം തിരുമേനിക്കു നൽകിയതു കാതോലിക്കാബാവ എന്ന മഹാ പൗരോഹിത്യ പദവിയിലൂടെയാണ്. മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ ബാവാമാരുടെ ഗണത്തിൽ പൗലോസ് ദ്വിതീയൻ ബാവായുമുണ്ട്.



കാലത്തിന്റെ കണ്ണിലുണ്ണിയായി കരുതപ്പെടുന്ന ഫ്രാൻസിസ് മാർപാപ്പായും ബാവാതിരുമേനിയുടെ ആത്മീയതയുടെ ആഴവും ഭക്തിയും ഭംഗിയും ലാളിത്യത്തിന്റെ ലയവും തിരിച്ചറിഞ്ഞതു കൊണ്ടാവണമല്ലോ, വത്തിക്കാനിൽ സന്ദർശനത്തിനെത്തിയ ബാവായോട്

സഭയുടെ താല്പര്യങ്ങൾക്കപ്പുറം തിരുമേനിക്കു വേറെ താല്പര്യങ്ങളില്ല. അതാണ് പൗലോസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ സമദൂരവും ശരിദൂരവും! എന്നാൽ തിരുമേനിയുടെ ശരിയായ ശരിദൂരം എന്നും എപ്പോഴും ആത്മീയതതന്നെ. ബലം പ്രാർത്ഥനയാണ്. മൗനമാണ് ആരാധന. അതുതന്നെ സമർപ്പണവും.

തിരിച്ചുപോകുന്നതിന്റെ തലേന്ന് ഔപചാരികമായ അത്താഴ വിരുന്നിനുശേഷം യാത്രാവന്ദനം പറഞ്ഞു മടങ്ങിയിട്ടും പിറ്റേന്നു രാവിലെ അഞ്ചര മണിക്കു ബാവ വിമാനത്താവളത്തിലേക്കു പുറപ്പെടുവാൻ നിശ്ചയിച്ച സമയമായപ്പോൾ കാലാവസ്ഥയുടെ കഠിനമായ തണുപ്പിലും പോർട്ടിക്കോവിന്റെ നടയിൽ വന്നു തിരുമേനിയെ യാത്രയാക്കിയത്. വത്തിക്കാനിലെ പ്രോട്ടോക്കോൾ കീഴ്‌വഴക്കങ്ങൾ മാറ്റിവച്ചുകൊണ്ടാണ് മാർപാപ്പാ പൗലോസ് ദ്വിതീയൻ ബാവായോടുള്ള തന്റെ ആദരവു പ്രകടമാക്കിയത്. അധികാര തിമിരത്തിൽ കാഴ്ച മങ്ങി, പലപ്പോഴും ബാവാ തിരുമേനിയുടെ മഹത്വത്തിന്റെ മാറ്ററിയാതെ പോയ നാട്ടിലെ ഭരണ പ്രഭുക്കൾക്കു ഒരു പക്ഷേ അറിയാതെയാണെങ്കിൽക്കൂടി മാർപാപ്പാ നൽകിയ മറുപടിയുമാവാം

ആദ്യ കൂടിക്കാഴ്ച്ചയിൽ തന്നെ ബാവാ തിരുമേനിയുടെ ആത്മീയ ഔന്നത്യം ഫ്രാൻസിസ് മാർപാപ്പാ തിരിച്ചറിഞ്ഞുവെന്നതാണു സത്യം. എന്നാൽ ലോകത്തെ ഏറ്റവും വലിയ ആത്മീയ നേതാവ് റോമൻ കീഴ്‌വഴക്കങ്ങളെ മറി കടന്നു തന്നെ മാനിക്കുവാൻ മനസ്സുവെച്ചപ്പോഴും ബാവായുടെ ലാളിത്യത്തിന്റെ പതിവു ശൈലികൾക്കൊന്നും യാതൊരു മാറ്റവുമുണ്ടായില്ല എന്നിടത്താണ് നാം തിരുമേനിയുടെ ആത്മീയതയുടെ അളക്കാനാവാത്ത ആഴം തിരിച്ചറിയുന്നത്.

സഭാപരമായ കാര്യങ്ങളിൽ പൗലോസ് ദ്വിതീയൻ ബാവായ്ക്ക് ഉറച്ച നിലപാടുകളാണുള്ളത്. സഭാ തർക്കങ്ങൾക്ക് നിയമാനുസൃതവും പ്രായോഗികവുമായ മാർഗ്ഗങ്ങളിലൂടെയുള്ള പരിഹാരങ്ങളാണുണ്ടാകേണ്ടതെന്നു തിരുമേനി വിശ്വസിക്കുന്നു. വടക്കൻ കേരളത്തിലെ പള്ളിത്തർക്കങ്ങളിൽ മിക്കതും സൗമ്യമായും സമാധാനപരമായും പരിഹരിക്കപ്പെട്ടതിൽ ദിദിമോസ് ബാവായ്ക്കും പൗലോസ് ദ്വിതീയൻ ബാവായ്ക്കുമുള്ള പങ്കും അവർ സ്വീകരിച്ച നിലപാടുകളും ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യരുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട അനുരഞ്ജന സമിതിയിലെ അംഗമെന്ന നിലയിൽ എനിക്കും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

സഭാതർക്കങ്ങളിൽ രമ്യ പരിഹാരത്തിനുള്ള ഒരു സാധ്യതയുടെ നേർക്കും തിരുമേനി ഒരിക്കലും മുഖം തിരിച്ചിട്ടില്ല, സ്വന്തസഭയുടെ നിലപാടുകളിൽ വെള്ളം ചേർത്തിട്ടുമില്ല. എന്നാൽ താൻ നയിക്കുന്ന സഭയുടെ നിയമാനുസൃതമായ അവകാശങ്ങൾ നിഷേധിക്കുവാൻ സർക്കാരും അധികാര കേന്ദ്രങ്ങളും ശ്രമിക്കുന്നുവെന്നു തോന്നിയാൽ മുന്നണികളുടെ മുഖം നോക്കാതെ, അധികാര ദുർവ്വിനിയോഗം നടത്തുന്നതാരായാലും അവർക്കെതിരെ ശക്തമായി പ്രതികരിക്കുവാനും ബാവാ മടിച്ചിട്ടുമില്ല. അത്തരം സന്ദർഭങ്ങളിൽ രാഷ്ട്രീയം നോക്കാതെ തന്നെ വേണ്ടി വന്നപ്പോഴൊക്കെ തന്റെ അതൃപ്തിയും നീരസവും പരസ്യമാക്കുവാനും ബാവാ തയ്യാറായി. അതിന്റെ പേരിൽ തന്റെ നേർക്കുണ്ടായ ചിലരുടെ അവഗണനയിലോ വിമർശനങ്ങളിലോ പരിഭവിക്കുകയോ എതിർപ്പുകൾക്കു മുൻപിൽ പകയ്ക്കുകയോ പതറുകയോ ഉണ്ടായതുമില്ല.

ഈ പശ്ചാത്തല യാഥാർത്ഥ്യങ്ങളൊക്കെ നിലനിൽക്കുമ്പോഴും പൗലോസ് ദ്വിതീയൻ ബാവായെക്കുറിച്ചുള്ള അടിസ്ഥാന സത്യം തിരുമേനി ആത്മീയതയുടെ ഒരു പാഠപുസ്തകമാണെന്നതാണ്. സ്വന്ത സഭയിലും ഇതര സഭകൾക്കും ബാവാ തിരുമേനി സ്വീകാര്യനും ആദരണീയനുമാകുന്നതിന്റെ കാരണങ്ങളും ഇത് തന്നെ. അന്ത്യോഖ്യൻ പാത്രി



SILENCE

ഏകാന്തതയും ധ്യാനവും ഇഷ്ടപ്പെടുന്ന പിതാവാണ് പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ. സപ്തതി നിറവിലും പതിവായി ധ്യാനത്തിനായി വാകത്താനം ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ എത്തുന്നു. എത്ര തിരക്കുകൾക്കിടയിലും മൗനത്തിന്റെ സൗന്ദര്യം അനുഭവിച്ചറിയുന്നു.

ഏകാന്ത ധ്യാനത്തെക്കുറിച്ച് പ. കാതോലിക്കാ ബാവ പറയുന്നു: മാസത്തിൽ ഒരിക്കൽ 36 മണിക്കൂർ Silence ഞാൻ ആചരിക്കുന്നുണ്ട്. കാതോലിക്കാ സ്ഥാനത്ത് എത്തിയതു മുതൽ പതിവായി ഇതു തുടരുന്നു. ഈ സ്ഥാനം നമ്മുടെ ബുദ്ധിശക്തി കൊണ്ടോ പ്രാപ്തി കൊണ്ടോ നില നിർത്തുവാൻ കഴിയുമെന്ന ബോധ്യം എനിക്കില്ല. ദൈവത്തിൽ ആശ്രയിക്കുകയല്ലാതെ മറ്റ് വഴിയുമില്ല. അതിനാൽ എല്ലാ മാസവും 36 മണിക്കൂർ Silence നായി മാറ്റി വയ്ക്കും. ഞാൻ മെഡിറ്റേഷൻ എന്നോ മൗനം എന്നോ പറയാറില്ല. Silence എന്നേ പറയാറുള്ളു. അത് ഞാലിയാകുഴി ദയറായിൽ പോയി, താമസിച്ചാണ് നടത്തുന്നത്.

ധ്യാനം നൽകുന്ന അനുഭവം എന്താണ്?

എല്ലാ മാസവും മുപ്പത്തിയാറ് മണിക്കൂർ Silence ശീലിക്കാറുണ്ട്. ഫോണുകളും, ഇതര സംസാരങ്ങളും എല്ലാം ഒഴിവാക്കിയാണത്. തിരക്കുകൾക്കിടയിൽ ഒരു ഭാരം ഇറക്കിവയ്ക്കൽ പോലെയാണ്. മടങ്ങിപ്പോകുമ്പോൾ ഒരു ഊർജ്ജം ലഭിക്കുന്നു. ശരീരികമായും മാനസികമായും ഒരു ഉന്മേഷം ലഭിക്കുന്നുണ്ട്. അതുകൊണ്ട് ഞാനത് തുടരുന്നു. എന്റെ പ്രത്യേക പ്രാർത്ഥനകൾ കൂടുതലായി നടത്തുകയും അവ മനസ്സിന് സന്തോഷവും സമാധാനവും ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ ആത്മധൈര്യവും തരുന്നു. മറ്റൊന്നും ചിന്തിക്കുന്നില്ല. ഇവിടെ ഇരിക്കുക, വല്ലതും വായിക്കുക, ചിലപ്പോൾ എഴുതുക. പ്രാർത്ഥിക്കുക, അത്രമാത്രം.

-JTK

70-ാം പിറന്നാൾ

30-08-2016



സപ്തതി നിറവിൽ

ജനനം - 1946 ആഗസ്റ്റ് 30.

ബാല്യകാല നാമം -കെ.ഐ പോൾ.

മാതാപിതാക്കൾ - കെ.ഐ. ഐപ്പ് , കുഞ്ഞീറ്റി.

വിദ്യാഭ്യാസം -തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ നിന്ന് ബിരുദവും കോട്ടയം സി.എം.എസ് കോളേജിൽ നിന്ന് സോഷ്യോളജി യിൽ എം.എ.യും കരസ്ഥമാക്കി. വൈദിക പഠനം കോട്ടയം പഴയ സെമിനാരിയിൽ... ബി.ഡി. ബിരുദം നേടി.

ശെമ്മാശപട്ടം - 1972 ഏപ്രിൽ 08 : പരുമല സെമിനാരിയിൽ വച്ച് ശെമ്മാശ്ശനായി.

പൂർണ്ണ ശെമ്മാശപട്ടം - 1973 മെയ് 31 : സീയോൻ സെമിനാരി, കൊരട്ടി.

വൈദികൻ -1973 ജൂൺ 02 : പരുമലയിൽ വെച്ച് യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കശ്ശീശാ പട്ടം.

വികാരി - സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് എറണാകുളം, മൂലെപ്പാട്ട് ഓർത്തഡോക്സ് ചർച്ച്, സെന്റ് മേരീസ് മഗ്ദലന കോൺവെന്റ് അടുപ്പൂട്ടി, മെഡിക്കൽ കോളേജ് ചാപ്പൽ,കോട്ടയം.

മെത്രാൻ തിരഞ്ഞെടുപ്പ് - 1982 ഡിസംബർ 28: തിരുവല്ല എം.ജി.എം അസോസിയേഷനിൽ വെച്ച് മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടു.

റമ്പാൻ - 1983 മെയ് 14: മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ പരുമല സെമിനാരിയിൽ വെച്ച് റമ്പാനായി വാഴിച്ചു.

1984 ഏപ്രിൽ 14 -കുന്നംകുളം ഭദ്രാസനം രൂപീകൃതമായി.

എപ്പിസ്കോപ്പാ-1985 മെയ് 15 : പൗലോസ് മാർ മിലിത്തിയോസ് എന്ന പേരിൽ മാവേലിക്കര പുതിയകാവ് പള്ളിയിൽ വെച്ച് എപ്പിസ്കോപ്പായായി വാഴിച്ചു.

1985 ആഗസ്റ്റ് 01 - കുന്നംകുളം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയായി ചുമതലയേറ്റു.

1990 മെയ് 15 - കുന്നംകുളം ഭദ്രാസന അരമന കൂദാശ, പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവ നിർവ്വഹിച്ചു.

1991 ഫെബ്രുവരി 02 - കുന്നംകുളം അരമന ചാപ്പൽ കൂദാശ ചെയ്തു.

1995 ജനുവരി 01 - കുന്നംകുളം ഭദ്രാസനത്തിന്റെ 10-ാം വാർഷികം ആർത്താറ്റ് അരമനയിൽ വച്ച് ആഘോഷിച്ചു.

പ്രസിഡന്റ് -സൺഡേസ്കൂൾ, യുവജനപ്രസ്ഥാനം, എം.ബി.സി.എച്ച്. മഞ്ഞപ്ര & വടവുകോട് , പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ് ഭവൻ, കോട്ടപ്പടി.

വൈസ് പ്രസിഡന്റ് - എം.ജി.ഒ.സി.എസ്.എം, എം.എം.എം ഹോസ്പ്പിറ്റൽ കുന്നംകുളം.

മാനേജർ-പഴഞ്ഞി എം.ഡി കോളേജ്.

നിയുക്ത കാതോലിക്ക- 2006 ഒക്ടോബർ 12: പരുമല

യർക്കീസിനു നേർക്ക് അടുത്ത കാലത്തു ബോംബാക്രമണമുണ്ടായ പ്പോൾ ഇവിടുത്തെ സഭാതർക്കങ്ങ ളൊക്കെ മറന്നും, മാറ്റിവച്ചും പാത്രി യർക്കീസ് ബാവായെ നേരിട്ടു വിളിച്ചു കാര്യങ്ങളന്വേഷിക്കുവാനും നിന്ദ്യമായ വധശ്രമത്തിനെതിരെ ശക്തമായി ശബ്ദമുയർത്തുവാനും പൗലോസ് ബാവ ആർജ്ജവം കാട്ടി.

'ഭക്തി' ബാവാ തിരുമേനിക്ക് ഒരി ക്കലും ഒരാഭരണമല്ല. മറിച്ചു തന്റെ പൂർവ്വീകരുടെ വിശ്വാസത്തിന്റെ തുടർച്ചയും തന്റെ സന്യാസവ്രത ത്തിന്റെ ആത്മസത്തയുമാണ്. മാസത്തി ലൊരിക്കലെങ്കിലും ഞാലിയാകുഴി ദയ റായിൽ മൗനത്തിനും ധ്യാനത്തിനും എത്ര തിരക്കുകൾക്കിടയിലും ബാവാ സമയം കണ്ടെത്തും. ആ വഴിയിലും പൗലോസ് ബാവ എല്ലാ അത്മീ യർക്കും മാതൃകയും മാർഗ്ഗദർശിയുമാ ണ്. ബാവാ തിരുമേനി സ്ഥാനികമായി അണിയുന്ന സ്വർണ്ണപ്പതക്കങ്ങളേക്കാൾ തിളക്കമുള്ളതു തിരുമേനിയുടെ സ്വഭാവ നൈർമ്മല്യത്തിനാണ്. ആരെയും നിരായുധരാക്കുന്നതാണ് ബാവായുടെ ചിരി. മുഖം ഹൃദയ ത്തിന്റെ കണ്ണാടിയാണെന്ന ചൊല്ലും പ്രമാണവും ബാവായുടെ കാര്യത്തിൽ നൂറിനു ഇരുന്നൂറു ശതമാനവും ശരി യാണെന്നു പറയുന്നതാവും ശരി. ആത്മീയ പ്രസന്നതയിലും മുഖശോഭ യിലും ബാവായ്ക്കു മുന്നിൽ നിൽ ക്കാൻ ആരുമില്ല.

പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവായ്ക്കു നയതന്ത്രങ്ങളും വശമി ല്ല. വാക്കുകൾ വേദപുസ്തകം പറയും പോലെ *അതേ* എന്നോ *അല്ല* എന്നോ മാത്രമാണ്. മനസ്സിലൊന്നു വച്ചു പുറമേയ്ക്കു മറ്റൊന്നു പറ

സെമിനാരിയിൽ വെച്ച് നിയുക്ത കാതോലിക്കയായി തിരഞ്ഞെടുത്തു.

രജതജൂബിലി ആരംഭം-2010 മെയ് 16: കുന്നകുളം ഭദ്രാസനത്തിന്റെയും തിരുമേനിയുടെ മേൽപ്പട്ട സ്ഥാനാരോഹണത്തിന്റെ രജത ജൂബിലി ആരംഭം.

കാതോലിക്കാ സ്ഥാനരോഹണം

2010 നവംബർ 01: പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവ എന്ന പേരിൽ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി പരുമലയിൽ വച്ച് വാഴിച്ചു.

രജതജൂബിലി സമാപനം

2010 ഡിസംബർ 11: കുന്നംകുളം ഭദ്രാസനത്തിന്റെയും പരിശുദ്ധ ബാവ തിരുമേനിയുടെയും മേൽപ്പട്ട സ്ഥാനാരോഹണത്തിന്റെ രജത ജൂബിലി സമാപനം.

2012 നവംബർ 18: കെയ്റോയിൽ വച്ച് കോപ്റ്റിക്ക് ഓർത്തഡോക്സ് സഭയുടെ തലവൻ പരിശുദ്ധ തവദ്രോസ് രണ്ടാമന്റെ സ്ഥാനാരോഹണ ശുശ്രൂഷയിൽ പ്രത്യേക ക്ഷണിതാവായി സഹകാർമ്മികത്വം വഹിച്ചു.

2013 ഫെബ്രുവരി 28: എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ തലവൻ പരിശുദ്ധ ആബൂനാ മത്ഥ്യാസ് പാത്രിയർക്കീസിന്റെ സ്ഥാനാരോഹണത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു.

2013 സെപ്റ്റംബർ 05 : വത്തിക്കാനിൽ വച്ച് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായുമായി കൂടിക്കാഴ്ച നടത്തി.

2013 സെപ്റ്റംബർ 09 - ആംഗ്ലിക്കൻ സഭ ആസ്ഥാനമായ ലാംബത്ത് പാലസിൽ നടന്ന എക്യൂമെനിക്കൽ സമ്മേളനത്തിൽ മുഖ്യാഥിതിയായി പങ്കെടുത്തു.

2013 ഒക്ടോബർ 03 - വിയന്നായിൽ പ്രോ ഓറിയന്റെയുടെ എക്യുമെനിക്കൽ സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു.

2015 ഏപ്രിൽ 24 - അർമേനിയായിൽ 1915-ൽ നടന്ന വംശവിച്ഛേദനത്തിന്റെ നൂറാം വാർഷികത്തിലും അനുസ്മരണ ശുശ്രൂഷയിലും മുഖ്യാതിഥി.

2015 ഏപ്രിൽ 25 - അന്ത്യോക്യൻ സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവായുമായി കൂടിക്കാഴ്ച നടത്തി.

2015 മെയ് 15 -പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതിയൻ കാതോലിക്കാ ബാവായുടെ മെത്രാൻ സ്ഥാനാഭിഷേകത്തിന്റെ മുപ്പതാം വാർഷികം.

2015 ജൂലൈ 20 അർമേനിയൻ രക്തസാക്ഷികളുടെ സ്മരണാർത്ഥം ബെയ്റൂട്ടിൽ നടന്ന അനുസ്മരണ ശുശ്രൂഷയിൽ മുഖ്യാതിഥി.

പ്രധാന പുസ്തകങ്ങൾ

1. വചനം വിടരുന്നു.
2. വിനയ സ്മിതം,
3. നിഷ്കളങ്കതയുടെ സൗന്ദര്യം
4. അനുഭവങ്ങൾ ധ്യാനങ്ങൾ
5. ജീവിതക്കാഴ്ചകൾ.

■

മലങ്കരസഭാ മാസിക

- മലങ്കരസഭാ മാസികയിലേക്ക് വരിസംഖ്യ, പരസ്യം ഇനത്തിൽ ബാങ്കിൽ പണം നിക്ഷേപിക്കുന്നവർ 0481-2573234 എന്ന നമ്പരിൽ വിളിച്ചറിയിക്കണം.

[Bank -S.B.T Devalokam,
Account Name & Number
- MALANKARA SABHA
(57017053203)
IFSC Code - SBT R 0000820]

- എല്ലാ മാസവും 10-ന് മലങ്കരസഭാ മാസിക കോട്ടയത്തു നിന്നും പോസ്റ്റു ചെയ്യുന്നു.
- ഏതെങ്കിലും കാരണവശാൽ മാസിക ലഭിക്കാതെ വരുന്നവർ അതതു പോസ്റ്റാഫീസുമായി ബന്ധപ്പെടണം.
- മലങ്കരസഭാ മാസിക സംബന്ധമായ പരാതികൾ രാവിലെ 10 മുതൽ 4 വരെ 0481-2573234 എന്ന നമ്പറിൽ അറിയിക്കാവുന്നതാണ്.
- ലേഖനങ്ങൾ പേജ്മേക്കറിൽ (pmd) ML-TT Revathy Font ൽ അയച്ചു തരണം. A4 മൂന്നു പേജിൽ കവിയരുത്.
- പരസ്യപേജ് ലേ-ഔട്ട് ചെയ്ത് PDF-ൽ അതതുമാസം 25-നു മുമ്പ് നൽകണം.
- സൺഡേസ്കൂൾ കേന്ദ്രതല സമ്മാനാർഹരുടെ ഫോട്ടോയോടൊപ്പം വികാരിയുടെ കത്ത് നിർബന്ധമായും ഉണ്ടായിരിക്കണം.

Malankara Sabha Masika
Catholicate Aramana
Devalokam, Kottayam-686004

malankarasabha1946@gmail.com
sabhamasika@yahoo.com

യുന്ന രീതിയും ശൈലിയും ബാവാ തിരുമേനിക്ക് അന്യമാണ്. ആരോടും നേരേ കാര്യം പറയുന്ന സ്വഭാവം. കാപട്യങ്ങളില്ല.

ഒരേ സമയം പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും മുഖ്യമന്ത്രി പിണറായി വിജയനും ബാവാ തിരുമേനി ആദരണീയനാകുന്നതിന്റെ രഹസ്യവും മറ്റൊന്നല്ല. സഭയുടെ താല്പര്യങ്ങൾക്കപ്പുറം തിരുമേനിക്കു വേറെ താല്പര്യങ്ങളുമില്ല. അതാണ് പൗലോസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ സമദൂരവും ശരിദൂരവും! എന്നാൽ തിരുമേനിയുടെ ശരിയായ ശരിദൂരം എന്നും എപ്പോഴും ആത്മീയത തന്നെ. ബലം പ്രാർത്ഥനയാണ്. മൗനമാണ് ആരാധന. അതു തന്നെ സമർപ്പണവും. യഥാർത്ഥ ഭക്തൻ ഭഗവാനെ നിസ്സഹായനാക്കുന്നുവെന്നാണ്. ഇവിടെ ഭക്തിയുടെ അളവില്ലാത്ത ആഴംകൊണ്ട്, സർവ്വ ഭക്തന്മാരെയും നിഷ്പ്രഭനാക്കുന്ന ഒരാത്മീയാചാര്യനെയാണ് നാം കണ്ടുമുട്ടുന്നത്.

സപ്തതിയിലേക്കെത്തുമ്പോഴും തിരുമേനി ചെറുപ്പം തന്നെ. ആത്മീയതയുടെ പുതുമ പോകാത്ത പാറപുസ്തകമായി വിശ്വാസിക്കും അവിശ്വാസിക്കും മുൻപിൽ താരതമ്യമില്ലാത്ത ഹിമാലയം പോലെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ എഴുപതിന്റെ യൗവ്വനം പൂത്തു നിൽക്കുമ്പോൾ ദൈവമുൻപാകെ നന്ദി ചൊല്ലിക്കൊണ്ടു നമുക്ക് ഒന്നുകൂടി പറയാം ഓക്സിയോസ് എന്ന് - ഇവൻ ഇതിനു യോഗ്യനായവൻ.

പരിശുദ്ധ ബാവാ തിരുമേനിക്ക് പ്രാർത്ഥനാപൂർവ്വമായ സപ്തതി മംഗളങ്ങൾ. ■

best *wishes*



ഓഗസ്റ്റ് 30–ന് 70–ാം ജന്മദിനം ആഘോഷിക്കുന്ന
മലങ്കരയുടെ വലിയ പിതാവ്
പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ
കാതോലിക്കാ ബാവാ തിരുമേനിക്ക്
ഹൃദയം നിറഞ്ഞ ജന്മദിനാശംസകൾ

ഷാജി എബ്രഹാം, കുവൈറ്റ്
(സഭാ മാനേജിംഗ് കമ്മറ്റിയംഗം)

ബൈസന്റയിൻ ഓർത്തഡോക്സ് സുന്നഹദോസ്

സുന്നഹദോസിൽ സംബന്ധിച്ച സഭാതലവന്മാർ (ഇടത്തു നിന്ന്) : മെത്രാപ്പോലീത്തൻ സാവാ (പോളണ്ട്), ആർച്ച്ബിഷപ്പ് ക്രിസോസ്റ്റമോസ് II (സൈപ്രസ്), പാത്രിയർക്കീസ് ഐറിനേയ് (സെർബിയ), പോപ്പ് തിയഡോറോസ് II (അലക്സന്ത്രിയാ), എക്യുമെനിക്കൽ പാത്രിയർക്കീസ് ബർത്തലോമിയോ I (കോൺസ്റ്റാന്റീനോപ്പിൾ), പാത്രിയർക്കീസ് തെയോഫിലോസ് III (ജറുസലേം), പാത്രിയർക്കീസ് ഡാനിയേൽ (റുമേനിയ), ആർച്ച്ബിഷപ്പ് ഐറോനിമോസ് II (ഗ്രീസ്), ആർച്ച്ബിഷപ്പ് അനസ്റ്റാസിയോസ് (അൽബേനിയ), മെത്രാപ്പോലീത്തൻ റാസ്റ്റിസ്ലാവ് (ചെക്ക്-സ്ലോവാക്യാ). *സുന്നഹദോസിൽ സംബന്ധിക്കാതിരുന്ന സഭാതലവന്മാർ : പാത്രിയർക്കീസ് ജോൺ X (അന്ത്യോഖ്യാ), പാത്രിയർക്കീസ് കിറിൽ (റഷ്യ), പാത്രിയർക്കീസ് നിയോഫൈറ്റ് (ബൾഗേറിയ), കാതോലിക്കോസ് ഇലിയാ II (ജോർജിയ).*

ബൈസന്റയിൻ (ഈസ്റ്റേൺ) ഓർത്തഡോക്സ് സഭകളുടെ വലിയ സുന്നഹദോസ് (Holy and Great Council) 2016 ജൂൺ 16 മുതൽ 27 വരെ ഗ്രീക്ക് ദ്വീപായ ക്രീറ്റിലെ (ബൈബിളിൽ പറയുന്ന ക്രേത്ത ദ്വീപ്) ഓർത്തഡോക്സ് അക്കാദമിയിൽ നടന്നു. കോൺസ്റ്റാന്റിനോപ്പിൾ എക്യു മെനിക്കൽ പാത്രിയർക്കീസ് ബർത്തലോമിയോയുടെ അദ്ധ്യക്ഷതയിൽ ജൂലിയൻ കലണ്ടറിലെ പെന്തിക്കോസ്തി ഞായറാഴ്ചയോടനുബന്ധിച്ചാണ് (ജൂൺ 19) കൗൺസിൽ കൂടിയത്. ബൈസന്റയിൻ-റോമൻ സഭകൾ ഏഴാമത്തെ സാർവത്രിക സുന്നഹദോസ് ആയി കരുതുന്ന നിഖ്യായിലെ രണ്ടാം കൗൺസിലിനു (എഡി 787) ശേഷം നടക്കുന്ന സാർവത്രിക സുന്നഹദോസ് ആയിട്ടാണ് ഇതിനെ വിശേഷിപ്പിക്കുന്നത്.

പതിനാല് ഓട്ടോസെഫാലസ് സഭകളും ഏതാനും ഓട്ടോണമസ് സഭകളുമാണ് ബൈസന്റയിൻ (ഈസ്റ്റേൺ/ഗ്രീക്ക്) ഓർത്തഡോക്സ് സഭാകുടുംബത്തിലുള്ളത്. പത്തു സഭാതലവന്മാരും അഞ്ഞൂറിലധികം പ്രതിനിധികളും സുന്നഹദോസിൽ സംബന്ധിച്ചു. അന്ത്യോഖ്യാ, റഷ്യൻ, ബൾഗേറിയൻ, ജോർജിയൻ സഭകൾ പങ്കെടുത്തില്ല. 55 വർഷത്തെ ഒരുക്കത്തിനുശേഷം എല്ലാ സഭകളുടെയും തലവന്മാരും പ്രതിനിധികളും 2016 ജനുവരിയിൽ ജനീവായിൽ കൂടിയാണ് സുന്നഹദോസിനെ സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തത്. അന്ന് അന്ത്യോഖ്യാ, ഗ്രീസ്, പോളണ്ട് സഭാതലവന്മാർ പങ്കെടുത്തില്ലെങ്കിലും പ്രതിനിധികളെ അയച്ചിരുന്നു. അന്ത്യോഖ്യാ, ഗ്രീസ് ഒഴികെയുള്ള സഭാതലവന്മാർ 2014 മാർച്ചിൽ ഇസ്റ്റാൻബൂളിൽ ഇതിനുവേണ്ടി സമ്മേളിച്ചിരുന്നു.

അഖില മലങ്കര മർത്തമറിയം സമാജത്തിന്റെ ആഭിമുഖ്യത്തിലുള്ള മോംസ് വാർഷിക സമ്മേളനം മാവേലിക്കര വഴുവാടി മാർ ബസേലിയോസ് പള്ളിയിൽ ഡോ. സഖറിയ മാർ തെയോഫിലോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു. ഡോ. യൂഹാനോൻ മാർ തോവോദോറോസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, തോമസ് പോൾ റമ്പാൻ, എൻ. ജെ. തോമസ് എന്നിവർ സമീപം.

കേണൽ മൺറോയും സുറിയാനി സഭയും

COLONEL JOHN MUNRO
RESIDENT AND DIVAN OF TRAVANCORE
1809-1819

ബ്രിട്ടീഷ് റസിഡന്റ് കേണൽ മൺറോ ഇവിടെ വരുമ്പോൾ കേരളത്തിൽ പുത്തൻകൂർ നസ്രാണികൾക്ക് ഒരു സഭയേ ഉള്ളൂ. ഇന്ന് നാം കാണുന്ന വേർപിരിവുകളൊന്നും അന്ന് ഇല്ല.

കോട്ടയം സി.എം.എസ്. കോളജിൽ നടന്ന മൺറോ അനുസ്മരണ പ്രഭാഷണം

■ ഫാ. ഡോ. കെ.എം. ജോർജ്
(ഡയറക്ടർ, സോപാന അക്കാദമി)

കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക ചരിത്രത്തിലെ നിർണ്ണായകമായ ഒരേട് മറിയുന്നത് ബ്രിട്ടീഷ് റസിഡണ്ട് കേണൽ ജോൺ മൺറോയുടെ വരവോടുകൂടിയാണ്. 200 വർഷങ്ങൾക്കു ശേഷം അദ്ദേഹത്തെ ഓർക്കുക എന്നത് ഏറ്റവും സമുചിതമായ കർമ്മമാണ്. ഇതിനു മുൻകൈയെടുത്ത സുമനസ്സുകളായ എല്ലാവരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

കേണൽ മൺറോയും അന്നത്തെ മലങ്കര സുറിയാനി സഭയും തമ്മിലുണ്ടായിരുന്ന ബന്ധത്തെക്കുറിച്ച് പറയാനാണ് എന്നോട് സദയം ആവശ്യപ്പെട്ടിരിക്കുന്നത്. അതിദീർഘമായ ഒരു ഗവേഷണ പ്രബന്ധത്തിനുള്ള വിഷയമാണിത്.

ഒരു വ്യക്തിയെന്ന നിലയിൽ വേർതിരിച്ച് കേണൽ മൺറോയെക്കുറിച്ച് ആർക്കും പറയാനാവില്ല. എല്ലാ ചരിത്രപുരുഷന്മാരെയുംപോലെ അദ്ദേഹവും ഒരു കാലഘട്ടത്തിന്റെ സങ്കീർണ്ണമായ അവസ്ഥകളുടെ പ്രതിനിധിയാണ്.

ആധുനികത

കേരളത്തിന്റെ ആധുനികത (modernity) ജോൺ മൺറോയുടെ കാലത്തോടെയാണ് ആരംഭിക്കുന്നത് എന്ന് ഒരുവിധത്തിൽ പറയാം. രണ്ടു നൂറ്റാണ്ടുകൾക്കുശേഷം നാം തിരിഞ്ഞു നോക്കുമ്പോൾ, ആ കാലത്തെ സംഭവവികാസങ്ങളെക്കുറിച്ച് നമുക്ക് ഏകതാനവും ഏകശിലാരൂപവുമായ ഒരു നിലപാട് സ്വീകരിക്കാൻ പ്രയാസമാണ്. ബഹുസ്വരമായ കാഴ്ചപ്പാടുകളാണ് നമുക്കുള്ളത്. ഉദാഹരണമായി ബ്രിട്ടീഷ് സി.എം.എസ്. മിഷണറിമാരുടെ നിലപാട്, അതിൽത്തന്നെ ആദ്യകാലത്തെയും പിൽക്കാലത്തെയും മിഷണറിമാരുടെ നിലപാടുകൾ, ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ നിലപാട്, സുറിയാനി സഭയിൽ മിഷണറിമാരോടു ആദ്യം സഹകരിച്ചവരുടെ നിലപാട്, എതിർത്തവരുടെ നിലപാട്, പൂർണ്ണമായും പിന്നീടും മിഷണറിമാരെ അനുകൂലിച്ചവരുടെ നിലപാട്, തിരുവിതാംകൂർ രാജകുടുംബത്തിന്റെ കാഴ്ചപ്പാട്, ദലിത് ചിന്തകരുടെയും പ്രസ്ഥാനങ്ങളുടെയും നിലപാട്, പോസ്റ്റ് കൊളോണിയൽ ഡിസ്കോഴ്സ് എന്ന വൈജ്ഞാനിക വ്യവഹാരത്തിന്റെ കാഴ്ചപ്പാടുകൾ ഇങ്ങനെ മൺറോ കാലഘട്ടത്തെക്കുറിച്ച് ബഹുമുഖമായ പരിപ്രേക്ഷ്യങ്ങളും പൂർവ്വപ

ക്ഷങ്ങളും നിഗമനങ്ങളുമുണ്ട്. ഇവയൊന്നും തമ്മിൽ ചേരുന്നവയാകണമെന്നില്ല. ചിലത് തമ്മിൽ വിരുദ്ധമാവുകയും ചെയ്യുന്നുണ്ട്.

പൊതുഭൂമിക

ഈ പശ്ചാത്തലത്തിൽ ഞാൻ ഇവിടെ നടത്തുന്ന ചില എളിയ നിരീക്ഷണങ്ങളുടെ രീതിശാസ്ത്രപരമായ അടിസ്ഥാനം വ്യക്തമാക്കിക്കൊള്ളട്ടെ. ബ്രിട്ടീഷ് റസിഡന്റ് കേണൽ മൺറോ ഇവിടെ വരുമ്പോൾ കേരളത്തിൽ പുത്തൻകൂർ നസ്രാണികൾക്ക് ഒരു സഭയേ ഉള്ളൂ. ഇന്ന് നാം കാണുന്ന വേർപിരിവുകളൊന്നും അന്ന് ഇല്ല. പോർച്ചുഗീസിന് അധിനിവേശത്തോടും, വൈദേശികരായ റോമൻ കത്തോലിക്കാ മിഷണറിമാരുടെ ക്രൂരമായ ബലാൽക്കാര മിഷനോടും ഐതിഹാസികമായി പൊരുതി നിന്ന്, പുത്തൻകൂറ്റുകാർ എന്ന് ആക്ഷേപിക്കപ്പെട്ടവരായിരുന്നു ആ ക്രിസ്ത്യാനികൾ. ഒത്തിരി കുറവുകൾ അവർക്കുണ്ടായിരുന്നെങ്കിലും ഒരുമയായിരുന്നു അവരുടെ ബലം. ആ പൊതു പൈതൃകത്തെയാണ്, അൽപ്പം ഗൃഹാതുരതയോടെയാണെങ്കിലും, ഒരു പ്രധാന കാഴ്ചപ്പാടായി ഇവിടെ ഞാൻ എടുക്കുന്നത്. ഈ പൊതുഭൂമിക (common ground) യിൽ നിന്നുകൊണ്ട് ചില ചെറിയ സംഗതികൾ സൂചിപ്പിക്കുന്നു.

സി.എം.എസ്. കോളേജിൽ നിന്ന് കോട്ടയം കോളേജിലേക്ക്

പ്രശസ്തമായ ഈ കലാലയത്തിലെ ഒരു പൂർവ്വ വിദ്യാർത്ഥിയാണ് ഞാൻ. അതിൽ വളരെ സന്തോഷവും അഭിമാനവുമുണ്ട്. മൂന്നുവർഷം സി.എം.എസ്. കോളജിൽ ശാസ്ത്രം പഠിച്ചതിനു ശേഷം പിന്നെ പോയത് നാലു വർഷം പഴയ സെമിനാരിയിൽ ദൈവശാസ്ത്രം പഠിക്കാനാണ്. എന്റെ ആയുസ്സിന്റെ ചക്രം മുമ്പോട്ടാണ് ഉരുണ്ടതെങ്കിലും 49 വർഷങ്ങൾക്ക് മുൻപത്തെ മാറ്റം 150 വർഷം ചരിത്രത്തിൽ പിറകോട്ട് യാത്രചെയ്യാൻ എന്നെ സഹായിച്ചു. മീനച്ചിലാറിന്റെ കരയിൽ, ഗോവിന്ദപുരം കരയിൽ ഇപ്പോൾ രണ്ടു നൂറ്റാണ്ടുകൾ പഴക്കമുള്ള പഴയ സെമിനാരിയുടെ നാലുകെട്ടിന്റെ രണ്ടാം നിലയിലായിരുന്ന അന്ന് ലൈബ്രറി. അവിടെ എല്ലാ ദിവസവും കയറി ചെല്ലുമ്പോൾ രണ്ട് അപൂർവ്വ ചിത്രങ്ങൾ എന്നെ ആകർഷിച്ചിരുന്നു. ഒന്ന് കേണൽ ജോൺ മൺറോയുടേത്. (അത് മൺറോ അല്ലെന്ന് ചിലർക്ക് അഭിപ്രാ



പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് - I

യമുണ്ടെങ്കിലും ഞങ്ങൾ കേട്ടത് അതാണ്). മറ്റേത് റിജന്റ് മഹാറാണി ഗൗരി ലക്ഷ്മിബായിയുടേത്. പിന്നെ മൂന്നാമത് ചിത്രമില്ലാത്ത ഒരു ചിത്രം. മുകളിലല്ല, താഴെ. താഴെ ചാപ്പലിനുള്ളിൽ നാലുകെട്ടിന്റെ അസ്ഥിവാരത്തിനടുത്ത് സംസ്ക്കരിക്കപ്പെട്ടിരിക്കുന്ന പുലിക്കോട്ടിൽ യൗസേഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ അഥവാ കുന്നംകുളംകാരൻ ഇട്ടൂപ്പൂ റമ്പാന്റേത്. കഴിഞ്ഞ മാസം പ്രൊഫ. പി.സി. ജോണും, പ്രൊഫ. സൂസൻ വർഗീസും പഴയ സെമിനാരിയിലെ അപൂർവ്വ മൺറോ ചിത്രത്തിന്റെ ഒരു കോപ്പിയെടുക്കുന്നതിനേക്കുറിച്ച് എന്നോട് അഭിപ്രായം ആരാഞ്ഞപ്പോൾ, കഴിഞ്ഞ 50 വർഷങ്ങളായി എന്റെ വിദ്യാർത്ഥി മനസ്സിന്റെ ആഴത്തിൽ ആദരവോടെ സൂക്ഷിച്ചിരുന്ന ഈ ചിത്രങ്ങൾ ത്രിമാന ഭംഗിയോടെ വീണ്ടും തെളിഞ്ഞുവന്നു. ഇതിനൊരു ത്രികോണ സമഗ്രതയുമുണ്ട്, (a certain triangular integrity). അതായത് ഇവരിൽ ആരെയെങ്കിലും ഒരാളെ ഓർക്കുമ്പോൾ മറ്റു രണ്ടു പേരും അവിടെ സന്നിഹിതരാകും.

മൂന്നുവ്യക്തികളും മൂന്ന് വ്യവസ്ഥകളും

ഈ മൂന്ന് വ്യക്തികളും പ്രാതിനിധ്യം വഹിക്കുന്നത്, വ്യത്യസ്ഥങ്ങളായ മൂന്നു വ്യവസ്ഥകളെയും ശക്തമായ മൂന്ന് പാരമ്പര്യങ്ങളെയുമാണ്. മൂന്നു പേരെയും കുറിച്ചു ഹ്രസ്വമായി പറയട്ടെ.

ഒന്ന്:- കേണൽ ജോൺ മൺട്രോ സ്കോട്ട്ലണ്ടുകാരൻ. അന്യാദൃശ്യമായ ഭരണപാടവവും ആർജ്ജവവും കാണിച്ച ചെറുപ്പക്കാരനായ ബ്രിട്ടീഷ് റസിഡണ്ട്. തിരുവിതാംകൂറിലെ ദിവാൻ അഥവാ പ്രധാനമന്ത്രിയും. ഈസ്റ്റ് ഇൻഡ്യ കമ്പനിയുടെയും ക്രമേണ ഉയർന്നു വന്നുകൊണ്ടിരുന്ന ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിന്റെയും പ്രഗൽഭനായ അംബാസിഡർ. യൂറോപ്പിൽ 18-ാം നൂറ്റാണ്ടിലുണ്ടായ പ്രസിദ്ധമായ Enlightenment അഥവാ ജ്ഞാനോദയ പ്രസ്ഥാനത്തിന്റെ അനുയായി. തിരുവിതാംകൂർ-കൊച്ചി രാജവംശങ്ങളോട് ആദരവും പ്രതിബദ്ധതയും പുലർത്തിയ വിദേശിയായ ഭരണാധികാരി. കേരളത്തിലെ പുരാതനമായ നസ്രാണി സമൂഹത്തെക്കുറിച്ച് അറിവും അനുഭവവും ബഹുമാനവും പുലർത്തിയ ഉന്നത മൂല്യങ്ങളുള്ള അംഗ്ലിക്കൻ ക്രിസ്ത്യാനി.

ബുദ്ധിമാൻമാരായ നസ്രാണി ചെറുപ്പക്കാരെ, പ്രത്യേകിച്ചു വൈദിക സ്ഥാനികളെ ഇംഗ്ലീഷും പാശ്ചാത്യ വിദ്യകളും പഠിപ്പിച്ചാൽ, അത് ഇവിടത്തെ പുരാതന സഭയ്ക്ക് നന്മയുണ്ടാകുക മാത്രമല്ല, ബ്രിട്ടീഷ് സാമ്രാജ്യത്തിനും കമ്പനിക്കും ഇവിടെ പുതിയൊരു സൗഹൃദ പിന്തുണയുണ്ടാകുമെന്നും മൺറോ സ്വപ്നം കണ്ടു. വിദ്യാലയ സൃഷ്ടിയിലൂടെ തിരുവിതാംകൂർ രാജ്യത്തിന് സത്യസന്ധതയും കാര്യക്ഷമതയുമുള്ള ഉന്നത സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരെ ലഭിക്കുമെന്നും മൺറോ എന്ന ക്രാന്തദർശി ചിന്തിച്ചു. അന്നത്തെ സുറിയാനി സഭയിൽ ഒരളവിലുണ്ടായിരുന്ന ജാഡ്യവും ജീർണ്ണതയും ഉച്ചാടനം ചെയ്യാൻ Mission of Help ഉം സർക്കാർ ഉദ്യോഗസ്ഥരുടെ അഴിമതിയും കെടുകാര്യസ്ഥ



റാണി ഗൗരി ലക്ഷ്മീബായി

തയും ഇല്ലാതാക്കാൻ ‘സുശിക്ഷിതമായ സിവിൽ സർവ്വീസ്’ ഉം ഈ ദർശനത്തോടും നയചാതുരിയോടും കൂടിയാണ് മൺറോ വിഭാവനം ചെയ്തത്.

ഒരിക്കലും സുറിയാനി സഭയുടെ മേൽ അമിതമായ അധികാരമോ അതിരുവിട്ട സമ്മർദ്ദമോ പ്രയോഗിക്കരുത് എന്ന് അദ്ദേഹം സി.എം.എസ്. മിഷണറിമരോടു സൂചിപ്പിച്ചിരുന്നു. ഒരു വിധത്തിൽ ഇൻഡ്യയിലെ ഒരു നാട്ടു രാജ്യത്തെക്കാളും മതാധ്യക്ഷന്മാരെക്കാളും അധികാര ശേഷി ബ്രിട്ടീഷ് റസിഡണ്ട് എന്ന നിലയിൽ അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ ഒരിക്കൽ പോലും ഈ അധികാരത്തെ തൻകാര്യത്തിനു വേണ്ടി ദുർവിനിയോഗം ചെയ്യാതെ അന്ന് അദ്ദേഹത്തനുണ്ടായിരുന്ന അറിവും ഉത്തമബോധ്യവുമനുസരിച്ച്, കൊളോണിയൽ താൽപ്പര്യമനുസരിച്ചാണെങ്കിലും, പൊതുനന്മയ്ക്കായി ഉപയോഗിച്ചു എന്നതാണ് മൺറോയുടെ മഹത്വം.

രണ്ട്: മൺറോയുടെ കാലത്ത് തിരുവിതാംകൂർ ഭരിച്ച സാത്വികരും ശ്രീപദ്മനാഭ സേവിനികളുമായ രണ്ടു റാണിമാർ-ഗൗരി ലക്ഷ്മീബായിയും ഗൗരി പാർവ്വതിബായിയും, പ്രജകളുടെ ക്ഷേമവും സാമൂഹ്യ നവോത്ഥാനവും അഴിമതിയില്ലാത്ത സർക്കാർ ഭരണവും കാംക്ഷിച്ചവരാണ്. വിദേശിയെങ്കിലും സത്യസന്ധനും ഭരണനിപുണനും ബ്രിട്ടീഷ് റസിഡന്റുമായ മൺറോയെ പൂർണ്ണമായി വിശ്വസിച്ചാണ് ദിവാൻ പദവി ഏൽപ്പിക്കുന്നത്. ജനങ്ങളുടെ പുരോഗതിയും പൊതുഭരണത്തിന്റെ കാര്യക്ഷമതയും രാജ്യത്തിന്റെ സുരക്ഷയും വാണിജ്യശേഷിയും മഹാശക്തിയായി ഉയർന്നുകൊണ്ടിരുന്ന ബ്രിട്ടീഷ് സാമ്രാജ്യത്തോട് നയപരമായ സൗഹൃദവും വിശാലമായ അർത്ഥത്തിൽ മുൻകണ്ടു കൊണ്ടാണ് അങ്ങനെ ചെയ്തത് എന്നു കരുതാം.

മീനച്ചിലാറിന്റെ തീരത്ത് ഗോവിന്ദപുരം കരയിൽ ഔസേപ്പ് റമ്പാന്റെ അപേക്ഷയനുസരിച്ച് “അനുഭോഗക്കൊഴുവായി” 15 ഏക്കർ സ്ഥലവും, വിദ്യാലയം പണിയാൻ ആവശ്യമായ തടിയും കുറെ പണവും റമ്പാന് നൽകിയത് റാണി ലക്ഷ്മീബായിയാണ്. സത്യസന്ധനായ ഒരു പ്രധാന മന്ത്രിയുടെ നല്ല ഉപദേശവും പ്രേരണയും ദീർഘദൃഷ്ടിയുള്ള ഒരു രാജ്ഞി നല്ല മനസ്സോടെ സ്വീകരിച്ചതിന്റെ ഉത്തമ ഉദാഹരണവുമാണിത്.

മൂന്ന്: കുന്നംകുളംകാരൻ ഇട്ടൂപ്പ് അഥവാ ഔസേപ്പ് റമ്പാൻ (പിന്നീട് ജോസഫ് മാർ ദിവന്നാസ്യോസ്) ഉൽപ്പതിഷ്ണുക്കളായ സുറിയാനി വൈദികരുടെ പ്രതിനിധിയാണ്. 1809-ൽ കണ്ടനാട്ടു നടന്ന പൊതു സഭാ സമ്മേളനത്തിൽ പാസ്സാക്കിയ (‘കണ്ടനാടു പടിയോല’) രേഖയനുസരിച്ചു മലങ്കരസഭയുടെ വടക്കും തെക്കും ഓരോ “പടിത്ത വീടു”കൾ പണിയാൻ തീരുമാനമെടുത്തു. ആ തീരുമാനം നടപ്പിലാക്കാൻ അക്ഷമരായി കാത്തിരുന്നത് പ്രബുദ്ധരായ ഇട്ടൂപ്പ് റമ്പാൻ, കായംകുളം ഫീലിപ്പോസ് റമ്പാൻ തുടങ്ങിയവരായിരുന്നു. അപ്പോഴാണു കേണൽ മൺറോയുടെ സഹായ ഹസ്തം Mission of Help എന്ന പേരിൽ നീട്ടപ്പെട്ടത്. “രോഗി ഇച്ഛിച്ചതും വൈദ്യൻ കൽപ്പിച്ചതും” എന്ന മട്ടിലായി കാര്യങ്ങൾ. അങ്ങനെ ഇട്ടൂപ്പുറമ്പാൻ തിരുവിതാംകൂർ സർക്കാരിൽ അപേക്ഷ കൊടുത്തു. വാസ്തു ശില്പ വിദഗ്ധൻ കൂടിയായിരുന്ന റമ്പാന്റെ മേൽനോട്ടത്തിൽ 1813-ൽ പണിതുടങ്ങി, 1815-ൽ റമ്പാൻ അതിന്റെ പ്രഥമ സാരഥിയായി പഠനം തുടങ്ങുകയും ചെയ്തു. താമസിയാതെ അദ്ദേഹം മലങ്കര മെത്രാപ്പോലീത്തായായി.

1816-ൽ ഇതേക്കുറിച്ചു മൺറോയും ഒരു കത്തിൽ പറയുന്നു. The college proceeds under the superintendence of the new Bisop Joseph, and it is my intention to adopt the best measures in my power for placing it in a state of efficiency and combining its operations with a system of parish schools among Syrians. 1816-ൽ ആലപ്പുഴയിൽ നിന്നു ഇടയിക്കിടെ നോർട്ടനും 1817-ൽ ബഞ്ചമിൻ ബെയ്‌ലിയും കോട്ടയത്ത് സെമിനാരിയിലെത്തി. അസാമാന്യമായ ആത്മികോർജ്ജവും വിദ്യാർജ്ജന തൃഷ്ണയും പുതിയൊരു സഭാ-സാമൂഹ്യ വ്യവസ്ഥയ്ക്കുവേണ്ടിയുള്ള അദമ്യമായ ആഗ്രഹവുമുണ്ടായിരുന്നു ഇട്ടൂപ്പ് റമ്പാന്. ഒരുപക്ഷേ കേണൽ മൺറോയും മിഷണറിമാരും ഇവിടെ വന്നില്ലായിരുന്നെങ്കിൽപ്പോലും, ഇട്ടൂപ്പു റമ്പാൻ ഒരു വി.റ്റി. ഭട്ടതിരിപ്പാടിനെപ്പോലെ അന്നത്തെ സുറിയാനി വൈദിക ബ്രാഹ്മണ്യത്തിന്റെ അടഞ്ഞ കോട്ട വെട്ടിപ്പൊളിച്ച് കാറ്റും വെളിച്ചവും അകത്തു കടത്തുമായിരുന്നു എന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല.

മൂന്നു സംസ്ക്കാരങ്ങളുടെ സംഗമം

മൂന്നു സംസ്ക്കാരങ്ങളുടെ സവിശേഷമായ സംഗമമാണ് ആദ്യവിദ്യാലയത്തിന്റെ നാലുകെട്ടിലിൽ നടന്നത്. ഒന്ന്, ഇംഗ്ലണ്ടിലെ ഓക്സ്ഫഡ്, കേംബ്രിഡ്ജ് കോളേജുകളിലെപ്പോലെ വിദ്യാർത്ഥികൾ ഒരുമിച്ചു താമസിക്കുകയും ഒരുമിച്ചു പഠിക്കുകയും ചെയ്യുന്ന കൊളീജിയം. (ലത്തീൻ ഭാഷയിൽ colegere എന്ന വാക്കിനർത്ഥം ഒരുമിച്ചു വായിക്കുക എന്നാണ്. അതിൽ നിന്ന് college എന്ന വാക്കുണ്ടായി).

രണ്ടാമത് കേരളത്തിൽ അന്ന് നടപ്പിലുണ്ടായിരുന്ന ഗുരുകുല ശൈലി. നസ്രാണികളുടെ സഭയിലും, മൽപ്പാൻ ഭവനങ്ങളിൽ താമസിച്ച് പഠിക്കുന്ന ഗുരുകുല രീതിയായിരുന്നു. (പോർച്ചുഗീസുകാരാണ് ആദ്യം ഇവിടെ സെമിനാരി കൊണ്ടുവന്നത്)

മൂന്നാമത്, സുറിയാനി ഓർത്തഡോക്സ് പാരമ്പര്യത്തിലുള്ള ആരാധനയുടെ സംസ്ക്കാരം. ഇവ മൂന്നും സമുചിതമായി തുടക്കത്തിൽ സമന്വയിപ്പിച്ചിരുന്നു. അല്ലെങ്കിൽ കേണൽ മൺറോയ്ക്കും ഇട്ടൂപ്പു റമ്പാനും ഇത് സാധ്യമാണെന്ന് തോന്നിക്കാണും.

ആദ്യകാല മിഷണറിമാരായിരുന്ന ബഞ്ചമിൻ ബെയ്‌ലി, ഫെൻ, ബേക്കർ എന്നിവർ അവരുടെ ത്യാഗപൂർണ്ണമായ ജീവിതവും പ്രവർത്തനങ്ങളും മൂലം സെമിനാരിയിലെ മറ്റ് മൽപ്പാന്മാരോടും ഇതര മതസ്ഥരായ അദ്ധ്യാപകരോടും ചേർന്നുപോയി. (നിങ്ങൾക്ക് ഒരുപക്ഷേ തമാശയായി തോന്നുമായിരിക്കും, ബഞ്ചമിൻ ബെയിലിയെപ്പോലെ ത്യാഗോജ്ജ്വലമായ ഒരു ക്രിസ്തീയ ജീവിതം നയിക്കുകയും നമ്മുടെ പൊതു സമൂഹത്തിനും സംസ്ക്കാരത്തിനും ഇത്രയേറെ സംഭാവനകൾ നൽകുകയും ചെയ്ത ഒരു വ്യക്തി കത്തോലിക്കാ സഭയിലോ ഓർത്തഡോക്സ് സഭയിലോ ആയിരുന്നെങ്കിൽ, അവർ അദ്ദേഹത്തെ ഇതിനകം വിശുദ്ധനായി പ്രഖ്യാപിക്കുകയും അദ്ദേഹത്തിന്റെ പേരിൽ പള്ളിപണിയുകയും തിരി കത്തിക്കുകയും ഭണ്ഡാരം സ്ഥാപിക്കുകയും മറ്റും ചെയ്തേനെ).

സംസ്ക്കാരങ്ങളുടെ സംഘർഷങ്ങൾ

1815 മുതൽ 1836 വരെയുള്ള കാലഘട്ടം, അതായത് പാശ്ചാത്യരായ സി.എം.എസ്. മിഷണറിമാരും പൗരസ്ത്യമായ മലങ്കരസഭയും തമ്മിലുള്ള കൂട്ടായ പ്രവർത്തന കാലഘട്ടം നിരീക്ഷിച്ചാൽ നമുക്ക് വ്യക്തമാകുന്നത്, തുടക്കത്തിലുണ്ടായിരുന്ന സൗഹൃദം ക്രമേണ മങ്ങുകയും അവസാനം സംഘർഷത്തിലും വേർപാടിലും അവസാനിക്കുകയും ചെയ്തു. 1816-ൽ ആലപ്പുഴ നിന്നും ഇടയ്ക്കിടെ വന്നുകൊണ്ടിരുന്നു നോർട്ടൺ, 1817-ൽ ആദ്യമായി കോട്ടയത്തു വന്ന ബഞ്ചമിൻ ബെയ്‌ലി, ഫെൻ, ബേക്കർ തുടങ്ങിയവർ പ്രദർശിപ്പിച്ച പ്രബുദ്ധത,

പ്രതിബദ്ധത, തദ്ദേശീയ സംസ്ക്കാരത്തോടും ആചാരങ്ങളോടുമുള്ള ആദരവു എന്നിവയൊന്നും പിൽക്കാല മിഷനറിമാരിൽ കണ്ടില്ല. സുറിയാനിക്കാർ മുഴുവൻ അന്ധവിശ്വാസത്തിലും അനാചാരങ്ങളിലും മുഴുകിക്കഴിയുകയാണെന്നും അവരെ മോചിപ്പിച്ച് യൂറോപ്യൻ ശൈലിയിൽ പാശ്ചാത്യ നവീകരണ വിശ്വാസത്തിലേക്ക് മാനസാന്തരപ്പെടുത്തുകയാണ് പരിഹാരമെന്നുമാണ് പിൽക്കാല മിഷണറിമാർ പലരും ചിന്തിച്ചത്. *സുറിയാനി സഭയിൽ സി.എം.എസ്. മിഷണറിമാരുടെ പ്രവർത്തനങ്ങൾ അവർ ഉദ്ദേശിച്ച രീതിയിൽ ഫലപ്രദമായില്ല എന്നു മാത്രമല്ല സഭയെ ഭിന്നിപ്പിക്കാനും കലഹങ്ങളിലേക്കും വ്യവഹാരങ്ങളിലേക്കും ഏകമായിരുന്ന സഭയെ നയിക്കുകയും ചെയ്തു.* എന്നാൽ ഇക്കാലത്ത് പ്രവർത്തിച്ച London Mission Society (LMS), Basel Mission, Serampoor Mission എന്നിവ വിജയിക്കുകയും ചെയ്തു.

ഈ മൂന്നു മിഷനുകളിലും തദ്ദേശീയമായ ഒരു പുരാതന ഇൻഡ്യൻ സഭയുമായി അവർക്ക് ഇടപെടേണ്ടി വന്നില്ല. അവർണ്ണരായ ജനതകൾക്കിടയിലാണ് അവർ മിക്കവാറും പ്രവർത്തിച്ചത്. ചുരുക്കം ചില മേൽജാതിക്കാരെ ഒഴിച്ചാൽ, ഈ മിഷനുകളെല്ലാം തന്നെ പാവങ്ങളും പാർശ്വവൽക്കരിക്കപ്പെട്ടവർക്കുമിടയിലാണു പ്രവർത്തിച്ചത്. അങ്ങനെയുള്ള പ്രവർത്തനങ്ങൾ മൂലം ധാരാളം മനുഷ്യർക്ക് വിദ്യാഭ്യാസവും മാനുഷീകമായ അന്തസ്സും, സാമൂഹ്യ പുരോഗതിയും നൽകാൻ മിഷണറിമാരുടെ ശ്ലാഘനീയമായ പ്രവർത്തനങ്ങൾ സഹായിച്ചു. ജാതിചിന്ത പുലർത്തിക്കൊണ്ടാണെങ്കിലും കേരളത്തിൽ മാർത്തോമ്മാ ശ്ലീഹായുടെ പാരമ്പര്യത്തിൽ അഭിമാനം കൊള്ളുകയും പോർച്ചുഗീസുകാരോടും റോമൻ അധികാരികളോടും പോരാടുകയും ചെയ്ത നസ്രാണി സമൂഹത്തിന്റെ ആത്മാവബോധവും അഭിമാനവും തിരിച്ചറിയാൻ പിൽക്കാല മിഷണറിമാർക്ക് കഴിഞ്ഞില്ല. അതുകൊണ്ട് സുറിയാനിക്കാർ അവരോടു എതിർപ്പുണ്ടാകുകയും, നസ്രാണികൾക്ക് ആവശ്യമായിരുന്ന പല മാറ്റങ്ങളും പുതിയ കാര്യങ്ങളും തിരസ്ക്കരിക്കപ്പെടുകയും മിഷൻ പരാജയപ്പെടുകയും ചെയ്തു.

മൺട്രോ സ്ഥാനമൊഴിഞ്ഞ് പോയി വളരെ കഴിഞ്ഞ്, 1830-ൽ സെമിനാരിയിൽ ചുമതലയേറ്റു വന്ന മോർവുഡ് സായ്പ്പ് ക്ലാസ്സിൽ ഏതോ ചെറിയ കുറ്റ

റാണി ഗൗരി പാർവ്വതിബായി

ത്തിന് സുറിയാനി സഭയിലെ ഒരു ശെമ്മാശ്ശനെ (deacon) ശിക്ഷിച്ചു. വിദ്യാർത്ഥികൾ മിക്കവാറും ഒന്നടങ്കം കോളേജ് ബഹിഷ്ക്കരിച്ചു. ഒരു പക്ഷേ, ഇൻഡ്യയിലെ ആദ്യത്തെ വിദ്യാർത്ഥി സമരമായിരിക്കാം അത്. അദ്ധ്യാപകൻ വിദ്യാർത്ഥിയെ ശിക്ഷിക്കുന്നത് വിശുദ്ധ കർമ്മമായി വാഴ്ത്തപ്പെട്ടിരിക്കുന്ന ഒരു കാലത്താണ് ഇത് സംഭവിച്ചത്. അതിന്റെ അർത്ഥം, അവിടെ സംസ്ക്കാരങ്ങളുടെ സംഘർഷമാണ് ഉണ്ടായത് എന്ന് ചിന്തിക്കാം. വെള്ളക്കാരൻ ഇൻഡ്യാക്കാരനെ അപമാനിച്ചു എന്ന് വ്യാഖ്യാനിക്കാം. മഹാത്മാഗാന്ധിയെ വെള്ളക്കാരൻ ചവിട്ടിയത് പിന്നീട് പത്തു തൊണ്ണൂറു വർഷങ്ങൾ കഴിഞ്ഞാണ്. ഏതായാലും പിന്നെ ബേക്കർ സായ്പ് വന്നാണ് വിദ്യാർത്ഥികളെ അനുനയിപ്പിച്ച് ക്ലാസ്സ് തുടർന്നത്. മിഷണറി ബന്ധത്തിന്റെ അസ്വാരസങ്ങൾ നിറഞ്ഞ പിൽക്കാല സംഭവങ്ങൾ മൺറോ എന്ന അനുപമ വ്യക്തിത്വത്തിന്റെ മാറ്റു കുറയ്ക്കുകയോ അദ്ദേഹം കണ്ട ദർശനത്തിന്റെ ആത്മാർത്ഥതയെ ലഘൂകരിക്കുകയോ ചെയ്യുന്നില്ല. അദ്ദേഹം ഇൻഡ്യയിൽ കണ്ട വിദ്യാഭ്യാസ ദർശനം ബ്രിട്ടീഷ് സാമ്രാജ്യത്തെ ആത്യന്തികമായി സഹായിച്ചില്ലെങ്കിലും അത് നമ്മുടെ കേരളത്തിന് 100 ശതമാനം സാക്ഷരതയ്ക്കും പൊതുവായ സാമൂഹ്യ നവോത്ഥാനത്തിനും കാരണമായിത്തീർന്നു.

ഭാവിയ്ക്കുവേണ്ടി

1858-ൽ അദ്ദേഹം ദിവംഗതനായ വർഷമാണ്, ഇന്നത്തെ പാക്കിസ്ഥാൻ, ബംഗ്ലാദേശ്, മ്യാൻമാർ, തുടങ്ങിയ രാജ്യങ്ങൾ ഉൾപ്പെടുന്ന ഇൻഡ്യാ മഹാരാജ്യത്തെ ജനതകളെ മുഴുവൻ ഇംഗ്ലീഷ് കിരീടത്തിന്റെ പ്രജകളാക്കി ബ്രിട്ടീഷ് രാജ് പ്രഖ്യാപിക്കപ്പെട്ടത്. ഇത് പലതരത്തിൽ നമുക്കു വ്യാഖ്യാനിക്കാം. മൺറോ കണ്ട വലിയ സ്വപ്നത്തിന്റെ അവസാനമെന്നോ, അല്ല ശക്തീകരണമെന്നോ പല തരത്തിൽ പറയാനാവും. എന്റെ വിനീതമായ നിഗമനങ്ങൾ ഒരു ചർച്ചയ്ക്കുവേണ്ടി സമർപ്പിക്കുന്നു.

1. കേണൽ മൺറോ വിഭാവനം ചെയ്തതും മലങ്കരസഭയ്ക്കുള്ളിൽ ഉൽപ്പതിഷ്ണുക്കളായ ഇട്ടൂപ്പ് മ്പാനെപ്പോലുള്ളവർ സ്വപ്നം കണ്ടതുമായ ചില മാറ്റങ്ങൾ-നവീകരണം എന്നല്ല പറഞ്ഞത്-അന്ന് സഭ നടപ്പിലാക്കിയിരുന്നുവെങ്കിൽ, പിന്നീടുണ്ടായ സഭാവിഭജനങ്ങളും കക്ഷിവഴക്കുകളും വ്യവഹാരങ്ങളുമെല്ലാം ഒരു പക്ഷേ ഒഴിവായി, അന്ന് ഒന്നായിരുന്ന സഭ ഇന്നും കൂടുതൽ ശക്തിയോടെ അങ്ങനെ തന്നെ നിൽക്കുമായിരുന്നു.

2. വേദശാസ്ത്രമുൾപ്പെടെ ശാസ്ത്രവും സാമൂഹിക വിഷയങ്ങളും വിവിധ ലോക ഭാഷകളും പഠിപ്പിച്ചു തുടങ്ങിയ കോട്ടയം കോളേജ് ആദ്യവിദ്യാലയത്തിൽ ഇരു സംസ്ക്കാരങ്ങളുടെ സംഘർഷം ഉണ്ടാകാതെ പരസ്പര ബഹുമാനത്തോടുകൂടെ പ്രവർത്തിച്ചിരുന്നെങ്കിൽ ഒരു പക്ഷേ അത് കേരളത്തിലെ ആദ്യത്തെ യൂണിവേഴ്സിറ്റിയായി രൂപാന്തരപ്പെടുമായിരുന്നു.

3. കേരളത്തിൽ ഒരു പുതിയ മനുഷ്യ സമൂഹവും, നീതിയും സമാധാനവുമുള്ള ഒരു രാഷ്ട്രീയ സാമൂഹ്യ വ്യവസ്ഥയും ദർശിച്ചുകൊണ്ട്, ഒരു ഉന്നത വിജ്ഞാനപീഠം ഉണ്ടാകണം. എല്ലാവരുടെയും സഹകരണം സ്വീകരിച്ചും എന്നാൽ ഒരു മതത്തിന്റെയും സമുദായത്തിന്റെയും വ്യക്തിയുടെയും രാഷ്ട്രീയത്തിന്റെയും ലേബൽ കൂടാതെയുമുള്ള ഒരു വിജ്ഞാനപീഠം സൃഷ്ടിക്കാൻ നമുക്കു സാധിക്കുമെങ്കിൽ ആദ്യം സൂചിപ്പിച്ച പൊതു ഭൂമികയുടെ, (Common Ground) സർഗ്ഗാത്മകമായ ഒരു ആവിഷ്ക്കാരമായിരിക്കും അത്.

നമ്മുടെ യൂണിവേഴ്സിറ്റികളിൽ നിന്ന് വ്യത്യസ്തമായി എല്ലാ വിജ്ഞാന ശാഖകളിലും നടക്കുന്ന അന്വേഷണങ്ങളെ ദാർശനികമായി സമന്വയിപ്പിക്കുന്ന ഒരു Inter Disciplinary Seat of Learning ആയിട്ടാവണം ഈ വിജ്ഞാനപീഠം ഉരുത്തിരിയേണ്ടത്. ഇത് 10-15 വർഷം ഫലപ്രദമായി പ്രവർത്തിച്ചാൽ മതി, പുതിയൊരു മനുഷ്യ ദർശനവും പുതിയൊരു സാമൂഹ്യ ക്രമവും ഇവിടെയുണ്ടാകും. ഈ സ്വപ്നം പങ്കുവച്ചുകൊണ്ടും സംഘടകരോട് നന്ദി അറിയിച്ചുകൊണ്ടും നിർത്തട്ടെ. ■

മൃതശരീരം ദഹിപ്പിക്കാമോ?

മൃതശരീരം കരിച്ചുകളയാനോ ദഹിപ്പിച്ചുകളയാനോ വേദധർമ്മം പറയുന്നില്ല. അതിനെ മണ്ണിനു തന്നെ യോഗ്യമായി നൽകുക. പിതാവാം ദൈവം കാണിച്ചു തന്നതു തിരുത്താതെ പൂർവിക പിതാക്കന്മാർ പാലിച്ചു പോന്ന മാതൃക പിൻപറ്റുന്നതാണ് അഭികാമ്യം. ദഹനം നടത്തുന്നതിന് അനുകൂലമായ ഒരു ദൈവവചനവും ബൈബിളിൽ കാണുന്നില്ല. ദഹനം ക്രൈസ്തവസഭ അനുവർത്തിച്ച ഒരു മാതൃകയും ഇല്ല.

മൃതശരീരം ദഹിപ്പിക്കുന്നത് വേദവിപരീതമാണോ?

അഡ്വ. വർഗീസ് പി. തോമസ്

ക്രിസ്തീയ വിശ്വാസിയുടെ മൃതശരീരം ദഹിപ്പിക്കുന്നതു വേദവിപരീതമാണോ? വേദപുസ്തകാടിസ്ഥാനത്തിൽ വിശകലനം ചെയ്താൽ മൃതശരീരം ദഹിപ്പിക്കുന്നതു വേദവിപരീതമാണെന്നു കണ്ടെത്താൻ തെളിവുകൾ ധാരാളം ഉണ്ട്. ഉല്പത്തി പുസ്തകത്തിൽ മൂന്നു ഭാഗങ്ങളിൽ ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ച് അനുഗ്രഹിച്ച് ജീവന്റെ ശ്വാസം അവനിലേക്ക് ഊതി എന്ന് (ഉല്പത്തി. 1: 26-27, 2:7, 5:1-3 ഭാഗങ്ങളിൽ) പറയുന്നു. സങ്കീർത്തനക്കാരൻ 139:14-ൽ ഇപ്രകാരം പറയുന്നു: "ഭയങ്കരവും അതിശയവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്ക് സ്തോത്രം ചെയ്യുന്നു."

ജീവൻ അതിന്റെ ആരംഭം മുതൽ ദൈവസൃഷ്ടിയായ മനുഷ്യനിൽ പ്രവർത്തിക്കുന്നതുകൊണ്ട്, സ്രഷ്ടാവുമായിട്ടുള്ള സവിശേഷബന്ധത്തിൽ പരിപാവനമായി നിലനിൽക്കുന്നു. ആയതിനാൽ മരണംകൊണ്ട് ശരീരം ഒന്നിനും ഉപകരിക്കുന്നില്ല എന്ന

പ്രമാണം ക്രിസ്തീയസഭകൾക്ക് ഒരു സന്ദേശമായി സ്വീകരിക്കുവാൻ ഒരിക്കലും കഴിയുകയില്ല. തെളിവായി 2 രാജാക്കന്മാർ 13: 21, 22, 23 ഭാഗത്ത് ഏലീശായുടെ കല്ലറയിൽ മരിച്ച ഒരുവനെ ഇട്ടപ്പോൾ അദ്ദേഹത്തിന്റെ അസ്ഥിയിൽ തൊട്ട ഉടൻ ജീവൻ പ്രാപിച്ചതായി എഴുതിയിരിക്കുന്നു. ഇവിടെ മരണം സംഭവിച്ച ശരീരങ്ങൾ തമ്മിൽ തൊട്ടപ്പോൾ ഉണ്ടായ രൂപാന്തരം ജീവൻ വച്ചു എന്നതാണ്. ആത്മീയത നിറഞ്ഞ ഭൗതികശരീരത്തിൽ ദൈവികാവാസം ഉണ്ടായിരുന്നതിനാൽ ഇപ്രകാരം സംഭവിച്ചു എന്ന് നാം തിരിച്ചറിയണം. ഇതൊരു രഹസ്യവും ദൈവിക മർമ്മവുമാണ്.

ബൈബിളിൽ ശവസംസ്കാരം കല്ലറയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു കാണാം. യിസ്രയേലിൽ യെരീഹോവിൽ നടത്തിയ ഗവേഷണത്തിൽ താമ്രയുഗത്തിൽ ഒരേ കല്ലറയിൽ മുന്നൂറിലധികം ശവസംസ്കാരം നടത്തിയതായി കണ്ടെത്തി. പല വർഷങ്ങളായി നടത്തിയവയാണ് ഇവയെല്ലാം. ഇത് ഒരു കുലത്തിന്റെയോ, സമൂഹത്തിന്റെയോ, വർഗ്ഗത്തിന്റെയോ സമൂഹകല്ല

റയാണ്. ക്രിസ്തുവിന് 1500 വർഷം മുമ്പുതന്നെ പാറയിൽ കല്ലറകൾ വെട്ടി സംസ്കാരത്തിനു സജ്ജീകരിച്ചിരുന്ന പതിവ് ഉണ്ടായിരുന്നു. ഗുഹകളും ശവം മറവു ചെയ്യുവാൻ ഉപയോഗിച്ചിരുന്നു. മൺപാത്രങ്ങളും ആയുധങ്ങളും മൃതശരീരത്തോടൊപ്പം മറവു ചെയ്തിരുന്നു. പരേതർ ഉപയോഗിച്ച കണ്ണട, അണിഞ്ഞിരുന്ന ആഭരണങ്ങൾ, ധരിച്ചിരുന്ന വസ്ത്രങ്ങൾ എന്നിവ ചേർത്തു സംസ്കരിക്കുന്ന പതിവ് ഇപ്പോഴും ഉണ്ട്. റോമൻഭരണകാലത്ത് കല്ലറയുടെ വാതിൽക്കൽ വലിയ വൃത്താകൃതിയിലുള്ള കല്ല് ഉരുട്ടി വച്ച് വാതിൽ അടയ്ക്കുന്ന പതിവും ഉണ്ടായിരുന്നു. യേശുവിനെ അടക്കം ചെയ്ത അരിമത്ഥ്യക്കാരൻ യോസഫിന്റെ കുടുംബ കല്ലറയ്ക്കൽ ചെന്നപ്പോൾ ഈ ഭാരമുള്ള കല്ല് ആര് ഉരുട്ടിമാറ്റും എന്ന ആകുലചിന്ത മഗ്ദലനമറിയം, യാക്കോബിന്റെ അമ്മ മറിയം, ശലോമി എന്നിവരെ അലട്ടിയതായി മർക്കോസ് 16:3-ൽ വിവരിക്കുന്നു. ലാസറിന്റെ കല്ലറയുടെ വാതിൽക്കലെ കല്ലും യേശു മാറ്റുവാൻ പറഞ്ഞത് മറ്റൊരു തെളിവാണ് (യോഹന്നാൻ 11:39). റോമൻ നിയമപ്രകാരം ശവം സംസ്കരിക്കുന്ന ഇടങ്ങൾ പരിപാവനമായി കരുതിയിരുന്നു.

പലസ്തീൻരാജ്യത്തെ ശവസംസ്കാര ചടങ്ങിന്റെ പുരാതനത്വത്തിനു തെളിവാണ് മക്പേലാ ഗുഹ സംബന്ധിച്ച പാരമ്പര്യം. അവിടെ സാറയെയും അബ്രഹാമിനെയും അടക്കം ചെയ്തു (ഉല്പത്തി 23:19; 25:9). മോശെയെ ദൈവം ബേത്ത് പെയോരിന് എതിരെയുള്ള മോവാബ് താഴ്വരയിൽ അടക്കിയതായി വേദപുസ്തകം സാക്ഷീകരിക്കുന്നു (ആവർത്തനം 34:6). യാക്കോബിന്റെ അന്ത്യസമയത്തെ ആഗ്രഹപ്രകാരം മകൻ യോസേഫ് പിതാവിന്റെ ശവസംസ്കാരം അതിഗംഭീരമായി നടത്തിയത് പിൽക്കാലത്ത് പല ക്രിസ്തീയസഭകളും ശവസംസ്കാര ശുശ്രൂഷാഭാഗമായി സ്വീകരിച്ചു. യാക്കോബ് മരണസമയത്ത് പിതാക്കന്മാരുടെ സമീപം തന്നെ അടക്കം ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു. നാല്പതു ദിവസം സുഗന്ധവർഗ്ഗം ശരീരത്തിൽ ഇടുകയും എഴുപതു ദിവസം ജനം വിലാപം കഴിക്കുകയും ചെയ്തിരുന്നു.

അനേകർ മരിച്ച് അടക്കം ചെയ്തു എന്ന് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നവരിൽ ചില പ്രധാനപ്പെട്ടവരെപ്പറ്റി താഴെ ചേർത്തിരിക്കുന്നു: യോശുവ മരിച്ചു. അടക്കം ചെയ്തു

(യോശുവ 24:29, 30). ശിംശോൻ മരിച്ചു. അടക്കം ചെയ്തു (ന്യായാധിപന്മാർ 16:31). ദാവീദ് മരിച്ചു. അടക്കം ചെയ്തു (1 രാജാക്കന്മാർ 2:10,11) ശലോമോൻ മരിച്ചു. അടക്കം ചെയ്തു (1 രാജാക്കന്മാർ 11:43). യെഹിസ്കിയാവ് മരിച്ചു. അടക്കം ചെയ്തു (2 ദിനവൃത്താന്തം 32:33). പുതിയനിയമത്തിലും പല ദൈവമക്കളും മരിച്ചു, അടക്കം ചെയ്തു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ശിരസ് ഛേദിക്കപ്പെട്ട് ഉടൽ മാത്രമുണ്ടായിരുന്ന യോഹന്നാൻ സ്നാപകന്റെ ശരീരവും അടക്കം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

ഈജിപ്തിൽ (മിസ്രയീമിൽ) പാർത്തിരുന്ന യോസേഫ് മരിച്ചപ്പോൾ മാത്രമേ ശവപ്പെട്ടി ഉപയോഗിച്ചിരുന്നതായി രേഖയുള്ളൂ (ഉല്പത്തി 50:26). വേദപുസ്തകം വീണ്ടും വിശകലനം ചെയ്താൽ ഒരു മനുഷ്യന് നല്ല ശവസംസ്കാരം ലഭിക്കുന്നത് യഹോവയിൽ നിന്നുള്ള കൃപയും അനുഗ്രഹവുമായി കരുതാം. അതുകൊണ്ടാണ് ജ്ഞാനിയായ ശലോമോൻ സഭാപ്രസംഗി 6:3-ൽ ഇപ്രകാരം പറയുന്നത്: "ഒരു മനുഷ്യൻ നൂറു മക്കളെ ജനിപ്പിക്കുകയും ഏറിയ സംവത്സരം ജീവിച്ചു ദീർഘായുസ്സായിരിക്കുകയും ചെയ്തിട്ടും അവൻ നന്മ അനുഭവിച്ചു തൃപ്തനാകാതെയും ഒരു ശവസംസ്കാരം പ്രാപിക്കാതെയും പോയാൽ ഗർഭം അലസിപ്പോയ പിണ്ഡം അവനെക്കാൾ നന്ന് എന്നു ഞാൻ പറയുന്നു."

ഒരുപക്ഷേ ശലോമോൻ ഇപ്രകാരം എടുത്തു പറയുവാൻ കാരണം ഉല്പത്തി 15:15-ൽ അബ്രഹാമിനു ദൈവം നൽകിയ അനുഗ്രഹം കണക്കിലെടുത്തുകൊണ്ടാകണം. നീയോ സമാധാനത്തോടെ നിന്റെ പിതാക്കന്മാരോടു ചേരും, നല്ല വാർധക്യത്തിൽ അടക്കപ്പെടും എന്ന് അബ്രഹാമിനോടു ദൈവം അരുളിച്ചെയ്യുന്നു. യെരോബയാം രാജാവിന്റെ മകന്റെ മരണത്തെപ്പറ്റി പ്രവചിക്കുന്ന സമയം അവനിൽ മാത്രം യഹോവയ്ക്ക് പ്രസാദമുള്ള കാര്യം അല്പം കാണുകയാൽ അവനെ മാത്രം കല്ലറയിൽ അടക്കം ചെയ്യും എന്ന് അരുളിച്ചെയ്തത് 1 രാജാക്കന്മാർ 14-ന്റെ 13-ൽ കാണാം. കല്ലറയിൽ അടക്കം ചെയ്യുന്നത് അനുഗ്രഹവും ഭാഗ്യവുമായി കാണുന്നതുപോലെ അടക്കം ലഭിക്കാതെ ഇരിക്കുന്നത് നിർഭാഗ്യവും ശാപവും ആയിരുന്നതിനു തെളിവാണ് 1 രാജാക്കന്മാർ 13:22-ലെ വിവരണം. നിന്റെ ശവം നിന്റെ പിതാക്കന്മാരുടെ കല്ലറയിൽ വരികയില്ല എന്ന ശാപവചനം ദൈവത്തിൽ നിന്നു വരുന്നു. യിരമ്യാവിന്റെ പ്രവചന പുസ്തകം 16:4-ൽ നിന്റെ ശവശരീരം പക്ഷികളും മൃഗങ്ങളും തിന്നുപോകും എന്നും അവരെ കുഴിച്ചിടുവാൻ ആരും ഉണ്ടാകയില്ലെന്നും പ്രവചിച്ചതുപോലെ സംഭവിച്ചത് വേദപുസ്തകം സാക്ഷീകരിക്കുന്നു. ക്രിസ്തുവിനു മുമ്പ് ബി.സി. 626-ൽ ജീവിച്ചിരുന്ന യിരമ്യാ പ്രവാചകൻ യരുശലേംദേവാലയവും നഗരവും കത്തിചാമ്പലാകും എന്ന് പ്രവചിച്ച പ്രകാരം സ്വയമേ കാണുവാൻ നിർഭാഗ്യവും ദുർവിധിയും ഉണ്ടായി.

ബൈബിളിൽ ശൗലിന്റെ മൃതശരീരം കരിച്ചുകളഞ്ഞതായി എഴുതിയിരിക്കുന്നതു നാം കാണുന്നു. 1 ശമുവേൽ 31:11-12 വാക്യങ്ങളിൽ ആത്മഹത്യ ചെയ്ത ശൗലിന്റെ ഉടലും അവന്റെ പുത്രന്മാരുടെ ജഡവും യാബേശ് നിവാസികൾ എടുത്തുകൊണ്ടുപോയി ദഹിപ്പിച്ചതായി എഴുതിയിരിക്കുന്നു. ദൈവത്താൽ അഭിഷിക്തനായിരുന്ന ശൗലിന്റെ ദുഷ്പ്രവൃത്തി മൂലം യഹോവയുടെ ആത്മാവ് അവനെ വിട്ടുമാറി. ദുരാത്മാവ് അവനെ ബാധിച്ചു. ദൈവം അവനെ കൈവിട്ടതിനാൽ അവന്റെ ശരീരം ദഹിപ്പിക്കുന്നതിന് ഇട

വന്നു എന്ന് നാം വിശ്വസിക്കണം. ഇതു ക്രിസ്തീയസഭകൾക്ക് ഒരു മുന്നറിയിപ്പാണ്.

കാലഘട്ടത്തിനനുസൃതമായി ദൈവവചനം താത്തമ്യപഠനം നടത്തി വിട്ടുവീഴ്ചകൾക്കു വേണ്ടി യഥേഷ്ടം നിർവചിച്ചു ചെയ്യുന്ന പ്രവൃത്തി ദൈവനീതിക്കെതിരാണ്. സ്ഥലപരിമിതികൾ മൂലവും, ശവം മറവു ചെയ്യുന്നതിന് ജനങ്ങളിൽ നിന്നുള്ള എതിർപ്പു മൂലവും, ദുഷ്കരമായ നിയമവ്യവസ്ഥകൾ ഒഴിവാക്കുന്നതിനും ശുശ്രൂഷകൾക്കു ശേഷം മൃതശരീരം ദഹിപ്പിക്കുന്നതു ന്യായീകരിക്കുവാൻ കഴിയുകയില്ല. മുകളിൽ നിരത്തിയ ചില തെളിവുകൾ ഈ പ്രവൃത്തി ദൈവവചനത്തിന് എതിരാണെന്ന് വെളിപ്പെടുത്തുന്നു.

ശവസംസ്കാര ശുശ്രൂഷകൾക്കു ശേഷം ശരീരം കരിച്ചുകളയുന്നത് ശവസംസ്കാരത്തിന്റെയോ അടക്കത്തിന്റെയോ ഭാഗമായി കരുതുവാൻ കഴിയുകയില്ല. ഇതിനു ബലം നൽകുന്ന വാക്യം ഉല്പത്തി 3:19-ൽ പറയുന്നു. "നീ പൊടി ആകുന്നു, പൊടിയിൽ തിരികെ ചേരും." 90-ാം സങ്കീർത്തനത്തിന്റെ 3-ൽ ദൈവപുരുഷനായ മോശെയുടെ പ്രാർത്ഥന ഇപ്രകാരം ആണ്. "നീ മർത്ത്യനെ പൊടിയിലേക്ക് മടങ്ങി ചേരുമാറാക്കുന്നു."

ഈ രണ്ടു വാക്യങ്ങളിൽ "പൊടിയിൽ തിരികെ ചേരും" എന്നതും "പൊടിയിലേക്കു മടങ്ങി ചേരുമാറാക്കുന്നു" എന്നതും വളരെ കരുതലോടെയും സൂക്ഷ്മതയോടെയും നിരീക്ഷിക്കേണ്ടവയാണ്. പൊടിയിലേക്ക് തിരികെ ചേരും എന്നതിന്റെ അർത്ഥം ശരീരം ദഹിപ്പിച്ചു പൊടിയോ ക്ഷാരമോ ആക്കും എന്നല്ല, പൊടിയിലേക്ക് ചേരുമാറാക്കുന്നു എന്നത് പൊടി ആക്കി ചേർക്കുന്ന പ്രക്രിയയുമല്ല. ദൈവം തന്റെ ഛായയിൽ സൃഷ്ടിച്ച മനുഷ്യശരീരം മരണശേഷം അതുപോലെ മണ്ണിന് തിരികെ നൽകുന്നതിനു പകരം കരിച്ചു കളയുന്നത് ന്യായമായി ചിന്തിച്ചാലും ഒരു ദൈവനിഷേധം തന്നെയല്ലേ?

പ്രധാനമായും മൂന്നു രീതിയിലുള്ള ശവസംസ്കാരങ്ങൾ ഉണ്ട്. 1. Land Burial, 2. Fire Burial, 3. Water Burial. Fire Burial പ്രധാനമായും ഹിന്ദുമതാചാരപ്രകാരം നടക്കുന്നവയാണ്. യുദ്ധമേഖലകളിൽ മൃതശരീരങ്ങൾ കൂട്ടമായി ഇട്ടു ദഹിപ്പിക്കാറുണ്ട്. എന്നാൽ കപ്പൽഛേദം വന്നാലോ, കപ്പലിൽ മൃതശരീരം സൂക്ഷിക്കുന്നതിനു സാഹചര്യം ഇല്ലാതെ വന്നാലോ, ശവശരീരം വെള്ളത്തിലേക്ക് എറിഞ്ഞുകളയുന്ന പതിവുണ്ട്. ഇതിനെയാണ് Water Burial എന്നു പറയുന്നത്. ഒരു വിശ്വാസിയുടെ ശരീരം ഏതു രീതിയിൽ സംസ്കരിക്കും എന്നത് അവന്റെ അന്ത്യം നിർണയിക്കുന്നപ്രകാരം ആണല്ലോ.

ചരിത്രം പരിശോധിച്ചാൽ ശവദാഹം യഹൂദർക്കും മുസ്ലിമുകൾക്കും ക്രിസ്ത്യാനികൾക്കും വർജ്ജ്യമാണ്. സ്ഥലപരിമിതിയാണ് ശവസംസ്കാരത്തിനു തടസ്സമായിരുന്നതെങ്കിൽ എന്തുകൊണ്ട് അബ്രഹാമിന് സ്ഥലം ഇല്ലായിരുന്നപ്പോൾ സാറയുടെ മൃതശരീരം ദഹിപ്പിച്ചില്ല എന്ന ചോദ്യം ഉയർന്നുവരുന്നു. അദ്ദേഹം ദൈവിക ആലോചനപ്രകാരം മക്പേലാ ഗുഹ വിലയ്ക്കു വാങ്ങി സാറയെ അടക്കം ചെയ്തു. സർവ്വജാതികളുടെയും പിതാവായ അബ്രഹാമിന്റെ പിന്തുടർച്ചാവകാശികൾ എന്ന് അവകാശപ്പെടുന്ന നാം വിശ്വാസികളുടെ പിതാവായി അദ്ദേഹത്തെ അംഗീകരിച്ചിട്ട് അദ്ദേഹം കാണിച്ചു തന്ന മാർഗ്ഗത്തെ പിന്തുടരാതെ ജാതിയമതാചാരം പിന്തുടരുന്നത് പ്രമാണലംഘനമാണ്, അതു കൊടിയ പാപമാണ്.

മോശെ മരിച്ചപ്പോൾ ബേത്ത് പെയോരിനെതിരെയുള്ള താഴ്വരയിൽ യഹോവയായ ദൈവം അവനെ അടക്കി നമുക്കു മാതൃക കാട്ടിത്തന്നു. പുതിയനിയമത്തിൽ വന്നാൽ 1 കൊരിന്ത്യർ 3-ന്റെ 16-17: "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും; ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ; നിങ്ങളും അങ്ങനെ തന്നെ" എന്ന് വീണ്ടും പറയുന്നു. ഇവിടെ ദേഹം, ദേഹി, ആത്മാവ് ഉൾക്കൊണ്ട മനുഷ്യശരീരത്തെയാണ് ഉദ്ദേശിച്ചിരിക്കുന്നത്.

OCYM

മൗനത്തിന്റെ ലാവണ്യം



■ ഫാ. യൂഹാനോൻ ജോൺ
മൈലപ്ര

സമകാലിക സാഹചര്യത്തിൽ സംഗതമായ ചിന്താവിഷയമാണ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനം മുന്നോട്ടു വയ്ക്കുന്നത്. ശബ്ദഘോഷണം കൊണ്ട് മൃദുസ്വരങ്ങളെയും, പ്രതിസ്വരങ്ങളെയും അടിച്ചമർത്തുന്ന ഭാഷാപരമായ ഹിംസയുടെ നടനമാണ് ആധുനിക ലോകക്രമത്തിൽ ദൃശ്യമാവുന്നത്. ലോകചരിത്രം പരിശോധിക്കുമ്പോൾ ആശയ വിനിമയ ഉപാധികൾ ഏറ്റവും അധികം മനുഷ്യരുടെ കൈവശം ഉള്ളത് ഇക്കാലത്താണ്. എന്നാൽ കുടുംബ പശ്ചാത്തലത്തിൽ സംവേദന വിടവ് വർദ്ധിതമായ കാലയളവും ഇതുതന്നെ. ആശയവിനിമയ സംവിധാനങ്ങൾ കൊണ്ട് ആഗോള ഗ്രാമം പടുത്തുയർത്താമെന്ന് വ്യാമോഹം പരത്തിയവർ ആശയ വ്യവഹാരങ്ങൾ കൊണ്ട് സൂക്ഷ്മ ഗ്രാമ സങ്കല്പങ്ങളെ തച്ചുടയ്ക്കുകയാണ് ചെയ്തത്.

മാധ്യമസംസ്കാര നെറുകയിൽ അയൽ വീടുകൾ തമ്മിലും അയൽ രാജ്യങ്ങൾ തമ്മിലുമുള്ള അന്തരം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. വിവിധ സമൂഹ ങ്ങളും, ഗോത്രങ്ങളും സ്വത്വ നിർണയ ത്തിനു വേണ്ടി ഭാഷയിലൂടെയും സംവാദങ്ങളി ലൂടെയും അപരത്വം സൃഷ്ടിച്ച് "നീ ഞാനല്ല, ഞാൻ നീയുമല്ല; നീ എന്റേതല്ല, ഞാൻ നിന്റേതുമല്ല; നിനക്ക് നിന്റെ കാര്യം, എനിക്കെന്റെ കാര്യം" എന്ന തത്വാധിഷ്ഠിത കാഴ്ചപ്പാടോടെ സ്വയ- അസ്തിത്വത്തെ പ്രശ്നവത്ക്കരിക്കുവാൻ ശ്രമം നടത്തുന്നു. "ഞാ നെന്റെ സഹോദരന്റെ കാവൽക്കാരനോ?" എന്ന കായേന്യ നിലപാ

ടിന്റെ കാലികതയാണ് ഇവിടെ നടകൊള്ളുന്നത്. ജൈവപരമായ ക്രിയാത്മക ആത്മീയതയ്ക്ക് പകരം മമതദർശനങ്ങളെ കേവലം ശബ്ദ ഡെസിബലിലേക്ക് മാറ്റുവാനുള്ള വിഫല ശ്രമം മതങ്ങളിൽ ഏറി വരുന്നു. ദൈവസംസർഗത്തിനായുള്ള ക്രൈസ്തവ നമസ്കാര പൈതൃകത്തെ നവയുഗ സഭകൾ ശബ്ദ കോലാഹലത്തിന്റെ വിന്യാസമാക്കി മാറ്റി. അർത്ഥവത്തായ സംവേദനവും ദൈവസ്പർശിയായ ആരാധനയും മനുഷ്യസമൂഹത്തിലെ ഏകതാ ബോധവും പരിമിതമാക്കപ്പെടുന്ന കാലത്ത് മൂല്യമുള്ള ശബ്ദവും അമൂല്യമായ മൗനവും ചേർത്തു പിടിക്കാൻ യൗവ്വനത്തിന്റെ സൗന്ദര്യ ബോധം ഉപയുക്തമാക്കണം.

ക്രിസ്തുവിന്റെ മൗനം:

ലോക ജീവിതക്രമത്തിൽ യുവാക്കൾക്ക് ആവിഷ്ക്കരിക്കാനാകുന്ന മാതൃക യുവാവായ ക്രിസ്തുവിന്റെ ശബ്ദ-മൗന സന്തുലിതമായ ജീവിതരീതിയാണ്. രാത്രികൾ യേശുക്രിസ്തുവിന് പിതാവിനോടുള്ള മൗന സംവാദന നിമിഷങ്ങളായിരുന്നു. പൂന്തോട്ടങ്ങളും, കടൽതീരവും, കുന്നുകളും ക്രിസ്തുവിന്റെ മൗന സംവേദന പ്രകൃതത്തിന് അനുയോജ്യമായ പ്രകൃതിയിടങ്ങളായിരുന്നു. മൂന്നര വർഷത്തെ പരസ്യ ശുശ്രൂഷയ്ക്കായി മുപ്പതു വർഷത്തെ ദീർഘ മൗനവും നാല്പതു രാവും, നാല്പതു പകലും നീണ്ടു നിന്ന മരുഭൂമിയിലെ തൽക്ഷണമായ ഒരുക്ക മൗനവും ക്രിസ്തു അനുഷ്ഠിച്ചു.

പൂർണ ദൈവവും, പൂർണ മനുഷ്യനുമായ ക്രിസ്തുവിന്റെ മൗന ശൈലി മനുഷ്യജീവിതത്തിലെ അപൂർണതകളെ പരിഹരിക്കാനുള്ള മാർഗപാഠമാണ്. ധാർമ്മികതയ്ക്കു വേണ്ടിയും നീതിക്കുവേണ്ടിയും ശബ്ദമുയർത്തിയ ക്രിസ്തു തനിക്കെതിരെ ആരോപണങ്ങൾ ഉയർന്നപ്പോൾ നിശബ്ദതയുടെ പ്രതിരോധമാണ് തീർത്തത്. മനുഷ്യവിമോചനത്തിനായി സ്വരമുയർത്തിയ ക്രിസ്തു സ്വന്തം നിലനിൽപ്പിനുവേണ്ടി വാദിക്കാതെ പീലാത്തോസിന്റെ അരമനയിൽ മൗനിയായി നിൽക്കുന്നു. എന്താണ് സത്യമെന്ന പീലാത്തോസിന്റെ ചോദ്യ ത്തിനും മൗനമായിരുന്നു ഉത്തരം. സത്യത്തെ പരിരക്ഷിക്കാനുള്ള മാർഗമാണ് മൗനം. വ്യാഖ്യാനങ്ങൾ അപൂർണമാകുന്നിടത്ത് മൗനമാണ് കാമ്യം. അനിർവചനീയമായതിനെ വർണിക്കാൻ മൗനമല്ലാതെ മറ്റൊരു മാർഗവുമില്ല. മൗനത്തിന്റെ ആഴത്തിൽ നിന്ന് പൊന്തി വന്ന വാക്കുകളാണ് കർത്താവിന്റെ സുവിശേഷം. ആ വാക്കുകൾക്ക് ലാവണ്യമുണ്ട്, ആധി കാരികതയുണ്ട്, നിലയ്ക്കാത്ത ഒഴുക്കും, നിത്യതയുമുണ്ട്.

മൗനത്തിന്റെ സഭാ പൈതൃകം:

ആദിമസഭയിൽ മൗനത്തിനും പ്രാർത്ഥനയ്ക്കും പ്രാധാന്യം നൽകിയിരുന്നു. യേശുക്രിസ്തുവിൽ നിന്ന് ആർജിച്ച മൗനശീലനം ശിഷ്യന്മാർ തങ്ങളുടെ ജീവിതത്തിലും അനുവർത്തിച്ചിരുന്നു. അപ്പോസ്തോലിക പിതാക്കന്മാരും ആ ശൈലി തന്നെ തുടർന്നു. സന്യാസികളുടെ പിതാവായി അറിയപ്പെടുന്ന വി.അന്തോണി യോസ് ദീർഘകാലം വനാന്തരങ്ങ ളിൽ ഏകാന്ത ധ്യാനത്തിൽ ജീവിതം കഴിച്ച വ്യക്തിയാണ്. നാലാം നൂറ്റാണ്ടിൽ ക്രൈസ്തവ മതം റോമാ സാമ്രാജ്യത്തിലെ ഔദ്യോഗിക മതമായി പ്രഖ്യാപിക്കപ്പെടുകയും അതുമൂലം മതത്തിൽ വർദ്ധിതമായി സ്ഥാപനവത്ക്കരണം ഉണ്ടാവുകയും ചെയ്തു. ഇതിൽ മനം നൊന്ത് അനേകർ മരുഭൂമിയിലേക്ക് പാലായനം ചെയ്ത് മൗനത്തിനും ധ്യാനത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ജീവിച്ചു. അവരെയാണ് മരുഭൂമിയിലെ പിതാക്കന്മാർ എന്ന് വിളിക്കപ്പെടുന്നത്. മൗനം, ധ്യാനം, ഗ്രന്ഥപാരായണം, കൃത്യതയാർന്ന ദിനചര്യ, അധ്വാനം എന്നിവയിൽ ആധാരമാക്കിയ ആദ്ധ്യാത്മിക നിഷ്ഠകളായിരുന്നു. മരുഭൂ ആത്മീയതയുടേത് അനേകം ക്രിസ്ത്യൻ മിസ്റ്റിക് സന്യാസിമാർ മണലാരണ്യത്തിന്റെ ആത്മീയ പാരമ്പര്യത്തിൽ ജീവിച്ചിരുന്നു. കപ്പദോക്യൻ

ശേഷം 23-ാം പേജിൽ

1 കൊരിന്ത്യർ 6-ന്റെ 15-ൽ "നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങൾ ആകുന്നു എന്നറിയുന്നില്ലയോ?" വീണ്ടും 19-ലും 20-ലും പറയുന്നു: "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരമെന്നും നിങ്ങളെ വിലയ്ക്ക് വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്ക് ഉള്ളവർ അല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരംകൊണ്ട് ദൈവത്തെ മഹത്ത്വപ്പെടുത്തുവിൻ." ശരീരത്തിൽ ദൈവാത്മാവിന്റെ സാന്നിധ്യം നിറഞ്ഞുനിൽക്കുമ്പോൾ ശാരീരികമരണം സംഭവിക്കുമ്പോൾ സർവ്വശക്തനായ ദൈവത്തിന്റെ സാന്നിധ്യം ശീഘ്രം മാറുന്നില്ല. കർത്താവായ യേശുക്രിസ്തുവിന്റെ വചനം വീണ്ടും പറയുന്നു: കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ട് നന്മ ചെയ്തവർ ജീവന്നായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്‌വാനുള്ള നാഴിക വരുന്നു. (യോഹന്നാൻ 5:28-29) ഇവിടെ കല്ലറയുടെ കാര്യം എടുത്തു പറയുന്നത് അടക്കത്തിന്റെ പ്രാധാന്യം വിസ്മരിച്ചുകൊണ്ടല്ല.

മൃതശരീരം കരിച്ചാൽ അല്ലെങ്കിൽ ദഹിപ്പിച്ചാൽ അതിൽ നിന്ന് ഉദ്ഭവിക്കുന്ന വായു മാരകമായ വിഷമാണെന്ന് ശാസ്ത്രം തെളിയിച്ചുകഴിഞ്ഞു. അതിനാൽ ദഹനം ശാസ്ത്രീയമായി പ്രകൃതിവിരുദ്ധമാണ്. അത് അഭികാമ്യമല്ല. ചില രാജ്യങ്ങളിൽ മൃതശരീരം ദഹിപ്പിക്കുന്നതു നിയമവിരുദ്ധവും ശിക്ഷാർഹവുമാണെന്ന് പ്രഖ്യാപിച്ചിരിക്കുന്നു (മനോരമ പത്രം 25 ഓഗസ്റ്റ് 2007).

പൗരോഹിത്യസഭകളിൽ മൃതശരീരത്തിൽ പ്രാർത്ഥിച്ചു തൈലം പൂശുന്ന രീതി ഇപ്പോഴും നിലനിൽക്കുന്നു. അതു ശുശ്രൂഷയുടെ ഭാഗമാണ്. ഈ ശുശ്രൂഷ നടത്തിയതിനു ശേഷം ഉടൻ മൃതശരീരം ദഹിപ്പിക്കുവാൻ അനുവാദം നൽകുന്നത് ദൈവഹിതമാണോ എന്ന് ഇതനുവദിക്കുന്ന സഭകൾ ചിന്തിക്കേണ്ടിയിരിക്കുന്നു.

മൃതശരീരം കരിച്ചുകളയാനോ ദഹിപ്പിച്ചുകളയാനോ വേദധർമ്മം പറയുന്നില്ല. അതിനെ മണ്ണിനു തന്നെ യോഗ്യമായി നൽകുക. പിതാവാംദൈവം കാണിച്ചുതന്നതു തിരുത്താതെ പൂർവികപിതാക്കന്മാർ പാലിച്ചുപോന്ന മാതൃക പിൻപറ്റുന്നതാണ് അഭികാമ്യം. ദഹനം നടത്തുന്നതിന് അനുകൂലമായ ഒരു ദൈവവചനവും ബൈബിളിൽ കാണുന്നില്ല. ദഹനം ക്രൈസ്തവസഭ അനുവർത്തിച്ച ഒരു മാതൃകയും ഇല്ല. സാഹചര്യം മാത്രമാണ് ദഹനത്തിന് അനുവദിച്ച അടിസ്ഥാനം. സഭയുടെ ഭരണഘടനയും ചട്ടങ്ങളും നിർമ്മിക്കുമ്പോഴും അതു വേദവിപരീതമാണോ എന്നു പഠിച്ചിട്ടു വേണം അനുമതി നൽകേണ്ടത്. ■

37-ാം ചരമ വാർഷികം

എന്റെ ആത്മീയ ഗുരുവിന്റെ പാവനസ്മരണയ്ക്ക്

REV. FR. M. YOHANNAN

OTTALUMMOOTTIL HOUSE

CHENNITHALA, MAVELIKKARA TALUK

21-02-1895



22-09-1979

"ഭാഗ്യാ ദൈവസുതാ! നിന്നെ ശുശ്രൂഷിച്ചോരു വൈദികരെ
നിന്നാഗമന മഹാനാളിൽ ഓർത്തുമുഖപ്രഭയേകണമേ"
"നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊള്ളുവിൻ
അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പീൻ" - (എബ്രാ:13:7)

During his long pastoral life, Rev. Fr. Yohannan had served in various Orthodox Syrian Churches in the erstwhile Travancore state (notably in St. Thomas Orthodox Syrian Church, Chenamkary, Alleppey District), Malabar and Tamilnadu. He had also worked in the Mission fields of Brahmhavar and the then Ceylon.

He spent his last years of life as an inmate of St. Paul's Ashram, Puduppady, at the behest of very Rev. K.I. Philipose Ramban where he was looked after very well. His prayer life was commendable. He was very particular in his daily prayers at the appointed times. He was very pious, honest and trustworthy. He used to help the poor and needy by giving even sacrificially. Saving anything materially was never in his mind. Self-help was his motto. For example, he used to wash his own cloths. His mortal remains lie interred in a Tomb at the precinct of St. Paul's Ashram and Balabhavan, Puduppady-673586, Kozhikode District.

Remembered with reverence by V.C. Joseph, Vettikkad House, 200-A, Malligai Avenue, Sakthi Nagar East, Thindal, Erode-638012



മൗനത്തിന്റെ...

21-ാം പേജിൽ നിന്നും...

പിതാക്കന്മാരായ വി.ബസേലിയോസും, ഗ്രീഗോറിയോസും മൗനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സവിത്രം പ്രതിപാദിച്ചിട്ടുണ്ട്. 'തെയോറിയ' അഥവാ ധ്യാനജീവിതത്തിന് അവർ ജനങ്ങളെ ആഹ്വാനം ചെയ്യുന്നുണ്ട്. സഭയുടെ ആരാധനാ ഗീതങ്ങളും പാട്ടുകളുമൊക്കെ നിശബ്ദതയുടെ സന്യാസ പാരമ്പര്യത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്. അപ്രേമിന്റെ പാട്ടുകൾ മരുഭൂമിയിലെ ഏകാന്തതയിൽ രചിക്കപ്പെട്ടിട്ടുള്ളതാണ്. സുറിയാനി സഭയിലെ ദയറാകളിലെ നിശബ്ദതയിൽ നിർമ്മിക്കപ്പെട്ടവയാണ് നാം ഉപയോഗിക്കുന്ന പല ആരാധനാ ക്രമങ്ങളും. ഏകാന്ത ധ്യാനത്തിലും മൗനത്തിലും ഏറെ സമയം ചെലവഴിച്ചിരുന്ന മലങ്കര സഭാപിതാക്കന്മാരുടെ ശ്രേണിയും നമുക്കുണ്ട്. പരിശുദ്ധ പരുമല തിരുമേനി, പരിശുദ്ധ പാമ്പാടി തിരുമേനി, മൈലപ്ര മാത്യൂസ് റമ്പാൻ തുടങ്ങിയ പിതാക്കന്മാർ മൗനത്തിന്റെ പ്രണേതാക്കളായിരുന്നു.

മൗനത്തിന്റെ ആന്തരികതയും ബാഹ്യതലവും:

മൗനത്തിന് ബാഹ്യതലവും ആന്തരിക തലവുമുണ്ട് ബാഹ്യതലം മൗനത്തിൽ സംസാരം കുറയ്ക്കു കയും, ഭൗതിക ഇടപെടലുകൾ ചുരുക്കുകയും ചെയ്യുന്നു. ആന്തരിക മൗനമെന്നാൽ നിർവിചാരതയാണ്. മനസിന്റെ മൗനമാണ് ആന്തരിക മൗനം. വായ് സംസാരിച്ചില്ലെങ്കിലും നമ്മുടെ ബുദ്ധിയും മനസും സംസാ രിച്ചുംകൊണ്ടേയിരിക്കും. മനസിന്റെ നിശബ്ദമാക്കലാണ് ആന്തരിക മൗനം. മൗനാനുഭവത്തിൽ ഉള്ളിലെ ആഗ്രഹങ്ങളെ നിഗ്രഹിച്ച് വിചാരങ്ങളുടെ അനാവശ്യമായ പരിഭ്രമത്തെ തടയുന്നു. വ്യക്തിയുടെ സ്വയം ബോധത്തിൽ നിന്ന് ദൈവബോധത്തിലേക്കുള്ള ചുവടുമാറ്റമാണ് ആന്തരിക മൗനത്തിന്റെ അന്തസത്ത.

മൗനത്തിന്റെ രാഷ്ട്രീയം:

പൊതു സമൂഹത്തെക്കുറിച്ചും സാമൂഹിക വ്യവസ്ഥിതിയെക്കുറിച്ചും കരുതലില്ലാത്ത വ്യക്തി കേന്ദ്രീകൃതമായ ശൈലിയെയാണ് അരാഷ്ട്രീയം എന്ന പദം നിർവചിക്കുന്നത്. മൗനം അരാഷ്ട്രീയതയാണെന്ന നിലപാടുള്ളവരുണ്ട്. നീതി നിഷേധത്തിലും അവകാശ ധ്വംസനത്തിലും സ്വരമുയർത്താത്തത് അരാഷ്ട്രീയം തന്നെയാണ്. എന്നാൽ ക്രിയാത്മക മൗനത്തിന് വ്യക്തമായ രാഷ്ട്രീയമുണ്ട് ആദ്ധ്യാത്മിക മൗനം നിസംഗതയല്ല, നിഷ്ക്രിയത്വവുമല്ല. അർത്ഥവത്തായ ഇടപെടലിനുള്ള അനിവാര്യമായ നിശബ്ദതയാണ് ആന്തരിക മൗനത്തിന്റെ രാഷ്ട്രീയം. ക്രിസ്തുവിന്റെ അവസരോചിതമായ ഭാഷണവും മൂല്യവത്തായ മൗനവും ചേർന്നു നിന്നപ്പോഴാണ് നവസമൂഹനിർമ്മിതിക്ക് നിദാനമായി തീർന്നത്. യുവാക്കൾ നിസംഗതയുടെ അരാഷ്ട്രീയ മൗനത്തിന്റെ വേഷം ധരിക്കേണ്ടവരല്ല. നവലോക നിർമ്മിതിക്കുള്ള ചലനാത്മകമായ ആന്തരിക മൗനത്തിന്റെ രാഷ്ട്രീയ വക്താക്കളാകണം യുവജനം.

യുവാക്കളും മൗനത്തിന്റെ അനുശീലനവും

യൗവനത്തിലെ അനുശീലനങ്ങൾ വ്യക്തിത്വത്തിന്റെ ശീലങ്ങളാകും. എല്ലാ ദിവസത്തിന്റെയും കുറച്ചു സമയം മൗനമായി ദൈവസംസർഗത്തിൽ ചെലവഴിക്കാൻ തീരുമാനമുണ്ടാകണം. നോമ്പു ദിവസങ്ങളിൽ പരമാവധി സംസാരം കുറച്ച് ദൈവവുമൊത്തുള്ള ആത്മഭാഷണത്തിന്റെ സമയങ്ങളാക്കണം. ഇഷ്ടപ്പെട്ട ഏതെങ്കിലും ചെറു പ്രാർത്ഥനകൾ മനസിൽ ആവർത്തിച്ച് ചൊല്ലി മൗനാനുഭവത്തിലേക്കു കടക്കാൻ സാധിക്കും. ശ്വാസോച്ഛ്വാസ സത്തോടൊപ്പം ചെറുപ്രാർത്ഥനകൾ ഉരുവിടുന്ന ഓർത്തഡോക്സ് പ്രാർത്ഥനാ ശൈലി ജീവിതത്തിൽ ഉൾക്കൊള്ളണം. ബൗദ്ധികവും മാനസികവുമായ മൗന അനുഭവത്തെക്കാളുപരി തേജസ്കരണാനുഭവം അതിലൂടെ പ്രാപിക്കാൻ സാധിക്കും. സംസാരത്തിലൂടെ നഷ്ടപ്പെടാവുന്ന ജീവ ശക്തിയെ മൗനത്തിന്റെ ആത്മീയത യിലൂടെ ഫലപ്രദമായി വിനിമയം ചെയ്യാൻ ശ്രമിക്കാം. ■

മൈലപ്ര മാത്യൂസ് റമ്പാച്ചൻ



നമ്മുടെ മൈലപ്ര റമ്പാച്ചൻ ഏകാന്തവാസിയും, മുനിയും ആയിരുന്നുവെങ്കിലും അതോടു കൂടെ തന്നെ സമൂഹ പ്രാർത്ഥനയ്ക്കും പരിശുദ്ധ കുർബാനയ്ക്കും അദ്ദേഹം ഉയർന്ന സ്ഥാനം കൽപിച്ചു.

മാത്രമല്ല, ഒരു നല്ല സന്യാസിയുടെ പ്രത്യേകതകളിൽ പ്രധാനമായിട്ടുള്ളത്, അളവില്ലാത്ത താഴ്മയും, കളങ്കമില്ലാത്ത, ശിശുതുല്യമായ ശുദ്ധതയുമാണ്. ഇത് രണ്ടിലും റമ്പാച്ചൻ ആരുടെയും പിറകിലായിരുന്നില്ല. മറ്റൊരു ഗുരുവിന്റെ ശിക്ഷണത്തിന് കീഴ്പ്പെട്ട് താഴ്മയും മറ്റും അഭ്യസിക്കുവാൻ അദ്ദേഹത്തിന് അവസരം കിട്ടിയില്ലെങ്കിലും താഴ്മയും ശുദ്ധതയും അദ്ദേഹം സ്വയം അഭ്യസിച്ചു. നിഷ്കളങ്കമായ ഒരു മനസ്സാണ് റമ്പാച്ചനുണ്ടായിരുന്നതെന്ന് എന്റെ അറിവിൽ നിന്ന് എനിക്ക് പറയുവാൻ കഴിയും. എനിക്ക് അദ്ദേഹത്തോടുണ്ടായിരുന്ന വലിയ ബഹുമാനത്തിന്റെ അടിസ്ഥാനം, ഈ ശുദ്ധതയും, താഴ്മയും അദ്ദേഹത്തിന്റെ ഇടതോരാത്ത പ്രാർത്ഥനാശീലവുമായിരുന്നു. അങ്ങനെയുള്ള സന്യാസിമാർ നമ്മുടെ സഭയിൽ ഇന്നും അധികമില്ല.

പ. പരുമല തിരുമേനിയെപ്പോലെ പണ്ഡിതനൊന്നുമായിരുന്നില്ല മൈലപ്ര റമ്പാച്ചൻ. പക്ഷേ പ്രാർത്ഥനയിലും ഉപവാസത്തിലും പരുമല തിരുമേനിയെപ്പോലെ തന്നെ അത്യുൽസുകനും, നിഷ്ഠയുള്ളവനുമായിരുന്നു പി.ഐ. മാത്യൂസ് റമ്പാച്ചൻ.

– ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്

സഭയുടെ വിശുദ്ധ രഹസ്യങ്ങൾ

■ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്
മെത്രാപ്പോലീത്താ

ഓർമ്മയും അനുഷ്ഠാനവും

മുകളിൽ കൊടുത്തിരിക്കുന്ന വിവരണങ്ങളിൽ ആവർത്തിച്ചുപയോഗിച്ചിരിക്കുന്ന ചില പദങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്. പുനരാവിഷ്ക്കരിക്കുക, വീണ്ടും ജീവിച്ചറിയുക, അനുഭവിച്ചറിയുക, സ്വാംശീകരിക്കുക, പങ്കുചേരുക. ഇവയെല്ലാം ഓർമ്മയും അനുഷ്ഠാനവും എന്ന ആശയത്തോട് ബന്ധപ്പെട്ടു വരുന്നവയാണ്. ഭൂതകാല ചരിത്രത്തിൽ ഇടപ്പെട്ട് പ്രവർത്തിച്ച ദൈവത്തെയും അവന്റെ രക്ഷാകര പ്രവർത്തനങ്ങളെയും ആരാധനാനുഷ്ഠാനങ്ങളിലൂടെ ഓർക്കുമ്പോൾ വർത്തമാനകാലചരിത്രത്തിൽ സന്നിഹിതനായി രക്ഷാകര പ്രവർത്തനങ്ങൾ നിർവഹിക്കുന്ന ദൈവത്തെ സഭ അഭിമുഖീകരിക്കുകയും അനുഭവിച്ചറിയുകയുമാണ്. ഇവിടെ, ഓർമ്മ നമ്മുടെ ഭാഷയിൽ സാധാരണ വ്യവഹാരാർത്ഥത്തിലുള്ള സ്മാരകശുശ്രൂഷയല്ല. അനുഷ്ഠാനം ഓർമ്മയുണർത്തുന്ന വെറും പ്രതീകാത്മക കർമ്മങ്ങളുമല്ല. ഓർമ്മയും അനുഷ്ഠാനവും ക്രിസ്തുവിന്റെ സാന്നിദ്ധ്യവും ക്രിസ്തുവിലുള്ള സംബന്ധവും സാക്ഷാത്കരിക്കുന്ന സന്ദർഭമാണ്. ഒരിക്കലായി ചരിത്രത്തിൽ ക്രിസ്തു പൂർത്തീകരിച്ച രക്ഷാകര പദ്ധതി ആവർത്തിക്കുകയോ (repetition) തുടരുകയോ (Continuation) അല്ല, ഇന്നത്തെ അനുഭവമായി പരിശുദ്ധാത്മ വ്യാപാരത്താൽ വീണ്ടും വീണ്ടും ജീവിച്ചറിയുകയാണ്.

പഴയനിയമത്തിൽ 'ഓർക്കുക' (എബ്രായ: സാക്കർ; സുറിയാനി: ദ്ക്കാർ) എന്നാൽ ഓർമ്മതലത്തിൽ മാത്രം നടക്കുന്നതല്ല. യഹോവ ചരിത്രത്തിൽ നിർവ്വഹിച്ചിട്ടുള്ള വൻപ്രവർത്തികളെ യാഗങ്ങളും പെരുന്നാൾ ആചരണങ്ങളും വഴി ഓർക്കുന്നത് അവയെ കാലികമായി അനുഭവിച്ചറിയുന്നതിനാണ്. പെസഹാപ്പെരുന്നാളിനെ സംബന്ധിച്ച് പുറപ്പാട് പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു: "ഈ ദിവസം നിങ്ങൾക്ക് ഓർമ നാളായിരിക്കേണം.... തലമുറ തലമുറയായും നിത്യനിയമമായും നിങ്ങൾ അത് ആചരിക്കേണം' (പുറപ്പാട് 12:14). ഈ ഓർമ്മയും അനുഷ്ഠാനവും കഴിഞ്ഞകാല സംഭവങ്ങൾ പുനരാവിഷ്ക്കരിച്ച് ഈ കാലത്തിൽ അനുഭവമാക്കുന്നതിനു വേണ്ടിയാണ് ക്രമീകരിച്ചിരിക്കുന്നത്. പെസഹാ ആചരണത്തെ സംബന്ധിച്ച് മിഷ്ന എന്ന യഹൂദ ഗ്രന്ഥത്തിൽ കാണുന്ന ഒരു ഭാഗം ശ്രദ്ധിക്കുക: "ഈ പെരുനാൾ ആചരിക്കുമ്പോൾ നാം തന്നെ ഈജിപ്തിൽ നിന്ന് പുറപ്പെടുന്നുവെന്നവിധം വേണം അതു ചെയ്യുവാൻ" (Pesahim 10:5). ഇസ്രായേൽ ജനം ദൈവത്തെ ഓർക്കുന്നതിനും ദൈവം ഇസ്രായേൽ ജനത്തെ ഓർക്കുന്നതിനും - അങ്ങനെ പരസ്പരം അഭിമുഖീകരിക്കുന്നതിന് പ്രത്യേകനാളുകൾ/കാലങ്ങൾ മാത്രമല്ല സ്ഥാനങ്ങളും വേർതിരിച്ച് നിശ്ചയിച്ചിരിക്കുന്നു. മണ്ണു കൊണ്ട് ഒരു യാഗപീഠം നിർമ്മിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് യഹോവ കല്പിക്കുന്നു: "ഞാൻ എന്റെ നാമത്തിൽ സ്മരണ സ്ഥാപിക്കുന്ന ഏതു സ്ഥലത്തും ഞാൻ നിന്റെ അടുക്കൽ വന്ന് നിന്നെ അനുഗ്രഹിക്കും" (പുറ. 20:24). ചരിത്രത്തിൽ ഇടപെട്ട് അത്ഭുതം പ്രവർത്തിച്ച ദൈവത്തെ ആരാധക സമൂഹം ഓർമ്മ സ്ഥാപി

ച്ചിരിക്കുന്ന സ്ഥലത്തും ഓർമ്മ നിലനിർത്തുന്നതിന് പുനരാവിഷ്കരിക്കുന്ന അനുഷ്ഠാനങ്ങളിലൂടെയും വീണ്ടും അഭിമുഖീകരിക്കുന്നു. ദൈവത്തിന്റെ വീണ്ടെടുപ്പും രക്ഷയും വീണ്ടും ജീവിച്ചറിയുന്നു. ഗതകാല സംഭവങ്ങൾ വർത്തമാനകാലത്തിൽ പ്രസക്തമാക്കുന്ന ഓർമ്മയും അനുഷ്ഠാനവുമാണ് യറുശലേം ദൈവാലയത്തിലെ ആരാധകർക്ക് അനുഭവമായിരുന്നതെന്ന് കാണിക്കുന്ന ഒരു കീർത്തനം നോക്കുക: "വന്ന് ദൈവത്തിന്റെ പ്രവർത്തികളെ നോക്കുവിൻ. ..... അവൻ സമുദ്രത്തെ ഉണങ്ങിയ നിലമാക്കി, അവർ കാൽനടയായി കടന്നുപോയി. ... അവൻ നമ്മെ ജീവനോടെ കാക്കുന്നു; നമ്മുടെ കാലടികൾ വഴുതുവാൻ സമ്മതിക്കുന്നതുമില്ല" (സങ്കീ. 66:5-9).

ഓർമ്മ എന്നതിന് ഗ്രീക്ക് പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് 'അനമ്നേസിസ്' ആണ്. 'ഓർമ്മയിൽ കൊണ്ടുവരുന്ന പ്രവർത്തനം' എന്നാണിതിനർത്ഥം. പഴയനിയമത്തിൽ ഓർമ്മ എന്ന ആശയത്തോടനുബന്ധിച്ച് നാം കണ്ട എല്ലാ ആശയങ്ങളും പുതിയനിയമത്തിലും പ്രസക്തമാണ്. പഴയനിയമ ചിന്താധാരയുടെ വെളിച്ചത്തിൽ മാത്രമേ പുതിയനിയമത്തിലെ മറ്റേത് ആശയവുമെന്നതുപോലെ 'ഓർമ്മ'യും വ്യക്തമായി മനസ്സിലാവുന്നുള്ളു. "എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ" എന്ന ക്രിസ്തുവിന്റെ അനുശാസനം പഴയനിയമ പെസഹാ ആചരണം സംബന്ധിച്ച്, "ഈ ദിവസം നിങ്ങൾക്ക് ഓർമ്മനാളായിരിക്കേണം. നിങ്ങൾ അത് യഹോവയ്ക്ക് ഉത്സവമായി ആചരിക്കേണം" (പുറ. 12:14) എന്നു പറഞ്ഞുകൊണ്ട് യഹോവ നൽകുന്ന കല്പനയ്ക്ക് സമാനമായി കാണാവുന്നതാണ്. മിസ്രയിമിൽ നിന്ന് കനാനിലേക്കുള്ള പുറപ്പാടാണ് പെസഹായുടെ പശ്ചാത്തലമെങ്കിൽ ക്രൂശും പുനരുത്ഥാനവുമാണ് വി. കുർബാന സ്ഥാപനത്തിന്റെ പശ്ചാത്തലം. പുതിയനിയമ വ്യാഖ്യാനത്തിൽ വി. കുർബാന പുതിയനിയമത്തിന്റെ പെസഹായാണ്.

വിശുദ്ധ രഹസ്യങ്ങളിൽ ക്രിസ്തുവുമായുള്ള സംബന്ധവും അവിടുത്തെ രക്ഷാകര പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തവും ഇന്നും സാധ്യമാകുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം കൊണ്ടാണ്; മനുഷ്യ പ്രയത്നം കൊണ്ടല്ല. സകലവും സഭയെ ഓർമ്മപ്പെടുത്തുന്ന പരിശുദ്ധാത്മാവ് (യോഹ. 14:26) ക്രിസ്തുവിനെ സഭയ്ക്ക് ആനുകാലികമാക്കിത്തീർക്കുന്നു. വി. കുർബാനയിൽ പരിശുദ്ധാത്മാവിനെ വിളിച്ചുകൊണ്ടുള്ള പ്രാർത്ഥന (Epiclesis) ഈ നിലയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

ദൈവത്തിന്റെ രക്ഷാപദ്ധതി ചരിത്രത്തിൽ പൂർത്തീകരിച്ച ക്രിസ്തുവിനോട് ഇക്കാലത്തിൽ ജീവിക്കുന്ന സഭ കൗദാശികാനുഷ്ഠാനങ്ങളിലൂടെ നിരന്തരം ബന്ധപ്പെടുകയും എക്കാലവും അവനെ രക്ഷാദാതാവായി അനുഭവിച്ചറിഞ്ഞുകൊണ്ട് രക്ഷാപൂർത്തിയുടെ പ്രത്യാശയിൽ വളരുകയും ചെയ്യുന്നു. ഇങ്ങനെ ഓർമ്മയും അനുഷ്ഠാനവും വഴി ഭൂതവർത്തമാനഭാവി കാലങ്ങൾ ക്രിസ്തുവിൽ സമന്വയിപ്പിക്കുകയും കാലങ്ങൾ തമ്മിലുള്ള അകലവും അന്തരവും അവസാനിപ്പിച്ച് ഇക്കാല ജീവിതത്തിൽ തന്നെ നിത്യതയുടെ അനുഭവത്തിലേക്ക് സഭ പ്രവേശിക്കുകയും ചെയ്യുന്നു.

സ്തോത്രാർപ്പണം-യാഗാർപ്പണം

ഓർമ്മയും അനുഷ്ഠാനവും കൊണ്ടുദ്ദേശിക്കുന്നത് ക്രിസ്തുവിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ പുനരാവിഷ്ക്കരണവും (re-presentation or re-enactment) അതിലുള്ള പങ്കാളിത്ത (participation) വുമാണെങ്കിൽ, ക്രിസ്തുവിന്റെ സാന്നിദ്ധ്യവും (presence), ക്രിസ്തുവിനോടുള്ള സംബന്ധവു (communion) മാണെങ്കിൽ സ്തോത്രാർപ്പണം (eucharistic offering), യാഗാർപ്പണം (sacrificial offering) തന്നെയാണ്. വി. കുർബാന സ്ഥാപിച്ചുകൊണ്ടുള്ള കർത്താവിന്റെ വചനങ്ങളിൽ യാഗസംബന്ധമായ പരാമർശങ്ങളും സൂചനകളും അടങ്ങിയിട്ടുണ്ട്. "ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയനിയമത്തിനുള്ള എന്റെ രക്തം" (മത്താ. 26:28); ഇത് കർത്താവിന്റെ പുതിയനിയമ സ്ഥാപനവചനം കൂടിയാണ്. ഇതിനു സമാന്തരമായി പഴയനിയമത്തിൽ കാണുന്ന ഭാഗം ശ്രദ്ധിക്കുക. മോശ യാഗരക്തം എടുത്ത് ജനത്തിന്മേൽ തളിച്ചുകൊണ്ട്, "ഈ സകല വചനങ്ങളും ആധാരമാക്കി യഹോവ നിങ്ങളോട് ചെയ്തിരിക്കുന്ന നിയമത്തിന്റെ രക്തം ഇതാ എന്നു പറഞ്ഞു" (പുറ. 24:8). വി. കുർബാന കർത്താവ് സ്ഥാപിക്കുന്നത് തന്റെ ക്രൂശിലെ യാഗത്തിന്റെ പശ്ചാത്തലത്തിൽ ആണ്.

കുർബോനോ എന്ന സുറിയാനി പദവും അനാഫോറാ എന്ന ഗ്രീക്കു പദവും ഒരേ അർത്ഥം വരുന്ന യാഗപദങ്ങൾ ആണ്. കുർബോനോ - കാഴ്ചയർപ്പണം, യാഗാർപ്പണം തന്നെയാണ്. വി. കുർബാനയുടെ രണ്ടാം ഭാഗമായ ബലിയർപ്പണ ശുശ്രൂഷയ്ക്ക് അനാഫോറോ എന്നാണ് തക്സായിൽ കൊടുത്തിരിക്കുന്ന നാമം. 'Take (Carry) up' (to offer) എന്നാണ് വാക്കർത്ഥം. പഴയനിയമ ഗ്രീക്ക് വേദപുസ്തകത്തിൽ (സെപ്റ്റുജിന്റ്) യാഗസന്ദർഭങ്ങളിൽ ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നു (ലേവ്യ 17:5; എസ്രാ 5:49; യശ. 57:6; 2 മക്കാ. 1:18). ഉയർന്ന ബലിപീഠത്തിലേക്ക് യാഗവസ്തു എടുത്ത് അർപ്പിക്കുന്ന പ്രവൃത്തിയാണ് അനാഫോറാ. ആയതിനാൽ വി. കുർബാനയുടെ പര്യായം തന്നെയാണ് അനാഫോറാ. ചുരുക്കത്തിൽ അനാഫോറാ എന്ന പദപ്രയോഗം വി. കുർബാന ബലിയർപ്പണം തന്നെയെന്ന് ഉറപ്പിച്ചുപറയുന്നതിന് സഹായിക്കുന്നു.

എന്നാൽ നാം അർപ്പിക്കുന്ന ബലി പുതിയ ബലിയല്ല. ഒരിക്കലായി ക്രൂശിന്മേൽ അർപ്പിക്കപ്പെട്ട ബലിയോട് അനുരൂപമുള്ള ബലിയായി നാം നമ്മെത്തന്നെ സമർപ്പിക്കുകയും ആ പരമബലിയിൽ നാം നിരന്തരം പങ്കുചേരുകയുമാണ്. വി. കുർബാനയുടെ ഒരുക്കശുശ്രൂഷയിലെ ഒരു പ്രാർത്ഥന ഇവിടെ ഉദ്ധരിക്കട്ടെ: "ലോകം മുഴുവന്റെയും പാപപരിഹാരത്തിനും രക്ഷയ്ക്കും വേണ്ടി തന്റെ പിതാവിന് സ്വീകാര്യബലിയായി സമർപ്പിച്ച വെടിപ്പുള്ള നിർമ്മല കുഞ്ഞാടായ മശിഹാ തമ്പുരാനേ! നിനക്കു പ്രീതികരവും നിന്റെ ബലിയർപ്പണത്തിന് അനുരൂപവുമായ ജീവനുള്ള ബലിയായി ഞങ്ങളെത്തന്നെ നിനക്കു സമർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കേണമേ." നമ്മുടെ ജീവന് ആധാരമായ അപ്പവീഞ്ഞുകൾ കർത്തൃസന്നിധിയിൽ സമർപ്പിക്കുന്നതു വഴി നാം നമ്മെത്തന്നെ സമർപ്പിക്കുന്നു.

നാം ദൈവസന്നിധിയിൽ അർപ്പിക്കുന്ന എല്ലാ ആരാധനയും എല്ലാ കൗദാശികാനുഷ്ഠാനങ്ങളും വി. കുർബാനയെന്ന ശ്രേഷ്ഠബലിയോടു ചേർന്നുവരുന്നവയും അത് അടിസ്ഥാനമാക്കിയുമുള്ള യാഗാർപ്പണങ്ങൾ ആണ്. നാം ദൈവസന്നിധിയിൽ നിവേദിക്കുന്ന വാക്കും, നമസ്ക്കാരവും, വസ്തുവും എല്ലാം നന്ദിയർപ്പ

ണമാണ്, യാഗാർപ്പണമാണ്. തിരുസന്നിധിയിൽ തെളിയിക്കുന്ന നിലവിളക്കും മെഴുകുതിരിയും, അർപ്പിക്കുന്ന ധൂപവും, തൈലവും ജലവുമെല്ലാം യാഗം തന്നെയാണ്. അവ വഴി ക്രൂശിലെ യാഗത്തിൽ അനവരതം പങ്കുചേരുകയാണ്. എല്ലാ ആരാധനയും അനുഷ്ഠാനങ്ങളും കൗദാശികങ്ങളാണ്. അവ ശ്രേഷ്ഠബലിയായ വി. കുർബാനയിൽ അധിഷ്ഠിതവുമായിരിക്കുന്നു. നമ്മുടെ ഓരോ യാഗാർപ്പണവും കർത്താവിന്റെ തിരുബലിയോടുള്ള അനുരൂപീകരണവും (Conformation) അതിലുള്ള സംബന്ധവുമാണ് (Communion).

സ്തോത്രാർപ്പണ വീക്ഷണം

വി. കുർബാന മാത്രമല്ല, എല്ലാ കൂദാശകളും സ്തോത്രാർപ്പണം (യാഗാർപ്പണം) ആണെന്ന് മുകളിൽ സൂചിപ്പിക്കുകയുണ്ടായി. മനുഷ്യജീവിതം നിലനിർത്തുന്നതിന് ആധാരമായ ഭക്ഷണപാനീയങ്ങൾ (അപ്പവീഞ്ഞുകൾ) സമർപ്പിക്കുന്നതിലൂടെ നാം നമ്മെത്തന്നെ ദൈവത്തിന് സമർപ്പിക്കുന്നുവെന്നും പറഞ്ഞുകഴിഞ്ഞു. എന്നാൽ നമ്മുടെ വ്യക്തി ജീവിതത്തെ മാത്രമല്ല സമസ്ത പ്രപഞ്ചത്തെയും വി. കൂദാശകളിലൂടെ ദൈവത്തിന് സമർപ്പിക്കുകയാണ്. ദൈവം സൃഷ്ടിച്ച് നല്ലതെന്ന് കണ്ട് നമുക്ക് നൽകിയ ഈ പ്രപഞ്ചത്തെ നന്ദിപൂർവ്വം ദൈവസന്നിധിയിൽ തിരിച്ചു സമർപ്പിക്കുന്നു. പ്രപഞ്ചത്തോടുള്ള മനുഷ്യന്റെ ഉപഭോഗസമീപനമാണ് അവന്റെ വീഴ്ചയ്ക്ക് ഹേതു (ഉല്പത്തി 3:6). മനുഷ്യന്റെ വീഴ്ച പ്രകൃതിയേയും ബാധിച്ചു.

ആദിസൃഷ്ടി കർമ്മത്തിൽ പരിശുദ്ധാത്മാവ് പൊരുന്നി ആവസിച്ച് പാഴും ശൂന്യവുമായിരുന്നിടത്ത് രൂപവും ക്രമവും ഉള്ള പ്രകൃതി ഉളവായി. മനുഷ്യനും പ്രകൃതിക്കും വന്ന വൈകല്യം തീർക്കാൻ രൂപാന്തരം നൽകുന്ന പരിശുദ്ധാത്മാവ് വീണ്ടും ആവസിക്കണം. ഈ പുനഃസൃഷ്ടികർമ്മം ക്രിസ്തുവിൽ പരിശുദ്ധാത്മാവു മുഖാന്തിരം പിതാവാം ദൈവം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ഇതിന് നാം നമ്മെത്തന്നെയും ഈ പ്രപഞ്ചത്തെയും ദൈവസന്നിധിയിൽ സമർപ്പിക്കുകയാണ്. ഈ നന്ദിയർപ്പണ വീക്ഷണ (eucharistic perspective) മാണ് എല്ലാ കൂദാശാനുഷ്ഠാനങ്ങളെ സംബന്ധിച്ചും പൗരസ്ത്യ സഭകളുടെ അടിസ്ഥാന ധാരണ.

വിശ്വവീക്ഷണം

മുൻചൊന്ന സംഗതികളിൽ നിന്നും വി. കൂദാശകളെ സംബന്ധിച്ച് ഒരു വിശ്വവീക്ഷണം ഉരുത്തിരിഞ്ഞുവരുന്നതായി കാണാം. "മണ്ണിൻവിളവുകൾ പട്ടക്കാരൻ കാഴ്ചയണ"യ്ക്കുമ്പോൾ മനുഷ്യജീവനെ മാത്രമല്ല ഈ പ്രപഞ്ചത്തെ ആകമാനമാണ് രൂപാന്തരത്തിനായി സമർപ്പിക്കുന്നത്. ദീപം, ധൂപം, ജലം, തൈലം, ഭോജ്യം എന്നീ വളരെ ലളിതമായ പ്രപഞ്ച വസ്തുക്കൾ ദൈവസന്നിധിയിൽ സമർപ്പിച്ച് അതിശ്രേഷ്ഠമായ ദൈവികജീവനിൽ നാമും പ്രപഞ്ചവും പങ്കാളികളാവുകയാണ്. വീണ്ടെടുപ്പും തേജസ്ക്കരണവും മനുഷ്യനു മാത്രമല്ല അവനിലൂടെ ഈ പ്രപഞ്ചത്തിനും ഉണ്ടെന്ന അതിശ്രേഷ്ഠമായ ഒരു ദർശനം വി. പൗലോസ് നൽകുന്നുണ്ടല്ലോ (റോമ. 8:19–23); "സൃഷ്ടി ദ്രവത്വത്തിന്റെ (ദ്രവത്വത്തോടു ചേർന്നു വരുന്ന) ദാസ്യത്തിൽ നിന്ന് വിമോചിതമായി ദൈവമക്കളുടെ തേജസ്സിന്റെ (തേജസ്സോടു ചേർന്നു ലഭിക്കുന്ന) സ്വാതന്ത്ര്യത്തിലേക്ക് നയിക്കപ്പെടും." സഭയുടെ വി. കൂദാശകൾ മാനവികതലത്തെ മാത്രമല്ല ഉൾക്കൊള്ളുന്നത്, സമസ്ത പ്രപഞ്ചത്തേയുമാണ്. ഇവിടെ വ്യക്തിയുടെ രക്ഷയുടെ പ്രാധാന്യം നഷ്ടപ്പെടാതെ കൂദാശകൾക്ക് ഒരു വിശ്വമാനം കൈവരുന്നു.

ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ പ്രസക്തി

വി. കൂദാശകളെ സംബന്ധിച്ച പൗരസ്ത്യ സമീപനം കർത്താവിന്റെ മനുഷ്യാവതാരത്തെ അടിസ്ഥാനമാക്കിയാണ് രൂപപ്പെടുത്തിയിട്ടുള്ളത്. "വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു." ഇവിടെ ദൈവവും, മനുഷ്യനും, പ്രകൃത്യാതീതവും പ്രകൃതിയും, അദ്ധ്യാത്മികവും ഭൗതികവും തമ്മിലുള്ള അകലം അവസാനിച്ച് വേർപാടിന്റെ നടുച്ചുവർ പൊളിഞ്ഞ് ക്രിസ്തുവിൽ പരസ്പര സംബന്ധത്തിൽ സമാശ്ലേഷിച്ച് നിൽക്കുന്നതു കാണാം. മനുഷ്യാവതാരം ഈ ശരീരത്തിലായിരുന്നു. ശരീരമാകട്ടെ ഈ പ്രപഞ്ചത്തെയും ഉൾക്കൊള്ളുന്നു. കർത്താവു രക്ഷിച്ചതും രൂപാന്തരപ്പെടുത്തിയതും ശരീരത്തെയും കൂടിയാണ്. പുനരുത്ഥാനത്തിൽ കാണുന്ന ശരീരത്തിന്റെ തേജസ്സിലുള്ള രൂപാന്തരം പ്രപഞ്ചത്തിന്റെ തന്നെ രൂപാന്തരത്തിന്റെ നാന്ദിയും ആദ്യഫലവുമാണ്. മനുഷ്യാവതാരവും പുനരുത്ഥാനവും യാഥാർത്ഥ്യമെങ്കിൽ വി. കൂദാശകളിലൂടെ കർത്തൃസന്നിധിയിൽ സമർപ്പിക്കുന്ന കാഴ്ചകൾക്കും രൂപാന്തരം സംഭവിക്കുന്നു.

(അവസാനിച്ചു)

2nd Death Anniversary, 23-08-2016

In Loving Memory of

MRS. S. CHANDY

Rtd. Sister-Incharge
M.L.B. Medical College, Jhansi (u.p.)

Payyampallil House
Poothakuzhy P.O.
S. Pampady, Ktm.

By Sorrowing Family

ആത്മഹത്യയും ശവസംസ്ക്കാര ശുശ്രൂഷയും

■ ഡോ. വർഗീസ് പുന്നൂസ്
(മനഃശാസ്ത്രവിഭാഗം മേധാവി, കോട്ടയം മെഡിക്കൽ കോളജ്)

കഴിഞ്ഞ ലക്കം (2016 ജൂലൈ) 'മലങ്കരസഭ'യിൽ ശവസംസ്ക്കാര വിവാദവുമായി ബന്ധപ്പെട്ട് ശ്രീ. കെ. വി. മാമ്മൻ എഴുതിയ കുറിപ്പ് ആണ് ഈ പ്രതികരണത്തിന് അടിസ്ഥാനം.

ആത്മഹത്യ ചെയ്യുന്നവർക്ക് ആദരപൂർവ്വമുള്ള ശവസംസ്ക്കാര ശുശ്രൂഷകൾ നൽകേണ്ടതില്ല എന്നും, അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും ചെയ്യുന്നതിൽ കാര്യമില്ല എന്നും ഉള്ള ധ്വനി ആ ലേഖനത്തിൽ ഉള്ളത് വേദനാജനകമായി തോന്നി.

വീണുപോയ ശിഷ്യനായ യൂദാസ്കറിയോത്തായുടെ ജീവിതാന്ത്യം ആത്മഹത്യയിലൂടെ ആയിരുന്നു എന്ന ചരിത്രത്തിൽ നിന്നാവണം ക്രൈസ്തവ സമൂഹത്തിന് ആത്മഹത്യ ചെയ്യുന്ന വ്യക്തികളോട് മുൻവിധിയോടെയുള്ള സമീപനം ഉടലെടുത്തത്. പക്ഷേ എല്ലാ ആത്മഹത്യകളും ആത്മഹത്യാശ്രമങ്ങളും യൂദായുടെ ആത്മഹത്യയുമായി താരതമ്യം ചെയ്യരുത്.

ഒരു വ്യക്തി ആത്മഹത്യാശ്രമം നടത്തുന്നതിന് പിന്നിൽ അയാളുടെ നിയന്ത്രണത്തിനപ്പുറമായ പല ഘടകങ്ങളും ഉണ്ടാകാം. ഉദാഹരണത്തിന് കടുത്ത വിഷാദരോഗം (Depression) ബാധിച്ച ഒരു വ്യക്തിയിൽ ശക്തമായ നിരാശാബോധവും തീവ്രമായ ആത്മഹത്യാ പ്രവണതയും ഉണ്ടാകാം. ഉചിതമായ ചികിത്സ ലഭിച്ചിട്ടില്ല എങ്കിൽ ആ വ്യക്തി ആത്മഹത്യയിലേക്ക് നയിക്കപ്പെടാം. ഇത്തരം സന്ദർഭങ്ങളിൽ ആ വ്യക്തിയെ പാപിയായും നിത്യജീവന് അർഹതയില്ലാത്തവനും ആയി മുദ്രകുത്തുന്നത് ക്രിസ്തു പഠിപ്പിച്ച ദൈവസ്നേഹത്തിനും കാരുണ്യത്തിനും വിരുദ്ധമാണ്. മാത്രമല്ല, ഈ സമീപനം ദുഃഖാർത്ഥരായ കുടംബത്തോടുമുള്ള ക്രൂരതയുമാണ്. പരീശമതത്തിന്റെ സ്വഭാവമല്ലല്ലോ പുതിയ ഇസ്രായേൽ ആയ ക്രിസ്തു സഭയ്ക്ക് വേണ്ടത്.

വ്യക്തിത്വ ദൗർബല്യമുള്ള ആൾക്കാർ കടുത്ത ജീവിത പരീക്ഷണങ്ങളിൽ കൂടി കടന്നുപോകുമ്പോഴും ആത്മഹത്യാ ചിന്ത ശക്തമായി ഉണ്ടാകാം. അങ്ങനെ പ്രതിസന്ധിയിൽ പെട്ടു നിൽക്കുന്ന ഒരു വ്യക്തി അത്തരം ഒരു പ്രവൃത്തി ചെയ്താൽ അയാളെ കുറ്റം വിധിക്കുകയല്ല ചെയ്യേണ്ടത്. ആ വ്യക്തിക്ക് ഉചിതമായ വൈകാരിക സഹായവും പിന്തുണയും ഉറപ്പാക്കുക എന്നതാണ് ക്രിസ്തുവിന്റെ സുവിശേഷം. ഓർത്തഡോക്സ് മെഡിക്കൽ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ കോട്ടയത്തു പ്രവർത്തിച്ചു വരുന്ന *വിപാസ്സന* ഇത്തരത്തിലുള്ള ഒരു സുവിശേഷ ദൗത്യം സ്തുത്യർഹമായ രീതിയിൽ നിർവ്വഹിക്കുന്നു, എന്ന് സന്ദർഭവശാൽ സ്മരിക്കുന്നു.

ജീവിത പ്രതിസന്ധിയിൽ, ഉൾപ്പെട്ട് വലഞ്ഞിരിക്കുന്ന അനേകർ വിപാസ്സനയുടെ ടെലിഫോൺ ഹെൽപ്പ്-ലൈൻ സേവനങ്ങളിലൂടെയും നേരിട്ടുള്ള ഇടപെടലിലൂടെയും സാർത്ഥകമായ ജീവിതത്തിലേയ്ക്ക് തിരിച്ചു വരുന്നു. ഈ ലേഖകൻ പ്രവർത്തിക്കുന്ന കോട്ടയം മെഡിക്കൽ കോളജിലെ ആത്മഹത്യാ പ്രതിരോധ ക്ലിനിക്കിൽ ഒരു വർഷം ശരാശരി ആയിരത്തോളം പേരാണ് ആത്മഹത്യാ ശ്രമങ്ങളിൽ നിന്ന് കഷ്ടിച്ച് രക്ഷപെട്ടശേഷം എത്തുന്നത്. അവരുടെ യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കിയാൽ ഒരാളെപ്പോലും കുറ്റപ്പെടുത്താൻ തോന്നുകയില്ല. ചികിത്സ അർഹിക്കുന്ന രോഗമുള്ളവർ (വിഷാദരോഗം, സൈക്കോസിസുകൾ, സംശയരോഗം) അക്കൂട്ടത്തിലുണ്ട്. കഠിനമായ പരീക്ഷണങ്ങളിൽ അകപ്പെട്ടിരിക്കുന്നവർ ഏറെയാണ്. (രണ്ടാം തുബ്ദേനിൽ നാം അവരെ ഓർത്ത് പ്രാർത്ഥിക്കാൻ കടപ്പെട്ടവരാണ്).

ആത്മഹത്യചെയ്ത ഒരു വ്യക്തിയുടെ കുടുംബാംഗങ്ങളുടെ വേദന അതിതീവ്രമാണ്. കുറ്റബോധവും സമൂഹത്തിലുള്ള അവമതിപ്പും, പരദൂഷണ പ്രചാരണവും എല്ലാംകൂടി ചേർന്ന് തീവ്രദുഃഖത്തിലായിരിക്കുന്നവർക്ക് സഭയും സമൂഹവും നൽകേണ്ടത് ആശ്വാസവും പിന്തുണയുമാണ്. അവരുടെ മുറിയിൽ നിരാസത്തിന്റെയും അവഹേളനത്തിന്റെയും മുളകരച്ചു തേയ്ക്കുക എന്നതല്ല ക്രൈസ്തവ സമീപനം.

ആത്മഹത്യാ ശ്രമങ്ങളെയും ആത്മഹത്യയെയും ന്യായീകരിക്കുക എന്നതല്ല ഈ കുറിപ്പിന്റെ ഉദ്ദേശ്യം. മറിച്ച് ഈ ഒരു പ്രശ്നത്തിനോട് നമ്മുടെ സമീപനം ഒരു തിരുത്തലിന് വിധേയമാകണം എന്ന ആഗ്രഹമാണ് ഉള്ളത്. ക്രിസ്തു പഠിപ്പിച്ച കരുണയുടെയും ക്ഷമയുടെയും സ്നേഹത്തിന്റെയും കാഴ്ചപ്പാട്, ശാസ്ത്രം നൽകുന്ന അറിവുകൾ, ഉൾക്കൊള്ളുന്ന കാഴ്ചപ്പാട്, ആധുനിക സമൂഹത്തിന്റെ സംസ്കൃതിക്ക് ചേരുന്ന സമീപനം-അതാണ് ഉചിതവും അഭികാമ്യവും.

"സർവ്വകടങ്ങളുമാരാഞ്ഞാൽ... നരകം താനെന്നവകാശം" എന്ന് നാം പാടുന്നുണ്ട്. നമ്മുടെ പാപപുണ്യങ്ങളെക്കാൾ രക്ഷയുടെ അവകാശം ദൈവത്തിന്റെ കാരുണ്യമാണ് ഇതിന്റെ സാരാംശം എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

Thou shall not judge എന്ന കർതൃവചനം മറ്റുള്ളവരുടെ പ്രവൃത്തികളെ വിലയിരുത്തുമ്പോൾ എപ്പോഴും നമ്മുടെ മനസ്സിൽ ഉണ്ടാകണം. ■

> ‘ആത്മഹത്യാ ശ്രമങ്ങളെയും ആത്മഹത്യയെയും ന്യായീകരിക്കുക എന്നതല്ല ഈ കുറിപ്പിന്റെ ഉദ്ദേശ്യം.



പുസ്തകശാല

മരുഭൂമിയിലെ വാക്ക്

ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്



സത്യവും ധർമ്മവും നീതിയും വെളിപ്പെടുത്തുന്ന പ്രവാചക ശബ്ദം പതിനെട്ടു ലേഖനങ്ങളിൽ മുഴങ്ങുന്നു. രൂപാന്തരത്തിന്റെയും നവീകരണത്തിന്റെയും പുതുവഴികൾ പകരുന്ന ലേഖന സമാഹാരം. അവതാരിക: ഗീവർഗീസ് മാർ അത്താനാസ്യോസ്, സി.എസ്.എസ്., തിരുവല്ല, പേജ്-66, വില-75.

വചനത്തിന്റെ ഹൃദയതാളം

യൂഹാനോൻ മാർ പോളികാർപ്പോസ്



യുവജനപ്രസ്ഥാനം സമ്മേളനങ്ങളിൽ അവതരിപ്പിച്ച വേദപഠനങ്ങളും വചന വിചിന്തനങ്ങളും ഹൃദ്യമായ ഭാഷയിൽ അവതരിപ്പിക്കുന്നു. ജീവിതത്തിലെ അപൂർവ്വകാഴ്ചകളും സഭാപിതാക്കന്മാരേക്കുറിച്ചുള്ള അനുസ്മരണങ്ങളും. അവതാരിക: ഫാ. ഡോ. ബി. വർഗീസ്, ബോധി, കോട്ടയം, പേജ്-152, വില-150, എം.ഒ.സി. പരുമല, കോട്ടയം ഓഫീസുകളിൽ ലഭിക്കും.

നന്മയുടെ പയർമണികൾ

റോയ് ചാക്കോ ഇളമണ്ണൂർ



മനുഷ്യബന്ധങ്ങൾ സത്യസന്ധമായി ആവിഷ്ക്കരിച്ചിരിക്കുന്ന, പ്രകാശം പരത്തുന്ന 20 കഥകളുടെ സമാഹാരം. ഓരോ കഥയും പൊങ്ങച്ചം, ധാർമ്മച്യുതി, പെരുമാറ്റങ്ങൾ, ഓഫീസ് ജീവിതം എന്നിവയുടെ നേർക്കാഴ്ചയാണ്. അവതാരിക: ഡോ. ജോർജ് ഓണക്കൂർ, ജയധ്വനി പബ്ലിക്കേഷൻസ്, മാവേലിക്കര, പേജ്-126, വില-90 രൂപ.

പരിശുദ്ധ യാക്കോബ് ബുർദ്ദാന

എം.സി. ചെറിയാൻ കരുവാറ്റ



സത്യവിശ്വാസം നിലനിർത്തിയ നീതിമാനും പരിശുദ്ധനുമായ മാർ യാക്കോബ് ബുർദ്ദാനയുടെ ജീവചരിത്രം വിവിധ പഠനങ്ങളുടെ അടിസ്ഥാനത്തിൽ മലയാളത്തിൽ ആദ്യമായി അവതരിപ്പിക്കുന്നു. അവതാരിക: ഫാ. എബി ഫിലിപ്പ്, എം.ഒ.സി. പബ്ലിക്കേഷന്റെ കോട്ടയം, പരുമല, ഓഫീസുകളിൽ ലഭിക്കും. പേജ്-70, വില:60 രൂപ.





വെളിപ്പാട് പുസ്തകം

■ ഫാ. മാത്യു വറുഗീസ് പുളിമൂട്ടിൽ

മർത്തമറിയം വനിതാ സമാജത്തിന്റെ 2016-ലെ കേന്ദ്ര പരീക്ഷയ്ക്കുള്ള പഠന സഹായിയും വേദബോധനവും

ക്രിസ്തുവർഷം 95-ൽ പത്മോസ് ദ്വീപിൽ നിന്നും ഡൊമീഷ്യൻ ചക്രവർത്തിയുടെ ഭരണകാലത്ത് (എ.ഡി. 81-96) പീഡനം അനുഭവിച്ച ആസ്യയിലെ ഏഴ് സഭകൾക്ക് അപ്പോസ്തലനായ യോഹന്നാൻ എഴുതുന്നതാണിത്. പ്രവചനപരമായ സംഭവങ്ങളെ കേന്ദ്രീകരിച്ച് രചിച്ചിട്ടുള്ള ഏക പുതിയ നിയമ ഗ്രന്ഥം വെളിപ്പാടാണ്. വെളിപ്പാടു സാഹിത്യശാഖയിൽപ്പെട്ട ഒരു രചനയാണിത്. വേദപുസ്തകത്തിൽ, ദാനിയേൽ 7-12 വരെയുള്ള അദ്ധ്യായങ്ങളും, മർക്കോസ് 13-ാം അദ്ധ്യായവും വെളിപ്പാടു സാഹിത്യത്തിൽ ഉൾപ്പെടുന്നു. *അനാവരണം* അഥവാ *വെളിപ്പെടുത്തൽ* എന്നാണ് അപ്പോകാലിപ്സ് എന്ന ഈ വാക്കിന്റെ അർത്ഥം. *യോഹന്നാന് ഉണ്ടായ വെളിപാട്* എന്നാണ് ഗ്രീക്ക് ബൈബിളിൽ ഇതിന്റെ ശീർഷകം *യേശുക്രിസ്തുവിന്റെ വെളിപാട്* എന്നാണ് 1:1-ൽ കാണുന്നത്. 1:9-ൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം മൂന്നു ഭാഗങ്ങളാണ് വെളിപാടു പുസ്തകത്തിൽ ഉള്ളത്. 1. യോഹന്നാൻ കണ്ട കാര്യങ്ങൾ (ഒന്നാം അദ്ധ്യായം) 2. ഇപ്പോൾ ഉള്ള കാര്യങ്ങൾ (2,3 അദ്ധ്യായങ്ങൾ) (3) ഇനി സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ (4 മുതൽ 22 വരെ അദ്ധ്യായങ്ങൾ). 3 വെളിപാട് പുസ്തകത്തിലെ പകുതിയിലേറെ വാക്യങ്ങൾ നേരിട്ടോ അല്ലാതെയോ പഴയ നിയമ ഭാഗങ്ങളെ ആധാരമാക്കിയുള്ളതാണ്.

ഒന്നാം നൂറ്റാണ്ടിൽ സ്വയം ദേവന്മാരായി അവരോധിക്കപ്പെട്ട റോമാ ചക്രവർത്തിമാരോട് റോമാ സാമ്രാജ്യത്തിലെ എല്ലാ ജനങ്ങളും പ്രാർത്ഥിക്കുകയും അവർക്ക് യാഗം കഴിക്കുകയും ചെയ്യണമെന്നും, അല്ലാത്തവരെ രാജ്യദ്രോഹികളായി മുദ്ര കുത്തുകയും, മരണ ശിക്ഷയ്ക്ക് വിധേയരാക്കുകയും, ചിലരെ നാടുകടത്തുകയും ചെയ്തിരുന്നു. റോമാ സാമ്രാജ്യത്തിന്റെ കിഴക്കു ഭാഗത്തുള്ള സംസ്ഥാനമായ ആസ്യയുടെ 30-40 കിലോമീറ്റർ പടിഞ്ഞാറ് ഈജിയൻ കടലിലെ പർവ്വത സമാനമായ പാറക്കെട്ടുകൾ നിറഞ്ഞ പത്മോസ് ദ്വീപിലേക്കാണ് നാടുകടത്തൽ നടത്തിയിരുന്നത്.

ആസ്യയിലെ സഭാ വിശ്വാസികൾക്ക് ധൈര്യം നൽകി അവരുടെ സംശയങ്ങൾക്ക് ദൂത് മുഖാന്തിരം മറുപടി നൽകി. 1. തിന്മയുടെ ശക്തി ലോകം മുഴുവനും പ്രവർത്തിക്കുന്നു. ക്രിസ്ത്യാനികൾ അവ സഹിക്കുകയും ചിലപ്പോൾ മരിക്കേണ്ടി വരികയും ചെയ്യും. 2. ദൈവത്തെ എതിർക്കുന്ന സകല ജനങ്ങളെയും പ്രത്യേകിച്ച് റോമൻ സാമ്രാജ്യശക്തിയെ യേശു കീഴ്പ്പെടുത്തും. കാരണം അവർ സകലത്തിന്റെയും കർത്താവാകുന്നു. 3. കർത്താവിനുവേണ്ടി ശുശ്രൂഷ ചെയ്തപ്പോൾ ജീവൻ വെടിയേണ്ടി വന്ന വിശ്വസ്തരായവർക്ക് ദൈവത്തിന്റെ പക്കൽ അത്ഭുതകരമായ പ്രതിഫലം ഉണ്ട്.

വെളിപാടു പുസ്തകത്തിൽ പല അക്കങ്ങളും പ്രതീകങ്ങളും ഉപയോഗിച്ചിട്ടുണ്ട്. പൂർണ്ണതയെ കുറിക്കുന്ന "7" ഉം, ദൈവത്തോട് എതിർത്തു നിൽക്കുന്ന ശക്തിയെ "ബാബിലോൺ" എന്നും യേശുക്രിസ്തുവിനെകുറിച്ച് "കുഞ്ഞാട്" എന്നും ഉപയോഗിച്ചിരിക്കുന്നു.

വെളിപാട് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന അനുഗ്രഹങ്ങളിൽ ആദ്യത്തേതാണ് 1:3-ൽ പറയുന്നത്. 14:13, 16:15, 19:9, 20:6, 22:7,14 എന്നീ ഭാഗങ്ങളിൽ തുടർന്നുള്ള ആറ് ഭാഗ്യാവസ്ഥകളെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. 1:4-ൽ പ്രസ്താവിക്കുന്ന ദൈവസ്തുതിപ്പ് (doxology) ത്രിത്വ വിശ്വാസത്തിന് ഊന്നൽ നൽകുന്നു. പിതാവ് (4,6) ആയിരിക്കുന്നവൻ (പുറ. 3:14); പുത്രൻ (5, 6) ആയിരുന്നവൻ (യോഹ. 1:1); പരിശുദ്ധ റൂഹാ (4) വരുവാനിരിക്കുന്നവൻ (അപ്പോ. പ്രവൃ. 2-ാം അദ്ധ്യായം). ഏഴ് ആത്മാക്കൾ എന്നുള്ളത് പരിശുദ്ധാത്മാവിനെക്കുറിച്ചും 3:1-ൽ പറയുന്ന ആത്മാവിന്റെ ഫലങ്ങളെകുറിച്ചുമുള്ള സൂചന നൽ കുന്നു.

യഹൂദാ പാരമ്പര്യമനുസരിച്ച് ദൈവികസിംഹാസനത്തിനു മുമ്പിൽ നിൽക്കുന്ന ഏഴു ദൂതന്മാരെ (Arch angels) സൂചിപ്പിക്കുന്നു. (യെസ. 9:2) 1:8-ൽ പറയുന്ന ആൽഫായും ഒമേഗായും ഗ്രീക്ക് അക്ഷരമാലയിലെ ആദ്യത്തേതും, അവസാനത്തേതുമായ അക്ഷരങ്ങളെ സൂചിപ്പിക്കുന്നു. ദൈവത്തിന്റെ നിത്യതയെ സൂചിപ്പിക്കുന്നതാണ് ആൽഫായും, ഒമേഗായും. ദൈവമായ

"നിന്റെ മഹത്വം ഉദിക്കും നാൾ
നിൽക്കണം അവർ വലഭാഗത്തിൽ...."

1st Anniversary of Demise...



M.V. Oommen

Born on: 12-08-1918
Entered eternal rest on: 30-07-2015

Inserted by:

Children, Grandchildren & Great Grandchildren
Chenkilathu, Kuttemperoor, Mannar

കർത്താവ് സർവ്വശക്തനെന്ന് പഴയനിയമത്തിൽ ധാരാളമായി ഉപയോഗിച്ചിട്ടുണ്ടെങ്കിലും, പുതിയ നിയമത്തിൽ 10 പ്രാവശ്യം ഉപയോഗിച്ചിട്ടുള്ളതിൽ 9 ഉം വെളിപാടു പുസ്തകത്തിലാണ്. കർത്തൃദിവസത്തിൽ അതായത് ഞായറാഴ്ച ദിവസം ആത്മവിവശനായപ്പോൾ ആരാധനാ നിരതനായപ്പോൾ-(യെസ. 3:12) അവന് ദൈവത്തിൽ നിന്നും സന്ദേശം ലഭിച്ചു. ആ സന്ദേശമാണ് ഏഴ് സഭകൾക്ക് നൽകുന്നത്.

ഏഴ് പൊൻനിലവിളക്കുകൾ അതായത് സഭയുടെകളുടെ മദ്ധ്യത്തിൽ നിൽക്കുന്ന മനുഷ്യപുത്രനെ യോഹന്നാൻ ദർശിക്കുന്നു. ഏഴ് തിരികളോടുകൂടിയ പൊൻവിളക്കു തണ്ടിന് "മെനോറാ" എന്നു പറയുന്നു. ഈ നിലവിളക്ക് യിസ്രായേലിന്റെ വിശുദ്ധ കൂടാരത്തിൽ (പുറ. 25:31-39; സെഖ. 4:1-6) സൂക്ഷിച്ചിരിക്കുന്നു. ഇവിടെ പറയുന്ന ഏഴ് പൊൻ നിലവിളക്കുകൾ ഏഴ് സഭകളെ സൂചിപ്പിക്കുന്നതായും, പൂർണ്ണതയെ സൂചിപ്പിക്കുന്ന "ഏഴ്" എന്നുള്ളതിനാൽ എല്ലാ സഭകളും വായിക്കുവാനും ഉദ്ദേശിച്ചിരിക്കുന്നു.

"മനുഷ്യപുത്രൻ" എന്നത് ദാനി. 7:13 ലും, അപ്പോ. പ്രവൃ.7:56 ലും വിവരിക്കുന്ന ദൈവപുത്രൻ ആണ്. നിലയങ്കി ധരിച്ച് (പുറ.28:4, ലേവ്യ 16:4) മാറത്ത് പൊൻ കച്ച ധരിച്ച (രാജകീയവും പൗരോഹിത്യവും) ഉള്ള മനുഷ്യപുത്രൻ. തലയും മുടിയും വെളുത്ത പഞ്ഞിക്ക് സദൃശ്യമെന്നുള്ള സൂചന മനുഷ്യപുത്രന്റെ പുരാതനത്വത്തെ സൂചിപ്പിക്കുന്നു. കണ്ണുകൾ ബുദ്ധിയേയും, കാലുകൾ സ്ഥിരതയെയും ഉറപ്പിനെയും, ശബ്ദം അധികാരത്തെയും വലംകൈ ശക്തിയെയും, ഇരുവായ് തലയുള്ള വാൾ വ്യക്തമായ തിരിച്ചറിവിനെയും സൂചിപ്പിക്കുന്നു. ഇങ്ങനെയുള്ള മനുഷ്യപുത്രന്റെ കയ്യിൽ ഏഴു നക്ഷത്രങ്ങൾ അഥവാ ഏഴു സഭകളുടെ ദൂതന്മാർ ഉണ്ട്. അവർ മുഖാന്തിരമാണ് സന്ദേശങ്ങൾ സഭകൾക്ക് നൽകുന്നത്.

ദൈവീക വെളിപാടുകൾ മൃതർക്ക് ഉൾക്കൊള്ളുവാൻ കഴിയുകയില്ല. (പുറ. 19:21, യെശ. 6:5). ഭയപ്പെടേണ്ട എന്നുള്ള ആഹ്വാനത്തോടുകൂടി, മരണത്തിന്മേൽ അധികാരമുള്ളവനായ അഥവാ മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ കൈവശമുള്ളവനായ ദൈവത്തിന്റെ സന്ദേശമാണ് ഏഴു സഭകൾക്കായി വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ചോദ്യങ്ങൾ

1. വെളിപ്പാടു സാഹിത്യത്തിൽ ഉൾപ്പെടുന്ന വേദപുസ്തക ഭാഗങ്ങൾ ഏവ?
2. ആസ്യയിലെ സഭാ വിശ്വാസികൾക്ക് ധൈര്യം നൽകിയ മൂന്നു ദൂതുകൾ ഏവ?
3. വെളിപാട് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന "അനുഗ്രഹങ്ങൾ" ഏവ?
4. കുറിപ്പ് തയ്യാറാക്കുക: മനുഷ്യപുത്രൻ, ഏഴ് പൊൻ നിലവിളക്കുകൾ
5. യോഹന്നാൻ ആത്മവിവശനായ ദിവസം?
6. ഏഴ് തിരികളോടുകൂടിയ പൊൻ വിളക്കു തണ്ട്?
7. ദൈവത്തിന്റെ നിത്യതയെ സൂചിപ്പിക്കുന്ന പദം?
8. ഒന്നാം നൂറ്റാണ്ടിൽ റോമാ ചക്രവർത്തിമാർ രാജ്യദ്രോഹികളെ നാടു കടത്തിയ സ്ഥലം?
9. വെളിപാട് പുസ്തകം ആർക്കെഴുതി?
10. ദൈവത്തെ എതിർത്തു നിൽക്കുന്ന ശക്തിക്കു നൽകുന്ന പ്രതീകമേത്?

■

IN CHERISHED MEMORY OF

P.M.THOMAS

1st ANNIVERSARY

(09-05-1940 – 30-07-2015)

"Sadly missed along life's way.
Quietly remembered every day."

Inserted By:-

Sorrowing family

PERUKATTU HOUSE
THEKKEMALA, KOZHENCHERRY

ഒന്നാം ചരമ വാർഷികം

15-08-2016

സൂസൻ സഖറിയ (ശാന്തമ്മ)

പനയ്ക്കാമറ്റം, നിരണം

Inserted by

ഫാ. സഖറിയാ പനയ്ക്കാമറ്റം, ഫാ. ബിജു പി. തോമസ്,
ഹെലൻ സഖറിയാ, ആൽബി, ആൻഡ്രൂ, ആരോൺ

Favours Received

Inserted By

Tijo & Anna
Sojan & Mary
Manipal

ബാഹ്യകേരള വൈദിക കോൺഫറൻസ്

ആഗസ്റ്റ് 23 മുതൽ 25 വരെ ബാംഗ്ലൂരിൽ

ബാംഗ്ലൂർ: ബാഹ്യകേരള വൈദിക സംഘത്തിന്റെ 7-ാം ദ്വിവത്സര കോൺഫറൻസ് ആഗസ്റ്റ് 23 മുതൽ 25 വരെ ബാംഗ്ലൂർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ, കോറമംഗല സെന്റ് ജോൺസ് മെഡിക്കൽ കോളജ് ആഡിറ്റോറിയത്തിൽ വച്ച് നടത്തും.

പ. ബാവാ തിരുമേനിയും, ബാഹ്യകേരളത്തിലെ ഏഴ് ഭദ്രാസന മെത്രാപ്പോലീത്തൻമാരും വൈദിക സംഘം പ്രസിഡന്റ് തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും കോൺഫറൻസിനു നേതൃത്വം നൽകും. "ഇനിയും സ്ഥലമുണ്ട്" ലൂക്കോ. 14:22 എന്ന വേദവാക്യത്തിന്റെ പശ്ചാത്തലത്തിൽ *ഓർത്തഡോക്സ് സുവിശേഷീകരണം അതിരുകൾക്കപ്പുറത്തേക്ക്* എന്ന വിഷയമാണ് കോൺഫറൻസ് പ്രധാനമായി പഠന വിധേയമാക്കുന്നത്.

ഗീവർഗീസ് മാർ കൂറിലോസ് ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ്, ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ് എന്നീ മെത്രാപ്പോലീത്തന്മാരും, ഡോ. ജോൺ വർഗീസ്, റവ. ഡോ. ബിജേഷ് ഫിലിപ്പ്, റവ. ഏബ്രഹാം തോമസ്, എന്നിവർ പ്രധാന ക്ലാസുകൾക്ക് നേതൃത്വം നൽകും. ഡോ. ജോസഫ് മാർ ദീവന്നാസിയോസ് യാക്കൂബ് മാർ ഏലിയാസ് ഫാ. സജി അമയിൽ എന്നിവർ ബൈബിൾ പഠനം നിർവ്വഹിക്കും. ഡോ. ഐസക് മത്തായി നൂറനാൽ, അഡ്വ. ഡോ. മത്തായി മാമ്പള്ളിൽ, ഡോ. ജെറോം ഫർണാണ്ടസ് എന്നിവർ പ്രത്യേക വിഷയങ്ങളിൽ ക്ലാസുകൾ നയിക്കും.

പാനൽ ചർച്ചകൾ, ഗ്രൂപ്പ് ചർച്ചകൾ, സംവാദങ്ങൾ, കലാസ്വാദനങ്ങൾ എന്നിവയും കോൺഫറൻസിന്റെ ഭാഗമായി ക്രമീകരിച്ചിട്ടുണ്ട്. ഉദ്ഘാടന സമ്മേളനത്തിൽ പ. ബാവാ തിരുമേനിയും സമാനപ സമ്മേളനത്തിൽ തോമസ് മാർ അത്താനാസിയോസ് തിരുമേനിയും മുഖ്യ നേതൃത്വം നൽകും.

ബാംഗ്ലൂർ ഭദ്രാസനാധിപൻ ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ, ബാഹ്യകേരള വൈദിക സംഘം കോ-ഓർഡിനേറ്റർ ഫാ. സി. എ. ഐസക്ക്, ബാംഗ്ലൂർ ഭദ്രാസന വൈദിക സംഘം സെക്രട്ടറി ഫാ. ജോ മാത്യു എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു.

ചികിത്സാ സഹായം

സ്വിറ്റ്സർലണ്ട് : സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് കോൺഗ്രിഗേഷനിലെ മർത്തമറിയം സമാജത്തിന്റെ ആഭിമുഖ്യത്തിൽ ഗുരുതര രോഗങ്ങളാൽ പ്രയാസമനുഭവിക്കുന്നവരും, ചികിത്സാ ചെലവുവഹിക്കുവാൻ ബുദ്ധിമുട്ടുന്നവരുമായ രോഗികൾക്ക് സഹായം നൽകുന്നു. രോഗിയുടെ അപേക്ഷ വികാരിയുടെ ശുപാർശ, മെഡിക്കൽ റിപ്പോർട്ട് എന്നിവയോടൊപ്പം താഴെപറയുന്ന വിലാസത്തിൽ 2016 ഒക്ടോബർ 20-നു മുമ്പായി അയയ്ക്കുക. സഭാംഗങ്ങളല്ലാത്തവർ സമീപമുള്ള ഓർത്തഡോക്സ് ഇടവകയിലെ വികാരിയുടെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

വിലാസം:

Secretary, SGOMMS, Hörnli Strasse II,
8600 Dübendorf, Switzerland

വായിക്കൂ... വരിക്കാരാകൂ...

മലങ്കരസഭ മാസിക

മലങ്കര ഓർത്തഡോക്സ് സഭയുടെ
ഔദ്യോഗിക പ്രസിദ്ധീകരണം

എല്ലാ മാസവും 10-ന് പ്രസിദ്ധീകരിക്കുന്നു.

In Ever Loving Memory of

4th Death Anniversary, 26-6-2016



MARIAMMA

Madathanil,
Maalam, Kottayam

9th Death Anniversary, 12-8-2016



KURUVILLA MATHEN
(Pappachy)

By Sorrowing Family

BIBLE QUIZ - 2

വെളിപാട് പുസ്തകം

■ ഫാ. സൈമൺ ജേക്കബ് മാത്യു

1. വെളിപാട് പുസ്തകം എഴുതിയത് ആര്
2. വെളിപാട് പുസ്തകത്തിലെ പ്രതിപാദ്യ വിഷയം?
3. വെളിപാട് പുസ്തകത്തിലെ പ്രവചനങ്ങൾ വായിച്ച് കേൾപ്പിക്കുന്നവർക്കും കേൾക്കുന്നവർക്കും, അത് പ്രമാണിക്കുന്നവർക്കും നൽകുന്ന വിശേഷണം.
4. വെളിപാട് പുസ്തകം പ്രത്യേകമായി എഴുതപ്പെട്ടത് ആർക്കുവേണ്ടി.
5. ആസ്യയിലെ 7 സഭകൾ ഏതെല്ലാം
6. മരിച്ചവരിൽ ആദ്യജാതൻ
7. ഗ്രീക്ക് ഭാഷയിലെ ആദ്യ അക്ഷരം
8. ഗ്രീക്ക് ഭാഷയിലെ അവസാന അക്ഷരം
9. ആൽഫയും ഒമേഗയും എന്ന പ്രയോഗത്തിന്റെ അർത്ഥം
10. യോഹന്നാൻ ശ്ലീഹായ്ക്ക് ദർശനം ഉണ്ടായ സ്ഥലം
11. യോഹന്നാൻ ആത്മവിവശനായ ദിവസം
12. മഹാനാദം കേട്ട് തിരിഞ്ഞു നോക്കിയ ശ്ലീഹാ കണ്ട രൂപം എന്ത്
13. 7 നക്ഷത്രങ്ങൾ എന്തിനെ സൂചിപ്പിക്കുന്നു
14. 7 നിലവിളക്കുകൾ എന്തിനെ സൂചിപ്പിക്കുന്നു
15. ആദ്യസ്നേഹം വിട്ടുകളഞ്ഞ സഭ
16. എഫേസൂസ് സഭ എതിർക്കുന്നത് ആരെ
17. എഫേസൂസ് സഭയുമായി ബന്ധപ്പെട്ട് ജയിക്കുന്നവന് ലഭിക്കുന്ന സന്ദേശം
18. സ്മൃർന്നയിലെ സഭ നേരിടുന്ന പ്രധാന വെല്ലുവിളി എന്ത്
19. മരണപര്യന്തം വിശ്വസ്തരായിരിക്കുന്നവർക്ക് ലഭിക്കുന്നത് എന്ത്
20. സ്മൃർന്നാ സഭയുമായി ബന്ധപ്പെട്ട് ജയിക്കുന്നവന് ലഭിക്കുന്ന സന്ദേശം
21. പെർഗാമോസ് സഭയുമായി ബന്ധപ്പെട്ട് ജയിക്കുന്നവന് ലഭിക്കുന്ന സമ്മാനം.
22. സാത്താന്റെ സിംഹാസനം കൊണ്ട് ബുദ്ധിമുട്ടുന്ന സഭ
23. കൊല്ലപ്പെട്ടതായി പറയപ്പെടുന്ന കർത്താവിന്റെ സാക്ഷിയും വിശ്വസ്തനും ആര്
24. പ്രവാചകി എന്ന് നടിച്ച് ഇയഥൈരയിലെ സഭാമക്കളെ തെറ്റിച്ച് കളയുന്നവൾ
25. ശുയഥൈരാ സഭയുമായി ബന്ധപ്പെട്ട് ജയിക്കുന്നവന് ലഭിക്കുന്ന സമ്മാനം.
26. സിർദ്ദിസിലെ സഭയുമായി ബന്ധപ്പെട്ട് ജയിക്കുന്നവന് ലഭിക്കുന്ന സമ്മാനം
27. ജീവനുള്ളവനെങ്കിലും മരിച്ചവൻ ആര്.
28. ആരും അടയ്ക്കാതെ വണ്ണം തുറക്കപ്പെട്ട വാതിൽ ദർശിച്ച സഭ
29. ഫിലദെൽഫ്യയിലെ സഭയുമായി ബന്ധപ്പെട്ട് ജയിക്കുന്നവന് ലഭിക്കുന്ന സന്ദേശം
30. ശീതോഷ്ണവാനായ സഭ

ഉത്തരങ്ങൾ

1. വി. യോഹന്നാൻ ശ്ലീഹാ; 2. വേഗത്തിൽ സംഭവിപ്പാനുള്ളത്; 3. ഭാഗ്യവാൻ; 4. ആസ്യയിലെ ഏഴ് സഭകൾക്ക്; 5. എഫേസൂസ്, സ്മൃർന്നാ, പെർഗമോസ്, തുയഥൈര, സർദ്ദിസ്, ഫിലാദെൽഫ്യ, ലവോദിക്യ; 6. യേശുക്രിസ്തു; 7. ആൽഫ; 8. ഒമേഗ; 9. ആദിയും അന്തവും; 10. പത്മോസ് ദ്വീപ്; 11. കർതൃദിവസം; 12. നിലയങ്കി ധരിച്ച് മാറത്ത് പൊൻകച്ച കെട്ടിയ മനുഷ്യപുത്രനോട് സദൃശ്യമായ രൂപം; 13. ഏഴ് സഭകളുടെ ദൂതന്മാരെ; 14. ഏഴ് സഭകളെ; 15. എഫേസൂസ്; 16. നിക്കോലാവ്യരെ; 17. പറുദീസായിലെ ജീവവൃക്ഷത്തിന്റെ ഫലം തിന്നാൽ ലഭിക്കും; 18. സാത്താന്റെ പള്ളിക്കാരുടെ; 19. ജീവകിരീടം; 20. രണ്ടാം മരണത്തിന്റെ അതിജീവനം; 21. മറഞ്ഞിരിക്കുന്ന മന്നായും, വെള്ളക്കല്ലും, പുതിയ പേരും; 22. പെർഗാമോസ്; 23. അന്തിപ്പാസ്; 24. ഇസബേൽ; 25. ജാതികളുടെ മേൽ അധികാരവും ഉദയനക്ഷത്രവും; 26. വെള്ള ഉടുപ്പും ജീവിതത്തിലെ പേരും; 27. സിർദ്ദിസിലെ സഭ; 28. ഫിലദെൽഫ്യ; 29. ദേവാലയത്തിലെ ശൂണാക്ക്യം; 30. ലവോദിക്യ.

വേദപഠനം

യോസേഫ് യേശുക്രിസ്തുവിന്റെ സമകാലികൻ ആയിരുന്നു.. ജന്മദേശം അരിമഥ്യാ. അത് ദീർഘദർശിയായ ശമുവേൽ പ്രവാചകന്റെ ദേശമായ രീമാഥയീം സോഫിം തന്നെയെന്ന് ഭൂരിഭാഗം ചരിത്രകാരന്മാരും അഭിപ്രായപ്പെടുന്നു. (1 ശമു. 1:1) യഹൂദ്യയിലെ എഫ്രയിം മലനാട്ടിലെ ഒരു സ്വച്ഛ ഗ്രാമം. വീഞ്ഞു വ്യാപാരമായിരുന്നു യോസേഫിന്റെ തൊഴിൽ എന്ന് ചിലർ എഴുതികാണുന്നു. ഏതായാലും അയാൾ വ്യാപാരത്തിലൂടെ സമ്പന്നനായിത്തീർന്നു. താമസം യരുശലേമിലേക്ക് മാറ്റി. യഹൂദന്മാരുടെ അത്യുന്നത ഭരണ സമിതിയായ സൻഹിദ്രീം സംഘത്തിലെ അംഗമായിത്തീർന്നു. യരുശലേമിൽതന്നെ സ്വന്തമായ ഒരു തോട്ടം വാങ്ങി അവിടെ പാറയിൽ വെട്ടിയെടുത്ത ഒരു കല്ലറ തനിക്കുവേണ്ടി ഒരുക്കിവെച്ചു. "പാറയിൽ വെട്ടിയ പുതിയ കല്ലറ"യെന്ന് സുവിശേഷങ്ങൾ എടുത്തു പറയുന്നുണ്ട്. അതിനു മുമ്പ് ആരെയും വെയ്ക്കാത്ത ആ കല്ലറ കർത്താവിനെ സംസ്കരിക്കുന്നതിനു വേണ്ടി യോസേഫ് ഒരു മടിയുമില്ലാതെ വിട്ടുകൊടുത്തു.

യോസേഫിനെപ്പറ്റി സുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്ന ചില കാര്യങ്ങൾ നമ്മുടെ ധ്യാനചിന്തകൾക്ക് വിഷയമാകേണ്ടതാണ്.

1. അവൻ നല്ലവനും നീതിമാനും ആയിരുന്നു (ലൂക്കോസ്: 23:50). യഹൂദപ്രമാണിയും ധനവാനും സന്നിദ്രീം സംഘാംഗവും ആയിരുന്നുവെങ്കിലും ഉത്തമ മനസാക്ഷിയുള്ളവനും വിവേകമുള്ളവനും ആയിരുന്നു. മറ്റുള്ളവർ ചെയ്തതുപോലെ യേശുവിനെ പരിഹസിക്കുവാനോ കുറ്റം വിധിക്കുവാനോ കള്ള സാക്ഷി പറയുവാനോ അവൻ തുനിഞ്ഞില്ല. വികാരത്തിനടിമപ്പെട്ട പരീശപ്രമാണികളുടെ ദുഷ്ടപ്രവർത്തികൾക്ക് എതിരായി നിലകൊണ്ടു. യോസേഫിന്റെ രഹസ്യ-പരസ്യ ജീവിതത്തെപ്പറ്റിയുള്ള ഒരു സാക്ഷിപത്രമാണ് അവൻ നല്ലവനും നീതിമാനുമായിരുന്നുവെന്നത്.

2. അയാൾ ധനവാനും യേശുവിന്റെ ശിഷ്യനുമായിരുന്നു. യോസേഫ് പന്തിരുവരിൽപ്പെടുന്ന ശിഷ്യനായിരുന്നില്ല. അങ്ങനെയല്ലാത്ത ശിഷ്യഗണവും യേശുക്രിസ്തുവിനെ അനുഗമിച്ചിരുന്നു. (ലൂക്കോ 10:1-20, അപ്ര.1 :15) യേശുവിന്റെ പ്രബോധനങ്ങൾ കേൾക്കുവാൻ

അരിമത്യാക്കാരൻ യോസേഫ്

■ ഡോ. എം. കുര്യാക്കോസ് പുല്ലുവഴി



യോസേഫിനെ വിശുദ്ധനായി ആദരിക്കുന്ന അനേകം പാശ്ചാത്യ പൗരസ്ത്യസഭകൾ ഇപ്പോഴുണ്ട്. മാർച്ച് 17 നും, ആഗസ്റ്റ് 31 നും ഓർമ്മ ആചരിക്കപ്പെടുന്നു.

ജോസഫ് രഹസ്യമായി പോകുമായിരുന്നു. അവൻ ധനവാനായിരുന്നു. വ്യാപാരത്തിൽ നിന്ന് സമ്പാദിച്ച സ്വത്തുക്കളുടെ ഉടമയായിരുന്നു. അങ്ങനെയുള്ളവർക്കേ യരുശലേമിൽ കോട്ടയും കല്ലറയും സ്വന്തമാക്കുവാൻ കഴിയുകയുള്ളു. യഹൂദന്മാരോടുള്ള ഭയം മൂലമോ (യോഹ. 19:38) താൻ ധനവാനാണെന്ന സങ്കോചം മൂലമോ, യോസേഫ് ക്രിസ്തുവിന്റെ രഹസ്യശിഷ്യനായിരിക്കുവാനാണ് ഇഷ്ടപ്പെട്ടത്. സമൂഹത്തിലുള്ള സ്ഥാനമാനങ്ങൾക്ക് കോട്ടം തട്ടാതെ, ജനവിരോധം സമ്പാദിക്കാതെ ക്രിസ്തുവിനെ രഹസ്യമായി സേവിക്കുന്ന ഒരു കുറുക്കുവഴിയാണ് യോസേഫ് സ്വീകരിച്ചത് എന്നത് വാസ്തവമായി നിലക്കൊള്ളുന്നു. എന്നാൽ ദൈവത്തിന്റെ അനന്തമായ കാരുണ്യത്തിന്റെ അഗോചര വഴികളിൽ കർത്താവിന്റെ ശരീരം വഹിച്ച്, സ്വന്തം കല്ലറയിൽ, ധനാഢ്യർക്ക് മാത്രം അവകാശപ്പെട്ട രീതിയിൽ അവനെ സംസ്കരിക്കുവാൻ മുൻനിയമിക്കപ്പെട്ടവൻ ഈ അരിമത്യക്കാരൻ തന്നെയായിരുന്നു.

3. അവൻ ദൈവരാജ്യത്തെ കാത്തിരുന്നവനായിരുന്നു. മർക്കോസിന്റെയും ലൂക്കോസിന്റെയും വിവരണങ്ങളിൽ ഇക്കാര്യം എടുത്തുപറയുന്നുണ്ട്. ദൈവരാജ്യത്തെ കാത്ത് പാർത്തിരുന്ന അനേകം ഭക്തരായ യഹൂദന്മാരും തീവ്രവാദികളായ എരിവുകാരും കലാപ പ്രീയരായ വിപ്ലവകാരികളും അന്നുണ്ടായിരുന്നു. യഹൂദരാജ്യം വിദേശാധിപത്യത്തിൽ കഴിഞ്ഞിരുന്ന അവസരങ്ങളിലെല്ലാം ഒരു വീണ്ടെടുപ്പുകാരനുവേണ്ടി യിസ്രായേൽ ജനം പ്രത്യാശിച്ചിരുന്നു. ദാവീദിന്റെ സിംഹാസനത്തിൽ വാഴുന്ന ഒരു രാജാവിനെ അവർ പ്രതീക്ഷയോടെ കാത്തിരുന്നു. ദൈവത്തിന്റെ പ്രത്യേക ഇടപെടലിനു വേണ്ടി ആകാംക്ഷയോടെ കാത്തിരുന്നവരിൽ ഒരാളായിരുന്നു യോസേഫ്. ദൈവഭക്തരും യഹോവയുടെ വാഗ്ദാനങ്ങളിൽ ഉറച്ച വിശ്വാസവും ഉള്ള യഹൂദന്മാരുടെ ഗണത്തിൽ പ്രമുഖനായിരുന്നു അരിമത്യക്കാരൻ യോസേഫ് എന്ന് വ്യക്തമാണ്.

4. അവൻ തക്ക സമയത്ത് ധൈര്യമായി ക്രിസ്തുവിന്റെ കാര്യത്തിൽ ഇടപെട്ടു. ന്യായപ്രമാണം അനുസരിച്ച് ശവശരീരം ശാബത്തിൽ തൂങ്ങിക്കിടക്കുവാൻ പാടില്ല. കൊലയ്ക്ക് വിധിക്കപ്പെട്ടവരുടെ ശരീരം പലപ്പോഴും സംസ്കരിക്കുവാൻ ആളില്ലാതെ വരുമായിരുന്നു. അപ്പോൾ അത് കഴുകനും വന്യജന്തുക്കൾക്കും എറിഞ്ഞുകൊടുക്കുകയായിരുന്നു പതിവ്. എന്നാൽ സ്നേഹിതന്മാരോ ഉറ്റ ബന്ധുക്കളോ ആവശ്യപ്പെട്ടാൽ വിട്ടുകൊടുക്കുന്ന പതിവുമുണ്ടായിരുന്നു. അതനുസരിച്ചാണ് യോസേഫ് പീലാത്തോസിന്റെയടുത്ത് ചെന്ന് യേശുവിന്റെ മൃതശരീരം ആവശ്യപ്പെട്ടത്. സന്നിദ്രിംസംഘാംഗം ആയിരുന്നുവെങ്കിൽ പോലും പരീശപ്രമാണികളുടെയും അധീശഗവണ്മെന്റിന്റെയും വിരോധം സമ്പാദിച്ച് ഒരു പക്ഷേ കൗൺസിൽ അംഗത്വം നഷ്ടപ്പെടാനുള്ള സാധ്യത ഏറെയായിരുന്നിട്ടും യോസേഫ് ധൈര്യമായി മുന്നോട്ടുവന്നു. അവന്റെ മഹാമനസ്കതയും ചുമതലാബോധവുമാണ് ഇത് സൂചിപ്പിക്കുന്നത്. യേശുവിന്റെ ഒരു രഹസ്യശിഷ്യനായിരിക്കുവാനായിരുന്നു യോസേഫിന്റെ ആഗ്രഹം. പക്ഷേ ക്രിസ്തുവിന്റെ ശിക്ഷാവിധിയും പീഢാനുഭവവും ക്രൂശുമരണവും ജോസഫിനെ പിടിച്ചുലച്ചു. കുറ്റബോധം അവനെ അലട്ടി. ഈ നിരപരാധിക്കു വേണ്ടി എന്തെങ്കിലും ചെയ്യാൻ ലഭിച്ച അവസരം ഇനിയും കൈവിടരുത് എന്ന് അവൻ ഉറച്ചു.. വന്നു ചേരാവുന്ന ഭവിഷ്യത്തുകളെ അവൻ ഒട്ടും ഭയപ്പെട്ടില്ല. യേശുവിനു വേണ്ടി അല്പമെങ്കിലും ത്യാഗം അനുഭവിക്കുവാനും കഷ്ടനഷ്ടങ്ങൾ സഹിക്കുവാനുമുള്ള അവസാനസന്ദർഭം യോസേഫ് ജാഗ്രതയോടെ സ്വീകരിച്ചു, വിശ്വാസത്തോടെ നിറവേറ്റി, ചരിത്രത്തിൽ സ്ഥാനം നേടി.

5. അവൻ അവരുടെ ആലോചനക്കും പ്രവർത്തികൾക്കും അനുകൂലമല്ലായിരുന്നു. (ലൂക്കോസ് 23:51) എഴുപതുപേരുള്ള സംഘത്തിൽ അവരുടെ അനീതികളെ ചൂണ്ടികാണിക്കുവാനും എതിർപ്പുകൾ പ്രകടിപ്പിക്കുവാനും യോസേഫ് ശ്രദ്ധിച്ചിരുന്നു. പക്ഷേ ഒരാളുടെ എതിർപ്പ് ഭൂരിപക്ഷത്തിന്റെ ആരവത്തിൽ നിർജ്ജീവമായിപ്പോയി. യേശുവിനോടുള്ള തന്റെ ഐക്യദാർഢ്യം പ്രകടിപ്പിച്ച് യോസേഫ് സംതൃപ്തി നേടി. സാക്ഷ്യത്തിനു ലഭിച്ച അവസരം അവൻ ഉപയോഗിച്ചു.

യഹൂദമര്യാദകൾക്കനുസരിച്ച് ഏറ്റവും ഭയഭക്തിബഹുമാനങ്ങളോടെ ഉചിതമായ രീതിയിൽ സമ്പന്നന്മാർക്ക് യോജിച്ച വിധത്തിൽതന്നെ ക്രിസ്തുവിന്റെ ശരീരം സംസ്കരിക്കപ്പെട്ടു. വളരെ ശ്രദ്ധാപൂർവ്വം യോസേഫ് ഇവിടെ പ്രവർത്തിച്ചുവെന്നു കാണാം. സൂര്യാസ്തമയത്തിന് മുമ്പുതന്നെ അവൻ പീലാത്തോസിന്റെ അടുത്തു ചെന്ന് ആവശ്യമായ അനുവാദം ചോദി

ച്ചുവാങ്ങി. ജഡം കുരിശിൽ നിന്നിറക്കി. നിക്കോദിമോസിനോടൊന്നിച്ച് ഒരുക്ക ശുശ്രൂഷകൾ ചെയ്തു. സുഗന്ധവർഗ്ഗങ്ങളോടുകൂടെ നിർമ്മല വസ്ത്രത്തിൽ പൊതിഞ്ഞ് ക്രിസ്തുവിന്റെ ശരീരം കല്ലറയിൽവെച്ചു. കല്ലറയുടെ വാതിൽക്കൽ ഒരു കല്ലും ഉരുട്ടിവെച്ചു. അങ്ങനെ കർത്താവിന്റെ മനുഷ്യാവതാരകാലത്തെ പീഢാനുഭവരംഗങ്ങൾക്ക് തിരശീല വീണു.

തലചായ്ക്കാൻ സ്വന്തമായി ഒരിടമില്ലായിരുന്നുവെങ്കിലും മരിച്ചു കഴിഞ്ഞപ്പോൾ പുതിയ ഒരു കല്ലറയും ബഹുമാന്യമായ ശവസംസ്കാരവുമാണ് യേശുവിന് ലഭിച്ചത്. ശമുവേൽ ദീർഘദർശിയുടെ നാട്ടിൽ നിന്നു വന്ന നീതിമാനായ യോസേഫ് തന്റെ സ്വന്ത ആവശ്യത്തിനുവേണ്ടി പാറയിൽ വെട്ടിയുണ്ടാക്കി കരുതിവെച്ചിരുന്ന പുത്തൻ കല്ലറ. വിശേഷവസ്ത്രത്തിലാണ് അവന്റെ ശരീരം പൊതിഞ്ഞത്. വിലക്കു വാങ്ങിയ നിർമ്മലമായ ലിനൻ. നിക്കോദിമോസ് ഏകദേശം നൂറു റാത്തൽ മൂരും അകിലും കൊണ്ടുള്ള സുഗന്ധക്കൂട്ടുകൾ കൊണ്ടുവന്നു. സാധാരണരീതിയിൽ ഇത്രയും സുഗന്ധവർഗ്ഗം ആവശ്യമില്ല. മുന്നൂറു വെള്ളിക്കാശിലധികം വില വരുന്ന സ്വച്ഛജടാമാംസി തൈലം യേശുവിന്റെ കാൽക്കൽ പൊട്ടിച്ചൊഴിച്ച സ്ത്രീ കാണിച്ച അതേ സ്നേഹ പ്രകടനം തന്നെയാണ് ഇവിടെ നാം കാണുന്നത്. യേശുവിന്റെ ക്രൂശുമരണത്തിന് സാക്ഷ്യം വഹിച്ച തന്റെ അമ്മയും മറ്റു സ്ത്രീകളും യോഹന്നാനും നിസ്സഹായരായി, ഇതികർത്തവ്യാമൂഢരായി നോക്കി നിന്നപ്പോൾ, അവരുടെ ആകുലമനസ്സുകൾക്ക് കുളിർമയേകി യോസേഫ് തന്റെ കർത്തവ്യം നിറവേറ്റി. വികാരനിർഭരമായ അന്തരീക്ഷത്തിൽ യേശുവിന്റെ ശരീരം കല്ലറയിൽവെച്ചു.

> **ഏഴുപതുപേരുള്ള സംഘത്തിൽ അവരുടെ അനീതികളെ ചൂണ്ടികാണിക്കുവാനും എതിർപ്പുകൾ പ്രകടിപ്പിക്കുവാനും യോസേഫ് ശ്രദ്ധിച്ചിരുന്നു. പക്ഷേ ഒരാളുടെ എതിർപ്പ് ഭൂരിപക്ഷത്തിന്റെ ആരവത്തിൽ നിർജ്ജീവമായിപ്പോയി.**

യോസേഫിന്റെ പിൽക്കാല ചരിത്രം സംബന്ധിച്ച് ഏറെ കഥകൾ പ്രചാരത്തിലുണ്ട്. അവയിൽ ഏറെയും ഐതിഹ്യങ്ങളും അഭ്യൂഹങ്ങളുമാണ്. ഐറേനിയോസ്, ഹിപ്പോലിറ്റസ്, തെർത്തുല്യൻ, യൗസേബിയോസ് മുതലായവരുടെ എഴുത്തുകളിൽ യോസേഫിനെപ്പറ്റി പരാമർശങ്ങൾ ഉണ്ട്. യോസേഫ് 70 അറിയിപ്പുകാരിൽ ഒരാളായിരുന്നുവെന്ന് ജോൺ ക്രിസോസ്റ്റം രേഖപ്പെടുത്തിയിട്ടുണ്ട്. ബ്രിട്ടനിൽ സുവിശേഷം അറിയിക്കുവാൻ നിയോഗിക്കപ്പെട്ടത് യോസേഫായിരുന്നുവെന്നും അദ്ദേഹം ഐൽസ് ദ്വീപുകളുടെ ആദ്യത്തെ ബിഷപ്പ് ആയിരുന്നുവെന്നും പീലാത്തോസിന്റെ പ്രവൃത്തികൾ എന്ന അപ്പോക്രിഫൽ ഗ്രന്ഥത്തിൽ യോസേഫിനെ യഹൂദ പ്രമാണികൾ പീഢിപ്പിക്കുകയും അദ്ദേഹം അത്ഭുതകരമായി രക്ഷപ്പെടുകയും ചെയ്ത ചരിത്രം വിശദീകരിക്കുന്നുണ്ട്.

യോസേഫിനെ വിശുദ്ധനായി ആദരിക്കുന്ന അനേകം പാശ്ചാത്യ പൗരസ്ത്യസഭകൾ ഇപ്പോഴുണ്ട്. സുറിയാനി സഭകൾ ആഗസ്റ്റ് 30 നാണ് അദ്ദേഹത്തിന്റെ ഓർമ്മ ആഘോഷിക്കുന്നത്. ഇതുകൂടാതെ മാർച്ച് 17, ജൂലൈ 31, ആഗസ്റ്റ് 30 എന്നീ തീയതികളിലും വിവിധ സഭകൾ ഓർമ്മദിനമായി കൊണ്ടാടുന്നു. ബൈസാന്റിയൻ സഭകൾ ഉയർപ്പിനു ശേഷം വരുന്ന രണ്ടാം ഞായറാഴ്ച യോസേഫിനെ സ്മരിക്കുന്നു. യോസേഫിന്റെ വിവിധ സ്വഭാവ വൈശിഷ്ട്യങ്ങൾ അവനെ ക്രൈസ്തവചരിത്രത്തിൽ അനശ്വരനാക്കിത്തീർത്തു. ■

ചരമ ദ്വിശതാബ്ദി ആഘോഷം

കുന്നംകുളം: പഴയ സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് ഒന്നാമന്റെ ചരമ ദ്വിശതാബ്ദി ആഘോഷങ്ങളുടെ സമാപനം നവം. 20-ന് ഞായറാഴ്ച കുന്നംകുളത്ത് വച്ച് നടത്തും.

നവംബർ 24-ന് തീർത്ഥാടക സംഗമവും ഓർമ്മ പെരുനാളും കോട്ടയം പഴയ സെമിനാരിയിൽ വച്ച് നടത്തും. പഴയ സെമിനാരിയിൽ നടന്ന ആലോചനാ യോഗത്തിൽ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ അദ്ധ്യക്ഷത വഹിച്ചു.

വിദേശ സഭാ മേലദ്ധ്യക്ഷന്മാരും രാഷ്ട്രീയ സാമൂഹിക നേതാക്കളും രണ്ടു സമ്മേളനങ്ങളിലും പങ്കെടുക്കുമെന്ന് ആഘോഷ കമ്മിറ്റി ചെയർമാൻ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ പറഞ്ഞു. ഇതിനോടനുബന്ധിച്ചുള്ള അഖില മലങ്കര വൈദിക സമ്മേളനം ഓഗസ്റ്റ് 18-ന് വ്യാഴാഴ്ച, കുന്നംകുളത്ത് വച്ച് നടത്തും.

അഖില മലങ്കര പ്രസംഗ മത്സരം (2016 സെപ്റ്റം. 24, ശനിയാഴ്ച)

പഴയ സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ ചരമ ദ്വിശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് അഖില മലങ്കര അടിസ്ഥാനത്തിൽ സൺഡേസ്ക്കൂൾ വിദ്യാർത്ഥികൾക്കായി പ്രസംഗ മത്സരം നടത്തുന്നു. **2016 സെപ്റ്റംബർ 24** ശനിയാഴ്ച രാവിലെ 9 മണി മുതൽ മത്സരം കോട്ടയം സോഫിയാ സെന്ററിൽ വച്ച് നടത്തും. പ്രസംഗ മത്സര സമ്മേളനം അഹമ്മദാബാദ് ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യും.

വിഷയം: **പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമന്റെ ജീവിതവും ദർശനവും**

നിബന്ധനകൾ: 1. സൺഡേസ്ക്കൂളിൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾ (VII-XII); 2. 2016 സെപ്റ്റം. 20-ന് മുൻപായി പേര് രജിസ്റ്റർ ചെയ്യണം; 3. പ്രസംഗ സമയം 5 മിനിറ്റ്. 4. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക് 5000, 3000, 2000 രൂപ വീതം സമ്മാനം നൽകും. 5. സമ്മാനങ്ങൾ ചരമ ദ്വിശതാബ്ദി സമ്മേളനത്തിൽ വച്ച് നൽകും.

For Registration -
Fr. Dr. John Thomas Karingattil,
P.B. No. 98, Kottayam-686001
Ph: 04734-253560, 9447141639, or karingattilachan@gmail.com

ഡോക്ട്രേറ്റ്

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ചരിത്രത്തിൽ ഡോക്ട്രേറ്റ് നേടിയ ടിൻസി വർഗ്ഗീസ്. ആലുവാ യു.സി. കോളജ് അദ്ധ്യാപികയും എം.ജി.ഒ.സി.എസ്.എം. സീനിയർ വൈസ് പ്രസിഡന്റുമാണ്. പെരുമ്പാവൂർ തോന്ന്രയിൽ പരേതനായ റ്റി. എം. വർഗീസിന്റെയും (മലങ്കര വർഗ്ഗീസ്) സാറാമ്മയുടേയും മകളാണ്. അങ്കമാലി മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകാംഗമായ അനിൽ വി. ഉമ്മന്റെ സഹധർമ്മണി. മക്കൾ: രൂത്ത്, ഏബ്രഹാം.

ബഹുമതി

ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് പ്രസ്ഥാനത്തിന്റെ ദേശീയ ബഹുമതിയായ ഹിമാലയ വുഡ് ബാഡ്ജും (HWB) 10 വർഷ ലോങ് സർവ്വീസ് ഡെക്കറേഷൻ സംസ്ഥാന അവാർഡും നേടിയ ശോഭാ സാറാ വർഗീസ്. മലപ്പുറം കിടങ്ങയം എ.എം. എൽ.പി. സ്ക്കൂൾ അധ്യാപിക. മഞ്ചേരി സെ. ഗ്രിഗോറിയോസ് ഇടവകയിൽ ജേക്കബ് ടി. കുറിയാക്കോസിന്റെ ഭാര്യ. മക്കൾ: ഡോൺ, ഡയാന.

സ്വർണ്ണ മെഡൽ

2016 മാർച്ചിൽ ലക്നൗവിൽ വച്ച് നടന്ന 36-ാമത് മാസ്റ്റേഴ്സ് ദേശീയ കായികമത്സരങ്ങളിൽ 70 വയസ്സിനു മേൽ പ്രായമുള്ള വനിതകളുടെ ലോംങ്ജെംമ്പ്, ജാവലിങ്ങ് ത്രോ, ഡിസകസ് ത്രോ എന്നീ ഇനങ്ങളിൽ ഗോൾഡ് മെഡൽ നേടിയ വത്സാ ജേക്കബ്. തിരുവനന്തപുരം സെന്റ് ജോർജ് കത്തീഡ്രൽ ഇടവകാംഗവും, റിട്ടയർഡ് ഐ.പി.എസ്. ഓഫീസർ റ്റി. ഒ. ജേക്കബിന്റെ ഭാര്യയുമാണ്.

ഒന്നാം ചരമ വാർഷികം
(05-08-2016)

ജെന്നി തോമസ്

കീടങ്ങിൽ വീട്,
മല്ലശ്ശേരി

വേർപാടിന്റെ വേദനയ്ക്ക്
ദുഃഖാർത്തരായ
കുടുംബാംഗങ്ങൾ

പരുമല സെമിനാരി

പരുമല: തീർത്ഥാടകർക്ക് സൗകര്യ പ്രദമായ രീതിയിൽ പുതിയ ഓഫീസിൽ ഒന്നലധികം കൗണ്ടറുകളും ഇൻഫർ മേഷൻ സെന്ററും (0479- 2312202, 2312328) പ്രവർത്തനം ആരംഭിച്ചു.

ധ്യാനമന്ദിരത്തിൽ താമസിക്കുവാൻ എത്തുന്നവർ (0479- 2312226, 232226) നിർബന്ധമായും വികാരിയുടെ കത്തുമായി എത്തിച്ചേരണം. പരുമല പള്ളിയിൽ എല്ലാ ദിവസവും വി. കുർബ്ബാന ഉണ്ടായിരിക്കും. വെള്ളി, ഞായർ 6.30 -ന് ചാപ്പലിലും 8.30 ന് പള്ളിയിലും വി. കുർബ്ബാന ആരംഭിക്കും. ബുധൻ, വെള്ളി, ശനി ദിവസങ്ങളിൽ ഏഴരയ്ക്കും ബാക്കി ദിവസങ്ങളിൽ ഏഴുമണിക്കും പള്ളിയിൽ വി. കുർബ്ബാന ആരംഭിക്കും.

ബുധനാഴ്ച രാവിലെ 10.30 മുതൽ പള്ളിയിൽ വിശ്വാസ പഠനക്ലാസ്സും വെള്ളിയാഴ്ച 10.30 മുതൽ ധ്യാനവും ആരംഭിക്കും. പരുമല പള്ളിയിൽ എല്ലാദിവസവും വി. മാമോദീസാ ശുശ്രൂഷയ്ക്ക് സൗകര്യം ഉണ്ടായിരിക്കും. വികാരിയുടെ എഴുത്തുമായി മാനേജരെ സമീപിക്കണം.

www.gregoriantv.com

മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക ഇന്റർനെറ്റ് വെബ് ചാനൽ

- പരുമല സെമിനാരിയിലെ ആരാധനയും യാമപ്രാർത്ഥനകളും വെബ് ചാനലിൽ ലഭ്യമാണ്.
- പള്ളികളിലെ പ്രധാന പ്രോഗ്രാമുകൾ നിബന്ധനകൾക്ക് വിധേയമായി Live Telecast ചെയ്യും.

ഫാ. എം.സി. കുര്യാക്കോസ്
പരുമല സെമിനാരി മാനേജർ, പരുമല, മാന്നാർ
0479-2310894, 9497112328, 9446606264

Advt.

"Education is the most powerful weapon which you can use to change the world."

Orthodox Christian Youth Movement, Abu Dhabi

St. George Orthodox Cathedral, Abu Dhabi

Alwares Mar Julius Scholarship Project

അൽവാറീസ് മാർ യൂലിയോസ് സ്കോളർഷിപ്പ് പ്രോജക്ട്

Under the Patronage of St. George Orthodox Cathedral Charity Committee

ഭാഗ്യസ്മരണാർഹനും ബ്രഹ്മവാർ മിഷൻ സ്ഥാപകനും മലങ്കര സഭയുടെ ഗോവ, സിലോൺ, ബാഹ്യകേരള പ്രദേശങ്ങളുടെ മെത്രാപ്പോലീത്തായുമായിരുന്ന അൽവാറീസ് മാർ യൂലിയോസ് തിരുമേനിയെ പുതുതലമുറയ്ക്ക് പരിചയപ്പെടുത്തി, ആ പിതാവിന്റെ സ്മരണ നിലനിർത്തുക എന്ന ഉദ്ദേശത്തോടെ ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം അബുദാബി യൂണിറ്റ് തുടക്കം കുറിച്ച സ്കോളർഷിപ്പ് ആണ് **"അൽവാറീസ് മാർ യൂലിയോസ് സ്കോളർഷിപ്പ് പ്രോജക്ട്"**. വൈദേശിക അപ്രമാദിത്വത്തിനെതിരായി സ്വസുഖങ്ങളെ ത്യജിച്ച് പോരാടുകയും, പീഡകളെ വകവെക്കാതെ സത്യവിശ്വാസത്തിൽ ആകൃഷ്ടനായി അതിനെ സ്വീകരിച്ച് അതിനായി നിലകൊണ്ട ഈ പിതാവിന്റെ സ്മരണ നിലനിർത്തേണ്ടത് മലങ്കരസഭയുടെ ചരിത്രപരമായ ദൗത്യമാണ്.

ഈ ലക്ഷ്യം മുൻ നിർത്തി മലങ്കര ഓർത്തഡോക്സ് സഭയിലെ ഭദ്രാസനങ്ങളിൽ നിന്ന് സമർത്ഥമായ, എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഓരോവിദ്യാർത്ഥിക്ക് / വിദ്യാർത്ഥിനിക്ക്, വിദ്യാഭ്യാസസഹായയം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി നൽകുവാൻ ആഗ്രഹിക്കുന്നു. താൽപര്യമുള്ളവർ ഇതിലേക്ക് ആവശ്യമായ അപേക്ഷകൾ

The Vicar, P.O. Box. 883, St. George Orthodox Cathedral, Abu Dhabi
Tel : +971 2 446 4504, Fax : 00971 2 446 4164

എന്ന വിലാസത്തിലോ mediadeskocym@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ഒക്ടോബർ 30, 2016-ന് മുമ്പ് അയച്ചുതരേണ്ടതാണ്.

എന്ന്,

ഫാ. എം.സി. മത്തായി (ഇടവക വികാരി)

നിബന്ധനകൾ

1. നിർദ്ദിഷ്ഠ ഫോമിൽ മാത്രം അപേക്ഷ അയയ്ക്കേണ്ടതാണ്. ഫോമിനായി mediadeskocym@gmail.com എന്ന വിലാസത്തിൽ ബന്ധപ്പെടുക.
2. 10/+2 ക്ലാസ്സുകൾ പൂർത്തിയാക്കിയ പ്രൊഫഷണൽ വിദ്യാഭ്യസത്തിനു ചേർന്ന വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്.
3. ഒരു ഭദ്രാസനത്തിൽ നിന്നു ഒരു വിദ്യാർത്ഥിക്കു മാത്രമെ സ്കോളർഷിപ്പ് അർഹതയുണ്ടായിരിക്കുകയുള്ളൂ.
4. അപേക്ഷാ ഫോറം ഇടവക വികാരിയും, കൂടാതെ അതാതു മെത്രാപ്പോലീത്തായോ / ഭദ്രാസന സെക്രട്ടറിയോ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായിരിക്കണം.
5. അപേക്ഷയോടൊപ്പം അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായെക്കുറിച്ചുള്ള ഒരു ലഘു വിവരണം കൂടി ഉൾപ്പെടുത്തി അയയ്ക്കേണ്ടതാണ്.
6. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഒക്ടോബർ 30, 2016

NB : അബുദാബി കത്തീഡ്രൽ ചാരിറ്റി കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.



ഗ്രീസിലെ തെസ്സോനിക്കയിൽ നടന്ന ഇന്റർ പാർലമെന്ററി അസംബ്ലിയുടെ വാർഷിക ജനറൽ അസംബ്ലിയുടെ സമാപന വേദിയിൽ ഗ്രീക്ക് എം.പി. ആൻഡ്രിയാസ് മിക്കാലിഡിസ്, കേരള മുൻ ചീഫ് സെക്രട്ടറി ജിജി തോംസൺ, കേരള കോൺഗ്രസ് (എം) ജനറൽ സെക്രട്ടറി ജോസഫ് എം. പുതുശ്ശേരി, റഷ്യൻ എം.പി. സെർജി പോപ്പോവ്, അഡ്വൈസർ ഡോ. കോസ്റ്റാസ് മിഗ്ഡാലിസ് എന്നിവർ സമീപം.

മലങ്കര ഓർത്തഡോക്സ് മർത്തമറിയം വനിതാ സമാജം ഗൾഫ് മേഖലാ വാർഷിക സമ്മേളനം പ്രസിഡന്റ് യൂഹാനോൻ മാർ തേവോദോറോസ് ഉദ്ഘാടനം ചെയ്യുന്നു.

പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ

മുളക്കുളം:- ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 25-ാം ഓർമ്മ, ഓഗസ്റ്റ് 19-ന് മുളക്കുളം കർമ്മേൽകുന്ന് പള്ളിയിൽ.

പാമ്പാടി:- മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 36-ാം ഓർമ്മ, ഓഗസ്റ്റ് 31-ന് പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ.

മുളന്തുരുത്തി:- യുയാക്കിം മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ 142-ാം ഓർമ്മ, സെപ്റ്റം. 2-ന് മുളന്തുരുത്തി പള്ളിയിൽ.

പഞ്ചിം:- അൽവാറിസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 93-ാം ഓർമ്മ സെപ്റ്റം. 12-ന് പഞ്ചിം സെ. മേരീസ് പള്ളിയിൽ.

അന്ത്യോക്യ:- മാർ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ 122-ാം ഓർമ്മ സെപ്റ്റം. 25-ന്.

ആലുവ:- ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ 19-ാം ഓർമ്മ സെപ്റ്റം. 28-ന് ആലുവ തൃക്കുന്നത് സെമിനാരിയിൽ.

അഞ്ചാം ചരമ വാർഷികം

(26-08-2016)

FR. PHILIP K. ALEX

Kiliyilathu House

Kayamkulam



ജനനം 10-10-1936

മരണം 26-08-2011

"ആചാര്യേശാ മശിഹാ കുദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം-നാഥാ സ്തോത്രം"

Inserted by loving family

Dearest Pappa

4th Birthday in Heaven

20-08-2016

VARUGHESE KURUVILLA

Kachirackal Manju vila,
Vennikulam

Inserted By:-

Wife: Molly Varughese

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

വിശുദ്ധ കന്യക മറിയാം

■ ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത

വി. കന്യകമറിയാമിനെക്കുറിച്ചുള്ള വി. ലൂക്കോസിന്റെ പരാമർശം ലൈംഗീകബന്ധമില്ലാത്ത അവസ്ഥയെക്കുറിച്ചും ശരീരത്തിന്റെ വിശുദ്ധിയെക്കുറിച്ചുമാണ്. സഭയുടെ പ്രാർത്ഥനകളിലും *വിവാഹ സ്പർശം ഏൽക്കാത്തവൾ* എന്ന ഉപയോഗം വി. കന്യകമറിയാമിനെക്കുറിച്ച് ധാരാളമായുണ്ട്.

പരിശുദ്ധ അമ്മയെക്കുറിച്ച് വി. ലൂക്കോസ് എഴുത്ത് ആരംഭിക്കുന്നത് "ആറാം മാസത്തിൽ ദൈവം ഗബ്രിയേൽ ദൂതനെ നസറേത്ത് എന്ന ഗലീല പട്ടണത്തിൽ, ദാവീദ് ഗൃഹത്തിലുള്ള യോസേഫ് എന്നൊരു പുരുഷന് വിവാഹം നിശ്ചയിച്ചിരുന്ന കന്യകയുടെ അടുക്കൽ അയച്ചു. ആ കന്യകയുടെ പേർ മറിയ എന്നായിരുന്നു" (വി. ലൂക്കോ. 1:26-27) എന്നു പറഞ്ഞുകൊണ്ടാണ്. സാധാരണ നിലയിൽ ഒരാളെ പരിചയപ്പെടുത്തുമ്പോൾ ആ ആളിന്റെ പേരാണ് ആദ്യം പരിചയപ്പെടുത്തുക. എന്നാൽ ഇവിടെ പേര് രണ്ടാമതാണ് പറയുന്നത്. ആദ്യ ഭാഗത്ത് പറയുന്നത് "കന്യകയുടെ അടുക്കൽ" ദൂതനെ അയച്ചു എന്നാണ്. പേരിനു മുമ്പ് കന്യക എന്ന വാക്ക് വന്നത് മനഃപൂർവ്വമാകാം. കാരണം ദൈവത്തിന്റെ പദ്ധതിയിൽ പങ്കാളിയാകുന്ന ഒരാളിന്റെ യോഗ്യതയ്ക്കാണ് പ്രഥമ പരിഗണന. കന്യകാത്വമായിരുന്നു മറിയയുടെ യോഗ്യത. ദൈവത്തെ ഉദരത്തിൽ വഹിക്കുവാൻ ഒരു കന്യകയെ ആയിരുന്നു ദൈവത്തിനു വേണ്ടിയിരുന്നത്.

കന്യകാത്വം ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുകയും എന്നാൽ അത്ര കാര്യമായ ഒന്നല്ല എന്ന നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്ന ഒരു കാലഘട്ടമാണ്. ലോകത്തിന്റെ നിഗമനങ്ങൾ, തത്വശാസ്ത്രങ്ങൾ തുടങ്ങിയവ ഈ വിഷയത്തിൽ എന്തുതന്നെയായാലും, ദൈവം ഇറങ്ങി വസിക്കുവാൻ കന്യകാത്വം ഒഴിച്ചുകൂടാനാകാത്ത ഒരു ഘടകമാണെന്ന് സഭയും വി. വേദപുസ്തകവും പിതാക്കന്മാരും പഠിപ്പിക്കുന്നുണ്ട്. എന്താണ് കന്യകാത്വം? അതിനെ ശരീരത്തിന്റെ ഒരവസ്ഥയായി മാത്രം പരിഗണിക്കേണ്ടതാണോ?

സയൻസ് ഒരു പക്ഷേ കന്യകാത്വത്തെ നിർവ്വചിക്കുക ശരീരത്തിന്റെ ഒരവസ്ഥയായിട്ടായിരിക്കും. ഇപ്പോൾ സയൻസും മറ്റുതലങ്ങളിലേക്ക് ഈ ചിന്തയെ വ്യാപിപ്പിക്കുന്നുണ്ട്. തീർച്ചയായും ഇത് ശരീരത്തിന്റെ ഒരവസ്ഥ തന്നെയാണ്. ഇത് ലൈംഗീകതയുമായി ബന്ധപ്പെട്ടാണ് കൂടുതലായും പരാമർശിക്കപ്പെടുന്നത്. എന്നാൽ ശരീരത്തിന്റെ ശരിയായ പ്രകൃതിയെ വികൃതമാക്കുന്ന ഏതൊന്നും കന്യകാത്വം നഷ്ടപ്പെടുന്ന അവസ്ഥയായി പരിഗണിക്കപ്പെടേണ്ടതാണ്. ശരീരത്തിൽ മുറിവുകളുണ്ടാക്കുന്നതും, ആഢയാഭരണങ്ങൾ ശരീരത്തിൽ തുളയുണ്ടാക്കി ധരിക്കുന്നതുമൊക്കെ ഇതോടു ചേർത്ത് ചിന്തിക്കേണ്ടതാണ്. ശരീരത്തിന്റെ സ്വാഭാവിക പ്രകൃതിയെ വിഫലമാക്കുന്നതൊക്കെയും അതിന്റെ കന്യകാത്വത്തെ നഷ്ടപ്പെടുത്തുന്നതാണ്.

ഇവിടെ തീർച്ചയായും ഉയരുന്ന ഒരു ചോദ്യമുണ്ട്. കർത്താവ് തന്റെ ശരീരം മുറിച്ചല്ലേ നൽകിയത്? കർത്താവിന്റെ ശരീരം മുറിക്കപ്പെട്ടപ്പോൾ ജീവൻ ലഭിക്കുകയാണുണ്ടായത്. ജീവൻ പ്രദാനം ചെയ്യുവാൻ മുറിക്കപ്പെട്ട കർത്താവിന്റെ ശരീരം അതിന്റെ കന്യകാത്വം സൂക്ഷിച്ചിരുന്നതിനാലാണ്, അതിന്റെ കർമ്മം നിർവ്വഹിക്കുവാൻ ആ ശരീരത്തിനു കഴിയുന്നത്. വി. വേദപുസ്തകം സാക്ഷിക്കുന്നത് "പാപമൊഴികെ സകലത്തിലും" അവൻ നമ്മെപ്പോലെയായി എന്നാണ്. അങ്ങിനെയുള്ള ഒരു ശരീരത്തിനു മാത്രമേ മുറിക്കപ്പെടുവാനും വിഭജിച്ചു നൽകപ്പെടുവാനും യോഗ്യത ലഭിക്കുകയുള്ളു.

എന്നാൽ വി. കന്യകമറിയാമിനെക്കുറിച്ചുള്ള വി. ലൂക്കോസിന്റെ പരാമർശം ലൈംഗീകബന്ധമില്ലാത്ത അവസ്ഥയെക്കുറിച്ചും ശരീരത്തിന്റെ വിശുദ്ധിയെക്കുറിച്ചുമാണ്. സഭയുടെ പ്രാർത്ഥനകളിലും *വിവാഹ സ്പർശം ഏൽക്കാത്തവൾ എന്ന* ഉപയോഗം വി. കന്യക മറിയാമിനെക്കുറിച്ച് ധാരാളമായുണ്ട്. എന്നാൽ ഒരാളുടെ ശരീരത്തിന്റെ കന്യകാത്വം ആ ആളിന്റെ ആത്മാവിന്റെ ശക്തിയും മനസ്സിന്റെ നിർമ്മലതയും ഒത്തുചേരുമ്പോൾ സംഭവിക്കുന്നതാണ്. ആത്മാവിൽ നിയന്ത്രിതമായ ശരീരവും മനസ്സുമുണ്ടാവുക എന്നതാണ് ഏറ്റവും പ്രധാനം. എവിടെ ഒരുവന്റെ ആത്മാവിന്റെ ശക്തി കെടുന്നുവോ അവിടെ അയാ

ളുടെ ശരീരവും മനസ്സും ബലഹീനമാകുന്നു. അതോടൊപ്പം പ്രാധാന്യമർഹിക്കുന്നതാണ് ഒരാളുടെ മനസ്സിന്റെ വിശുദ്ധി. മനസ്സും ശരീരവും ബന്ധപ്പെട്ടാണിരിക്കുന്നത്. മിക്കപ്പോഴും ശരീരത്തിന്റെ പ്രകടനങ്ങൾ മനസ്സിൽ സംഭവിക്കുന്നതിന്റെ പ്രതിസ്പന്ദനങ്ങളാണ്. അതിനാൽ മനസ്സിന്റെ കന്യകാത്വവും ഒരാളുടെ നിർമ്മലത സൂക്ഷിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു. കന്യക മറിയാമിൽ ആത്മാവിന്റെ ശക്തിയും മനസ്സിന്റെ നിർമ്മലതയും ശരീരത്തിന്റെ കന്യകാത്വവും സമ്മേളിച്ചിരിക്കുന്നു. അതിനാലാണ് ദൈവത്തിന് ഇറങ്ങി വസിക്കുവാൻ ഒരു പാത്രമാകുവാൻ മറിയാമിനു കഴിഞ്ഞത്.

ഇവിടെ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം മറിയാമിന്റെ ആത്മാവിന്റെയും മനസ്സിന്റെയും ശരീരത്തിന്റെയും ഈ അവസ്ഥ എങ്ങിനെ സാധിച്ചു എന്നാണ്. ഒരാളുടെ വ്യക്തിത്വം അയാൾ ജനിച്ചു ജീവിക്കുന്ന അന്തരീക്ഷത്തെക്കൂടി ആശ്രയിച്ചിരിക്കുന്നു. ഇവിടെ മറിയാമിന് ഇത് സാദ്ധ്യമാക്കിത്തീർന്ന അന്തരീക്ഷം എന്താണ്? സഭയുടെ പാരമ്പര്യത്തിൽ ബാലികയായ മറിയാമിന്റെ വളർച്ച ദേവാലയ പരിസരത്തായിരുന്നു. ആരാധനയുടെയും ആത്മീകതയുടെയും അന്തരീക്ഷത്തോട് ചേർന്ന് പുരോഹിതന്മാരാൽ വളർത്തപ്പെട്ടവളായിരുന്നു മറിയ.

കന്യക മറിയാമിന്റെ ഓർമ്മ ഒരു മദ്ധ്യസ്ഥ പ്രാർത്ഥനയിൽ ഒതുങ്ങുന്നതല്ല. ആ ഓർമ്മയും ജീവിതവും നമ്മുടെ മുമ്പാകെ ഉയർത്തുന്ന ചില വെല്ലുവിളികൾ ഉണ്ട്. അശുദ്ധി നിറഞ്ഞു വരുന്ന ഈ ലോകത്തിൽ എങ്ങിനെ കന്യകാത്വം സൂക്ഷിക്കുവാൻ കഴിയും? ആധുനിക ലോകത്തിൽ ജനിച്ചു വീഴുന്ന ഒരു കുഞ്ഞിനെ വളർത്തുന്നതിനും അതിനു വളരുന്നതിനും വേണ്ട ഘടകങ്ങൾ ഏവ? അവയിൽ കൂടി വളരുന്ന അന്തരീക്ഷം എങ്ങനെയുള്ളതാകണം? നമ്മുടെ കുഞ്ഞുങ്ങളുടെ കന്യകാത്വം സൂക്ഷിക്കുവാനുള്ള അന്തരീക്ഷമുണ്ടോ? തെറ്റിധരിക്കേണ്ട-വിശുദ്ധന്മാരും ശുദ്ധിമതികളും ഉണ്ടായിട്ടുള്ളതൊക്കെ കുടുംബത്തിൽ നിന്നുമാണ്. ■

For Favours Received

ഒരു വിശ്വാസി ഒരു വിശ്വാസി

P.C. Babychen *(Prop.)*
Pulimoottil

Mob : 9497748554
9995217132

PULIMOOTTIL METAL & VESSELS

Palace View
Changancherry - 686 101



Sales and Service All Kinds of Church Goods

REMEMBRANCE

First Anniversary of
Departure on 30th August 2016

ANNAMMA MATHEW (72)

(D/o. Late Mr. M.C. George and
Late Mrs. Thankamma George,
Kulathintekezhakathil, Near Police Qtrs,
Kayamkulam)

A-1, Madhur C.H.S., Chinchoi, Malad (W)
Mumbai-400064

Your life was a blessing
Your memory a treasure
You are loved beyond words and missed beyond measure
You are deeply loved and remembered
Your dear husband Prof. Mathew Thomas
Your lovingly son Madhu (Thomas) and Eapen Varghese
And doting grand children Annie,
Rhea and Grace

Ever loving siblings

1. Mrs. Gracy Philipose
2. Mrs. Lilly Jacob
3. Mr. Chacko George
4. Late Mrs. Molly Varghese
5. Mrs. Susamma Zacharias

Holy Qurbana to be celebrated at St. Thomas Orthodox Major Church Malad west Mumbai at 7 a.m. 3rd september 2016



വേദബോധനം

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ, കുന്നംകുളം

Breaking The Word

2016 സെപ്റ്റംബർ 4
വാങ്ങിപ്പിന് ശേഷം മൂന്നാം ഞായർ
വി: മത്താ. 17:22 – 27

സുവിശേഷ പശ്ചാത്തലം

വി.മത്തായി ശ്ലീഹാ മാത്രം രേഖപ്പെടുത്തുന്ന ഒരു സംഭവമാണിത്. യരുശലേമിൽ പെസഹാപെരുന്നാളിന് പോകുവാനുള്ള ഒരുക്കത്തിന്റെ ഭാഗമായി ഗലീലായിൽ അവർ ഒരുമിച്ച് കൂടിയിരിക്കുമ്പോൾ സംഭവിക്കുന്നതാണിത്. പ്രായപൂർത്തിയായ (ഇരുപത് വയസ്സ് പൂർത്തിയായവർ) യഹൂദ പുരുഷന്മാർ അരശെക്കേൽ വീതം ദേവാലയകാര്യങ്ങൾക്കായി നൽകണമെന്ന് ന്യായപ്രമാണങ്ങൾ(പുറ30. 11-16,നെഹ 10: 32-33) അനുശാസിച്ചിരുന്നു. വിപ്ലാവത്മക ജീവിതത്തിനുടമയായ യേശു, ഇത് നൽകാത്തവാനായിരിക്കാമെന്ന ചിലരുടെ തെറ്റിധാരണയാണ് ഈ ചർച്ചകൾക്ക് വഴിയൊരുക്കുന്നത്.

ആലങ്കാരികവ്യാഖ്യാനം (വ.27)

മത്സ്യത്തിനുള്ളിൽ നിന്ന് എസ്തീറാ ലഭിച്ചത് വി.കന്യകമറിയം അമ്മയിൽ നിന്നുള്ള കർത്താവിന്റെ ജനനത്തെ സൂചിപ്പിക്കാൻ പിതാക്കന്മാർ ഉപയോഗിക്കുന്ന വേദഭാഗം കൂടിയാണ്. നികുതി പണം നൽകുവാൻ പത്രോസ് അയയ്ക്കപ്പെടുന്ന ഈ സംഭവത്തിന് ചില പിതാക്കന്മാർ നൽകുന്ന ആലങ്കാരിക വ്യാഖ്യാനം വളരെ ഹൃദ്യമാണ്. അതിപ്രകാരമാണ്- ലോകമാകുന്ന സംസാരസാഗരത്തിൽ മത്സ്യങ്ങളെപോലെ വ്യാപരിക്കുന്നവനാണ് മനുഷ്യൻ. പാപസമുദ്രത്തിൽ നിന്ന് മത്സ്യങ്ങളാകുന്ന മനുഷ്യരാശിയെ പിടിച്ചെടുക്കുവാൻ സുവിശേഷ ബോധനങ്ങളായ ചൂണ്ടകളുമായി, നിത്യജീവങ്കലേക്ക് മനുഷ്യരെ പിടിച്ചെടുക്കുവാൻ ശീമോൻ പത്രോസ് അയ്യക്കപ്പെടുന്നു. പിടിക്കപ്പെട്ട മനുഷ്യന്റെ ഉള്ളിൽ കണ്ടെത്തപ്പെടുന്ന എസ്തീറ അഥവാ *നാലു സൂസൊ* എന്ന ആ *നാലു സുവിശേഷങ്ങൾ* മുഖാന്തിരം ലഭിച്ച സത്യവിശ്വാസം അവന് ആത്മരക്ഷയ്ക്ക് നിദാനമായിയെന്നും അത് ഓർമ്മിപ്പിക്കുന്നു.

കർമ്മങ്ങളിലും നിയോഗപൂർത്തിയിലുമുള്ള നന്മയുടെ ആത്മാവാണ് മഹത്വം. മനുഷ്യന്റെ മഹത്വപ്രാപ്തിക്ക് മാർഗം പകരുന്ന ചില ഉൾകാഴ്ച്ചകളാണിവിടെ കുറിക്കുക.

1. അത്യുന്നതന്റെ മഹത്വം:

"അറിവില്ലായ്മ കൊണ്ട് നിന്ദിക്കുന്നതിനെക്കാൾ നികൃഷ്ടമാണ് അറിഞ്ഞിട്ടും ആചരിക്കാതിരിക്കുന്നത് " എന്ന തത്വം പ്രസക്തമാണല്ലോ. ദൈവീകാത്മാവ് എപ്പോഴും നീതിയുടെയും ധാർമ്മീക കടമകളുടെയും നിർവ്വഹണത്തിന് നമ്മെ സജ്ജരാക്കുന്നു. വ്യക്തി ധർമ്മങ്ങളെ പാലിക്കുവാൻ മനുഷ്യാവതാരം ചെയ്ത തമ്പുരാൻ താൽപ്പര്യപ്പെട്ടുവെങ്കിൽ നമുക്കും അതിനുത്തരവാദിത്തം ഉണ്ട്.

ഹൈന്ദവ വിചാരങ്ങളിൽ ധർമ്മസംസ്ഥാപനമാണ് ഈശ്വരധർമ്മമായി പറയുന്നത്. യേശു തമ്പുരാൻ ധർമ്മപാലനത്തിന് ഉചിതമാതൃകയാവുന്നത്, സുവിശേഷഭാഗങ്ങളിൽ നാം പരിചയപ്പെടുന്നു. പുരാതന കൃതിയായ *തിരുകുറൾ* എന്ന കാവ്യത്തിൽ ഇപ്രകാരം പറയുന്നു, *'അഞ്ചിന്ദ്രിയം വെന്ന ദൈവത്തിൻ മാർഗ്ഗത്തിൽ പിൻചെൽവോർ നീടുഴിവാഴ്വു'. ഇന്ദ്രിയഗോചരങ്ങളായ എല്ലാറ്റിനെയും ജയിച്ചവനായ ദൈവത്തിന്റെ ധർമ്മമാർഗ്ഗത്തെ പിൻപറ്റുന്നവർ ഈ ഭൂമിയിൽ ക്ഷേമത്തോടെ ദീർഘകാലം വാഴുമെന്നാണ് അതിന്റെ അർത്ഥം.*

യേശു ദേവാലയ കാര്യങ്ങൾ എപ്പോഴും പാലിച്ചിട്ടുണ്ട്. അതിനെ കച്ചവടകേന്ദ്രമാക്കാൻ ശ്രമിച്ചപ്പോൾ അവിടുത്തെ കോപം ജ്വലിച്ചിരുന്നു. 'എന്റെ പിതാവിന്റെ ആലയം നിങ്ങൾ കള്ളന്മാരുടെ ഗുഹയാക്കി തീർക്കുന്നുവെന്ന' വിമർശനം ദേവാലയത്തോടുള്ള സ്നേഹത്തിന്റെ പ്രതിസ്ഫുരണം തന്നെയായിരുന്നു. യാഥാസ്ഥിതികമായ സാമ്പ്രദായിക ശൈലികളെ ചോദ്യം ചെയ്തിട്ടുള്ള യേശു; ദേവാലയ നികുതി നൽകാത്തതിനായിരിക്കാം എന്ന ചിന്തയിൽ നിന്നാണ് യൂദന്മാർ, യേശു നികുതി കൊടുക്കുന്നില്ലേ? എന്ന് ചോദിക്കുവാനിടയായത്. കർത്താവ് ശീമോനോട് പറയുന്നതിന്റെ പൊരുൾ, എല്ലാ പ്രാർത്ഥനകളും കരേറുന്നത് ആരിലേക്കാണോ, ആയവനായ താൻ ദേവലായത്തിന്റെ നാഥനാണ്, എങ്കിലും സാമൂഹ്യകടമകളെ പാലിക്കുവാനുള്ള മാതൃക പഠിപ്പിക്കുവാനായി അവിടുന്ന് ഈ സാഹചര്യത്തെ പ്രയോജനപ്പെടുത്തുയായിരുന്നു. നിയോഗം നിവർത്തിക്കുന്ന, കടമകളെ പൂർത്തീകരിക്കുന്ന ക്രിസ്തു മഹത്വം നമുക്ക് പാഠമായിരിക്കട്ടെ!

2.അധ്വാനത്തിന്റെ മഹത്വം: നമ്മുടെ കർത്താവ് 'നീ കടലിൽ ചെന്ന് ചൂണ്ടയിട്ട് ആദ്യം കിട്ടുന്ന മീനിനെ എടുക്കുക, അതിന്റെ വായ് തുറക്കുമ്പോൾ ഒരു ചതുർദ്രഹ്മ പണം കാണും; അതെടുത്ത് നിനക്കും എനിക്കും വേണ്ടി കൊടുക്കുക എന്ന് പറഞ്ഞു'. ഇവിടെ കർത്താവ് അധ്വാനത്തിന്റെ ഫലത്തെയും അത് നൽകുന്ന മൂല്ല്യത്തെയും വിലമതിച്ചിരുന്നുവെന്ന് ചില പിതാക്കന്മാരുടെ കുറിച്ചിട്ടുണ്ട്. കർത്താവിന് ഈ നീണ്ട പ്രക്രിയയിലൂടെയല്ലാതെ ഈ ധനം നൽകു

വാൻ കഴിയുമായിരുന്നു. തന്റെ അധ്വാനത്തിൽ നിന്നും ലഭിക്കുന്ന ആദായത്തിന് ദൈവസന്നിധിയിൽ അർപ്പിക്കുന്ന കാണിക്കയുടെ പ്രസക്തിയും,അതിലൂടെ സൃഷ്ടാവിനോട് കാണിക്കുന്ന ആദരവും വലുതാണ് എന്ന് നാം ഓർത്തിരിക്കണം.

"ഉഴുതുണ്ട് വാഴ്വോരേ വാഴ്വോർ മറ്റെല്ലാം തൊഴുതുണ്ട് പിൻ ചെല്ലുവോർ" എന്ന് അധ്വാനത്തിന്റെ മഹത്വത്തെ കുറിച്ച് തിരുവള്ളുവർ തന്റെ കാവ്യത്തിലൂടെ ഓർമ്മിപ്പിക്കുന്നു. അധ്വാനത്തെ പുച്ഛിക്കുന്ന ഒരു സമൂഹമായി കേരളം മാറുകയും വിദേശരാജ്യങ്ങളിൽ ഏതുവിധത്തിലുള്ള അടിമപണിയും ചെയ്യുവാൻ സന്നദ്ധമാവുകയും ചെയ്യുന്ന മനോഭാവങ്ങളെ മാറ്റേണ്ടിയിരിക്കുന്നു. ദേവാലയ കാര്യങ്ങൾക്ക് അധ്വാനത്തിൽ നിന്ന് മാറ്റിവെക്കേണ്ടതിന്റെ ആവശ്യകതയും ഇത് സൂചിപ്പിക്കുന്നു.

3. ആദരവിന്റെ മഹത്വം:

ആദരവ് എന്നത് സൃഷ്ടാവിനോടും,മണ്ണിനോടും മനുഷ്യനോടും പുലർത്തേണ്ട ബഹുമാനമാണ്. സ്നേഹത്തിന്റെ വിശുദ്ധിയിൽ അതിനെ സമീപിക്കുവാൻ കൽപ്പനകളിലൂടെ ദൈവം പഠിപ്പിച്ചിരുന്നു. രാഷ്ട്രത്തോടുള്ള ആദരവും അപ്രകാരം തന്നെ. ചവിട്ടി നിൽക്കുന്ന മണ്ണിനെ നമ്മെ ഉദരത്തിൽ വഹിച്ച അമ്മയെപോലെ കാണുന്ന രീതിയാണ് നമുക്കുള്ളത്. യേശു മനുഷ്യാവതാരം എടുത്തപ്പോൾ ഈ മണ്ണ് ആദരിക്കപ്പെടുകയായിരുന്നു.

യേശു ദൈവപുത്രനാകയാൽ ഈ മണ്ണിലെ പ്രഭുക്കന്മാർക്ക് അവൻ കരം ഒടുക്കേണ്ടതില്ലായിരുന്നു. താൻ ദൈവമാകയാൽ ദേവാലയം അവന്റെ മന്ദിരമായിരുന്നു. ദൈവം തമ്പുരാന് സ്വന്തം നേർച്ചപെട്ടിയിൽ കാശ് നിക്ഷേപിക്കേണ്ട കാര്യവുമില്ല. എന്നാൽ ആദരവിന്റെ സംസ്ക്കാരത്തിലേക്ക് നയിക്കുന്ന നാഥൻ ജീവിക്കുന്ന മണ്ണിനോടും,മനുഷ്യനോടും രാഷ്ട്രത്തോടും പ്രതിബദ്ധതയും ആദരവും പുലർത്താൻ പഠിപ്പിച്ചു. ക്രിസ്തു സംസ്ക്കാരം ആദരവിന്റേതാണ്. ഭീകരതയുടെ സംസ്ക്കാരം മണ്ണിനോടും മനുഷ്യനോടും മതത്തോടും രാഷ്ട്രത്തോടും ആദരവ് പുലർത്തുന്നില്ല. അതിനാൽ തലമുറകളെ പ്രതി ജാഗ്രതയോടെ കരയേണ്ട ഈ കാലത്ത് മഹത്വവും അന്തസ്സുമുള്ള ഒരു സമൂഹമായി നമുക്ക് രൂപാന്തരപെടാം.

2016 സെപ്റ്റംബർ 11

വാങ്ങിപ്പിന് ശേഷം നാലാം ഞായർ

വി: മത്താ. 5 : 38 – 48

വേദപശ്ചാത്തലം

പഴയനിയമങ്ങൾക്ക് കാരുണ്യത്തിന്റെ പുതിയ ഉൾകാഴ്ച്ച സമ്മാനിക്കുകയാണ് കർത്താവ്. ജൂതന്മാർ പാപപരിഹാര ദിനത്തിൽ സമസ്താപരാധങ്ങൾക്കുമായ് ബലിയണയ്ക്കാറുണ്ട്. *താൽമൂദ്* നിരീക്ഷണപ്രകാരം ഇതിലൂടെ മനുഷ്യൻ ദൈവത്തോട് ചെയ്ത അപരാധങ്ങളെ പരിഹൃതമാകുന്നുള്ളൂവെന്നും, അയൽക്കാരോട് ചെയ്ത തെറ്റിന് പരിഹാരം ലഭിക്കുവാൻ അവരുമായി അനുരഞ്ജനം സാധ്യമാകണം എന്നുംനിഷ്കർഷിക്കുന്നു. തൽമൂദിക് നൈയാമീക നിർദ്ദേശങ്ങളിലെ സ്നേഹത്തെ കണ്ടെടുത്ത് കർത്താവ് പഠിപ്പിച്ചിരുന്നുവെന്നത് അവിടുത്തെ *അറിവിന്റെ ചക്രവാളങ്ങൾ വിശാലമായിരുന്നവെന്നതിന്റെ തെളിവാണ്.*

1. ഉപേക്ഷിക്കപെടുന്ന ക്രസ്തു (വ.38-42)

ക്രിസ്തു ഉപേക്ഷിക്കപ്പെടുന്ന ഒരു കാലമാണിത്. കുറച്ച് പേർ സന്ന്യാസ ശ്രേഷ്ഠനായ അന്തോണിയെ സന്ദർശിച്ച് ഉപദേശം ചോദിച്ചു. അദ്ദേഹം പറഞ്ഞു, "നിങ്ങൾ വി.ലിഖിതങ്ങളിൽ നിന്ന് വായിച്ചാൽ മതി. " 'മറ്റെന്തെങ്കിലും കൂടി പറഞ്ഞ് തരിക'. അദ്ദേഹം അവരോട് പറഞ്ഞു, "സുവിശേഷങ്ങളിൽ പറഞ്ഞപ്രകാരം, ഒരുവൻ നിന്റെ വലത്തെക്കരണത്തടിക്കുന്നുവെങ്കിൽ, അവന് മറ്റേക്കരണം കൂടി കാണിച്ചുകൊടുക്കുക" അവർ അദ്ദേഹത്തോട് പറഞ്ഞു: "എന്നാൽ ഇത് ചെയ്യുവാൻ ഞങ്ങൾക്ക് ശക്തിയില്ല." ശ്രേഷ്ഠൻ അവരോട് പറഞ്ഞു. "മറ്റേതുംകൂടി കാണിച്ചുകൊടുക്കുവാൻ നിങ്ങൾക്ക് അറിയുകയില്ലെങ്കിൽ ആദ്യത്തേതെങ്കിലും അനക്കാതെ പിടിച്ച് നിൽക്കുവിൻ." അവർ അദ്ദേഹത്തോട് 'അതിനും ഞങ്ങൾക്ക് ശക്തിയില്ല' എന്ന് പറഞ്ഞു. അപ്പോൾ അദ്ദേഹം അവരോട്: "എങ്കിൽ നിങ്ങൾക്ക് കിട്ടിയതിന് പകരം ചെയ്യാതെ ഇരിക്കുകയെങ്കിലും വേണം" അവർ പറഞ്ഞു: "ഇതും ഞങ്ങൾക്ക് സാധിക്കുകയില്ല". ശ്രേഷ്ഠൻ ശിഷ്യനോട് പറഞ്ഞു, "ഇതിന് നിങ്ങൾക്ക് ശക്തിയില്ല. അതിന് നിങ്ങൾക്ക് ആഗ്രഹവുമില്ല. ഇനി നിങ്ങൾക്കായി പ്രാർത്ഥിക്കുകയല്ലാതെ മറ്റൊന്നും എനിക്ക് മറ്റൊന്നും ചെയ്യാനില്ല" വെറുതെ കേൾവിക്കാരായി തീരുന്ന വചനാസ്വാദകരാണ് നമ്മിൽ ഭൂരുപക്ഷവും.

'കണ്ണിനു പകരം കണ്ണ്,പല്ലിന് പകരം പല്ല്....നിന്നെ വലത്തെ ചെകിട്ടത്ത് അടിക്കുന്നവന് ഇടത്തേതും കാണിച്ചുകൊടുക്കുക' എന്ന വാക്യം നോക്കുക. ക്രിസ്ത്യാനികളിൽ ചിലർ തന്നെ അപ്രായോഗികമെന്ന് കണ്ട് തള്ളി കളഞ്ഞ വാക്കുകളായിരുന്നു അത്. എന്നാൽ ഗാന്ധിജി അതിലെ ജീവൽസന്ദശങ്ങളുടെ പ്രസക്തി തിരിച്ചറിഞ്ഞു. ക്രിസ്തീയ ഉടമസ്ഥതയിലുള്ള *'സ്റ്റേറ്റ്സ്മാൻ'* പത്രത്തിന്റെ എഡിറ്റോറിയിലിൽ 'ക്രിസ്തു മാതൃകയിലുള്ള അഹിംസ പരാജയമാണെന്ന്' എഴുതുകയുണ്ടായി. ഗാന്ധിജി ഇതിന് *ഹരിജനിൽ* നൽകിയ ഉത്തരമിങ്ങനെ; *"അഹിംസയുടെ അത്യുന്നത മാതൃക ക്രിസ്തുവാണ്. ലൗകീകവും, വ്യാവഹാരികവുമായ അർത്ഥത്തിൽ അഹിംസ തികഞ്ഞ പരാജയമാണെന്ന സ്റ്റേറ്റ്സ്മാൻ പത്രാധിപരുടെ പരാമർശത്തോട് ഞാൻ യോജിക്കുന്നില്ല. ഒരു ക്രിസ്ത്യാനി ആണ് എന്ന് എനിക്ക് അവകാശപെടാനെനിക്ക് കഴിയില്ലായിരിക്കാം. എന്നാൽ ക്രിസ്തുവിന്റെ പീഢാനുഭവം, എന്റെ ലൗകീകവും, വ്യാവഹാരികവുമായ എല്ലാ പ്രവൃത്തനങ്ങളെയും അഹിംസയിലുള്ള വിശ്വാസത്തെയും നിലനിർത്തുന്ന പ്രധാനഘടകമാകുന്നു".*

നോക്കൂക ചില ക്രിസ്ത്യാനികൾ തള്ളി കളഞ്ഞതും, ഗാന്ധി മുറുകെ പിടിച്ചതുമായ ക്രിസ്തീയ മൂല്ല്യമാണ് ഭാരതവിമോചനത്തിന്റെ ആത്മവായി പ്രവൃത്തിച്ചത്. ഇതുപോലെ ക്രിസ്ത്യാനികളായ നാം യേശുവിനെ ഉപേക്ഷിക്കുന്ന ഇത്തരം നിമിഷങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കവെ, വിമോചനത്തിനും രക്ഷയ്ക്കും നിദാനമാണ് കർത്താവിന്റെ ബോധന

ങ്ങളെന്ന് നമ്മോട് തന്നെ ആവർത്തിച്ച് മന്ത്രിക്കുവാൻ ഈ വേദഭാഗം സഹായിക്കട്ടെ.

2. കരുതലിനുള്ള ധീരത

കവർന്നെടുക്കുന്ന ക്രൗര്യമല്ല, കരുതുന്ന കരങ്ങളാണ് ക്രിസ്തുമാതൃകയെന്ന് പലപ്പോഴും നാം മറന്ന്പോവുന്നു. *പഴയനിയമ ഗ്രന്ഥങ്ങളിലൂടെ കർത്താവ് പുതിയ സ്നേഹ സന്ദേശത്തിലേക്ക് അവരെ നയിക്കുകയായിരുന്നു. കാലാതീതമായി നിലനിൽക്കുന്ന ജീവിതാനുഭവമായി, വേദപുസ്തക സന്ദേശങ്ങളെ കർത്താവ് മാറ്റി. കണ്ണിനു പകരം കണ്ണ് തകർക്കുന്ന ഒരു സമൂഹത്തിൽ, 'രോമം കത്രിക്കുന്നവന്റെ മുമ്പിൽ ചെമ്മരിയാടായി' നിൽക്കുന്ന പുതിയ* ജീവിതമാതൃക *ലോകം ക്രിസ്തുവിൽ കണ്ടു.* സഹനത്തിന്റെ നേർരേഖയിലൊരിടത്ത് വേട്ടക്കാരൻ ഇരയെക്കാൾ സാധുവായി മാറുന്നതിന്റെ അത്ഭുതമായിരുന്നു, പൗലോസ് അപ്പോസ്തോലന്റെ ജീവിതത്തിൽ സംഭവിച്ച പരിണാമം. ശൗലിന്റെ കൊല്ലുന്ന കരങ്ങളെ, കാക്കുന്ന കരങ്ങളായി മാറ്റിയ ക്രിസ്തു ഇന്നും ചരിത്രത്തിൽ സജീവമാണ് എന്ന് നാം ഓർത്തിരിക്കണം.

മാറാത്ത ഹൃദയങ്ങൾ പഴയനിയമകാലം പോലെ ഇപ്പോഴും അനങ്ങാപാറയായി നിലകൊള്ളുന്നു; ഫറവോൻ തന്റെ ഹൃദയത്തെ കഠിനമാക്കിയത് പോലെയാണ് അത്. ക്രിസ്തുസന്ദേശങ്ങൾ ജീവിക്കുന്ന, മനുഷ്യഹൃദയങ്ങളെ സ്നേഹത്തിലൂടെ മാറ്റിയെടുക്കുന്ന അത്ഭുതമായി തുടരുന്നു.

അനീതിയുടെ ഇരകൾ ഒരുപാട് ഉള്ള നാടാണ് കേരളം. സാമൂഹ്യ അനീതികളിൽ നാം നിഷ്ക്രിയരാവുന്നതും, അതിന്റെ ഇരകളോട് കാരുണ്യം കാണിക്കാത്തതും നമ്മിലെ കൊള്ളരുതായ്മയുടെ ഇരട്ടപ്രഹരങ്ങളാണ്. കർത്താവ് ഇവിടെ 38 മുതൽ 42 വരെയുള്ള വാക്യങ്ങളിൽ തികച്ചും നിഷ്ക്രിയരായി ഇരിപ്പാൻ പഠിപ്പിക്കുയായിരുന്നില്ല. *വെല്ലുവിളി ഉയർത്തുന്ന സാഹചര്യങ്ങളെ അവഗണിക്കുകയോ, ഒഴിവാക്കുവാനോ പാടില്ല എന്ന സന്ദേശമാണത്.* മനോധൈര്യമാണ് എറ്റവും വലിയസമ്പത്ത്. അതില്ലാത്തവർ എല്ലാതരത്തിലും ഭീരുക്കളോ ദരിദ്രരോ ആണ്. ആയതിനാൽ ധീരതയുടെ ഒരു ക്രൈസ്തവ സംസ്ക്കാരമാണ് ആവശ്യം. ധീരതയോടെ സഹിക്കാൻ, ധീരതയോടെ നിലകൊള്ളാൻ ആണ് കർത്താവ് പഠിപ്പിക്കുന്നത്.

2016 *സെപ്റ്റംബർ 18*
സ്ലീബാ പെരുന്നാളിന് ശേഷം ഒന്നാം ഞായർ
വി: മർക്കോ. 13:28 – 37

1. ഒഴിഞ്ഞ് നിൽക്കേണ്ട പീഡകൾ (വ.28–30)

യരുശലേമിന്റെ നാശവും ലോകാവസാനവും സംബന്ധിച്ച പ്രവചനങ്ങളെ കുറിക്കുന്ന ഈ ഭാഗം മറ്റൊരുവിധത്തിൽ മത്തായി ശ്ലീഹാ(10.17–22) പ്രതിപാദിക്കുന്നുണ്ട്. ഈ രണ്ട് വിവരണങ്ങളും ചേരുമ്പോൾ ഇവയ്ക്ക് ഒരു പൂർണ്ണത ഉണ്ടാവുന്നു. കാലത്തിന്റെ ചുമരെഴുത്തുകൾ വായിക്കുന്നതിലൂടെ പാമ്പിനെപോലെ ബുദ്ധിയുള്ള ഒരു തീർത്ഥാടകൻ ജാഗരൂകനാവണം. സ്വയം ആപത്തിൽ ചാടുന്ന ശൈലി അല്ല കർത്താവ് പഠിപ്പിച്ചത്. ചിലപ്പോൾ സുവിശേഷീകരണത്തിൽ അനാവശ്യ അപകടങ്ങളിൽ നിന്ന് ഒഴിഞ്ഞിരിക്കാൻ കർത്താവ് തന്നെ ശ്രമിച്ചിട്ടുണ്ട്.

ചില സുവിശേഷകരും സഭാപ്രവൃത്തകരും സമൂഹത്തിൽ ആശയകുഴപ്പങ്ങൾ സൃഷ്ടിച്ച് അപകടത്തിൽ ചാടുന്നവരാണ്. നമ്മുടെ ദൗത്യം കർത്താവിന് സാക്ഷികളാകുകയെന്ന പ്രധാന ലക്ഷ്യം വിസ്മരിക്കരുത്. അങ്ങിനെ ലക്ഷ്യം ഉചിതമാകുമ്പോഴും തെറ്റായ വഴികളിൽ വീണ് പോയ നിരവധി സുവിശേഷകർ ചരിത്രത്തിലുണ്ട്. കാലത്തെ യഥോചിതം വിവേചിക്കുവാനാവുക പ്രധാനമാണ്.

2. നിലനിൽപ്പിന്റെ സൗന്ദര്യം

യേശു തമ്പുരാൻ പറയുന്നത് നോക്കുക, 'ആകാശവും ഭൂമിയും ഒഴിഞ്ഞ്പോകും. എന്റെ വചനങ്ങളോ ഒഴിഞ്ഞ്പോകുകയില്ല'. ഈ ഒഴിഞ്ഞ് പോകാത്ത വചനം ഒരു സൗന്ദര്യലഹരിയാണ്. ഉദാഹരണമായി ആധുനിക ഭൗതീകശാസ്ത്രത്തിന് വിശിഷ്ട സംഭാവന നൽകിയ ഐൻസ്റ്റീൻ ആപേക്ഷിക സിദ്ധാന്തത്തിലൂടെ കുറിച്ചത് ചിന്തോദ്ദീപകമാകണം. നാം രൂപപെടുത്തിയ രേഖീയമായ സമയപരിമാണത്തിന് പകരം അനുഗുണമായ സമയസങ്കൽപ്പം അദ്ദേഹം അവതരിപ്പിച്ചത് ഇങ്ങനെ, *''ചൂടുള്ള ഒരു സ്റ്റൗവിന് മുകളിൽ ഒരു മിനിറ്റ് നേരമിരിക്കുന്നത് ഒരു മണിക്കൂറായി തോന്നും, എന്നാൽ ഒരാൾ തന്റെ സ്നേഹനിധിയായ ഭാര്യയോടൊത്ത് ചിലവിടുന്ന ഒരു മണിക്കൂർ കേവലം ഒരു നിമിഷം പോലെ പോകുന്നു''*. ഇവിടെ *മശിഹായുടെ വരവിനെ കുറിച്ചുള്ള സമീപനം തികഞ്ഞ പ്രത്യാശയിലും ആനന്ദത്തിലുമായിരിക്കുക പ്രധാനമാണ്. എന്തെന്നാൽ ദൈവസ്നേഹമില്ലാത്തവന് അവിടുത്തെ വഗ്ദത്തങ്ങളെ പ്രതീക്ഷിക്കാനാവില്ല. ദൈവത്തെ സ്നേഹിക്കുകയെന്നത് നമ്മുടെ ജീവിതത്തിന്റെ സൗന്ദര്യമാണ്.*

കർത്താവിന്റെ വരവിനെ പ്രത്യാശയോടെ കാണുവാൻ പഠിപ്പിക്കുന്ന ഒരു ഭാഗമാണിത്. മനുഷ്യജീവിതത്തിൽ കഷ്ടതകൾ ഉണ്ട്. ദൈവസ്നേഹത്തിൽ ജ്വലിക്കുന്നവർക്ക് അത് ആനന്ദം നൽകുന്നു. 'ക്രിസ്തുവിൽ എപ്പോഴും സന്തോഷിപ്പിൻ, സന്തോഷിപ്പിൻ' എന്ന് പറഞ്ഞ വി. പൗലോസ് പറയുന്ന മനോഭാവം ഓർക്കുക 'കർത്താവ് വരുവാൻ അടുത്തിരിക്കുന്നു. ഒന്നിനെ കുറിച്ചും വിചാരപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും, അപേക്ഷയാലും, നിങ്ങളുടെ ആവശ്യങ്ങളെ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കുകയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിൽ കാക്കും' (ഫിലി 4.6 –8). കാലത്തിന്റെ അടയാളങ്ങൾ അറിയുകയും അലമാലകളിൽ അടിഞ്ഞ്പോകാതിരിക്കുകയുമാണ് പ്രധാനം. യേശു പടകിൽ യാത്രചെയ്യുമ്പോൾ ഉണ്ടാകുന്ന കാറ്റും കോളും പോലെയാണിത്. യേശുവിനൊപ്പമുള്ള യാത്രകളിൽ കഷ്ട

ST. MARY'S EMBROIDERY

Palace Road, Changanacherry-686101, Kerala

Prop: SAJU CHACKO ✆ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388

കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

തയും, സംഘർഷങ്ങളും പതിവായിരിക്കാം. എന്നാൽ കാറ്റിലുലയുന്ന യാനപാത്രങ്ങളിൽ അലറിവിളിക്കുന്നതിന് പകരം അവനെ ഒന്ന് ശാന്തമായി തൊട്ടുവിളിച്ചാൽ മതി. ആ തിരുമനസ്സ് അറിയും തീർച്ച

2. സ്നേഹനാഥനെ ഒളിച്ചിരിക്കുന്നതല്ലേ പാപം...

യജമാനനെന്നുള്ളതിന് പലതരത്തിലുള്ള മാനങ്ങൾ നാം കണ്ടിട്ടുണ്ട്. *ഈ ഗുരുവിനെ കുറിച്ച് നിങ്ങളും കേട്ടിരിക്കും. വളർത്ത് മൃഗങ്ങളെ ജീവനായിരുന്നു അദ്ദേഹത്തിന്. ഒരു പൂച്ചയെ എപ്പോഴും സന്തതസഹചാരിയായി അദ്ദേഹത്തോടൊപ്പം കാണമായിരുന്നു.അദ്ദേഹത്തിന്റെ വേർപാടിനു ശേഷം ലോകം ആ വിസ്മയം കണ്ടു. എന്തോ നിധി കാക്കുന്നത് കണക്ക് ആ പൂച്ച അദ്ദേഹത്തിന്റെ കബറിടത്തിനടുത്ത് കഴിച്ച് കൂട്ടുകയാണ്. യജമാനനെ പ്രതീക്ഷിച്ചെന്നപോലെ അതിപ്പോഴും കാത്തിരിക്കുന്നു...*

നാം 'യജമാനൻ വരുമന്നേരത്ത്' എന്ന ഗാനം ആലപിക്കുമ്പോഴും, ഈ വേദഭാഗം വായിക്കുമ്പോഴും തെല്ല് അസ്വസ്ഥരാകേണ്ടേ? ആഭിമുഖ്യമെന്നത് സ്നേഹത്തിന്റെ മറ്റൊരു പേരാണ്. അഭിമുഖീകരിക്കാനാവുകയെന്നത് പ്രധാനമാണ്. ഇയ്യോബ് ദൈവസ്നേഹത്തെപ്രതി കഷ്ടതകളെ പോലും അഭിമുഖീകരിച്ചു. ആദവും ഹവ്വായും കാമനകളെപ്രതി ജഢീകതയെ അഭിമുഖീകരിച്ചു. അവരുടെ ശിരസ്സുകളെ താഴ്ത്തിയ ജാള്യതയെ കുറിച്ച് നമുക്ക് ജാഗ്രതയുണ്ടാവണം. ജഢമോഹങ്ങളെ പിൻപറ്റുമ്പോൾ നാം ജാള്യരായി തീരും. സ്രഷ്ടാവും,സൃഷ്ടിയും തമ്മിലുള്ള സന്തോഷത്തിന്റെ സമ്മേളനമായി കർത്താവിന്റെ വരവിനെ കാത്തിരിക്കുവാൻ നമുക്ക് അതിലൂടെ കഴിയും. ഈ ഒരുമയുടെ ആഹ്ലാദമാണ് ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ്. *ജാക്ക് കാൻഫീൽഡ് ഇപ്രകാരം കുറിച്ചു. "നമ്മുടെ പരാജയങ്ങളെ ചൊല്ലി പരിതപിക്കുകയല്ല, നമുക്ക് നഷ്ടമാകുന്ന അവസരങ്ങളെ ഓർത്ത് പരിശ്രമിക്കുവാൻ നമുക്ക് സാധിക്കണം". നിത്യതയുടെയും നിത്യനായവന്റെയും സന്തോഷത്തെ പ്രതി ആത്മീയപോരാട്ടം നടത്തുവാൻ സാധിക്കണം.* ■

മലങ്കരസഭ മാസിക

പരസ്യ നിരക്കുകൾ

Back Page (Colour)	:	25,000
Front Inside (Colour)	:	20,000
Back Inside (Colour)	:	20,000
Inner Page (Colour)		
Full ”	:	15,000
Half ”	:	8,000
Quarter ”	:	5,000
Minimum (Col.) 9x4 c.m.	:	2,500
Favours Block (Stamp)	:	1500
Full page (B&W)	:	8000
Half page (B&W)	:	5000
Quarter page (B&W)	:	3000
Matrimonial (Minimum)	:	1000
Minimum (B&W) 9x4 c.m.	:	1250
Favours Block (B&W) (Stamp)	:	750

Malankara Sabha Magazine
Devalokam Kottayam-04;
Ph:0481-2573234, 9947804477

III[rd] Death Anniversary
07[th] AUGUST 2016

10-04-1940  07-08-2013

In Loving Memory of

Our Pappa

(JOHN THARAKAN K. G.)

Kalapurackal, Ashiwarya Garden,
Villa No. 18
Kuttur, Thrissur-680013

By Sorrowing Family

30[th] Death Anniversary of
OOMMEN SIMON

MANNAKUNNEL THAZHATHU VEEDU,
PATHANAMTHITTA P.O.

ON 07 AUGUST 2016

"Safe in the arms of Lord Jesus Christ"
Inserted by
Sorrowing Family

ADOOR BHASI TELEVISION AWARD 2016 - AWARD FOR EXCELLENCE

അടൂർ ഭാസി ടെലിവിഷൻ അവാർഡ് ഫോർ എക്സലൻസ് 2016 ശ്രീ. ബിനോയ് ജേക്കബ് (പാറയിൽ) ISRO മുൻ ചെയർമാൻ ശ്രീ. ജി. മാധവൻനായരിൽ നിന്നും ഏറ്റുവാങ്ങുന്നു. ഏവിയേഷൻ മേഖലയിലെ അദ്ദേഹത്തിന്റെ മികച്ച സംഭാവനയും, തിരുവനന്തപുരം വിമാനത്താവളത്തിലെ ഗ്രൗണ്ട് ഹാൻഡ്‌ലിംഗ് പ്രവർത്തനങ്ങൾ പുനർവ്യാഖ്യാനം ചെയ്തതിനും നേതൃത്വം നല്കിയത് പരിഗണിച്ചാണ് ഈ അവാർഡ്. ബഹു. എം.പി. ശ്രീ സമ്പത്ത്, മുൻമന്ത്രി ശ്രീ പന്തളം സുധാകരൻ, പത്മശ്രീ മധു എന്നിവരും ചടങ്ങിൽ ആതിഥ്യം വഹിച്ചു. കോട്ടയം ഭദ്രാസനത്തിലെ കാനം സെ. മേരീസ് ഓർത്തഡോക്സ് ഇടവകാംഗമാണ്.

Advt.

A User-Friendly Church Operations and Accounting Suite

HA MANAHEL

Ha Manahel is a software developed to suite the demands of Companies Act 2013. With modifications to satisfy the increasing and developing demands, we now bring to you the revised Version 6 with Double Entry Book Keeping. Data entry at a single point provides access to variety of reports related to church activities.

Facilities available in Ha Manahel :

■ Membership Register ■ Cash/Day Book ■ General Ledger ■ Journal Entries ■ Balance Sheet ■ Trial Balance ■ Income & Expenditure ■ Receipts & Payments ■ Financial Statements / Quarterly ■ Fixed Asset Register ■ Cash Flow Statement ■ Anniversaries Alerts ■ Parish Register ■ Church Service Register ■ Endowment register ■ Stock Register ■ Church Directory ■ Member Volunteer Information ■ Multi-Conditional Search ■ Individual Giving Statement ■ Members Dues List ■ Voters List ■ Blood Group List ■ Prayer request Register ■ Registers for Baptism , Marriage, Death, First Communion, Premarital Counseling ■ Certificates ...

Phone 09446431460 / 09447046957 / 09495673797
E-mail hamanahel@gmail.com / sales@hamanahel.com Website : hamanahel.com
HM Software Solution, Kottayam Road, Mallappally 689585
Kothamangalam, Ernakulam 686691

Installed Mar Thoma churches Including :
Maramon, Enathu, Eraviperoor, Saudi Arabia (Dammam), Bangalore (Marathahalli), Kottarakkara, Panavely, Mukhathala, Chathannoor, Channappatta, Karavaloor, Perumbavoor, Nedumpram, Angadickal-Pathanamthitta, Parckathanam, Kumily, etc
(100+ Installations)

New Options

Annual Income & Expenditure Account , Balance Sheets are generated for IT purposes (Diocese) automatically

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക
മസ്കററ്

P.O. Box 984, P.C. 100, Muscat, Sultanate of Oman, Phone: +968-2470 2606, Fax: +968-2479 0811
E mail: office@mgomemuscat.com, Website: www.mgomemuscat.com

കാരുണ്യത്തിന്റെ തൂവൽസ്പർശം

തണൽ DIVINE TOUCH OF HEALING

2016-2017

ഹൃദയ ശസ്ത്രക്രിയ സഹായ പദ്ധതി

അപേക്ഷകൾ സ്വീകരിക്കുന്നു

മസ്കററ്, മാർ ഗ്രീഗോറിയാസ് ഓർത്തഡോക്സ് മഹാ ഇടവകയുടെ തണൽ ജീവകാരുണ്യ പദ്ധതിയിൽ ഈ വർഷം നടപ്പാക്കുന്ന **'കാരുണ്യത്തിന്റ് തൂവൽസ്പർശം'** എന്ന ഹൃദയ ശസ്ത്രക്രിയ സഹായ പദ്ധതിയിലൂടെ നിർദ്ധനരായവർക്ക് ശസ്ത്രക്രിയക്കുള്ള സാമ്പത്തിക സഹായം നൽകുന്നു. ഈ പദ്ധതിയിൽ പരമാവധി പരിഗണന കുഞ്ഞുങ്ങൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്നു. ഒരു കുരുന്ന് ജീവൻ രക്ഷിക്കുവാനുള്ള ഈ ഉദ്യമത്തിൽ നമുക്ക് പങ്കാളികളാകാം. അതിലൂടെ ഒരു ജീവന്റെ തുടിപ്പ് നിലക്കാതിരിക്കട്ടെ. അപേക്ഷകൾ മതിയായ രേഖകളോടൊപ്പം 2016 നവംബർ 30നു മുൻപ് താഴെ കാണുന്ന വിലാസത്തിൽ ലഭിച്ചിരിക്കണം.

അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടരേഖകൾ:

1) ഇപ്പോൾ ചികിത്സിക്കുന്ന ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കററും, പൂർണമായ ചികിത്സാ രേഖകളും.
2) സാമ്പത്തിക പിന്നാക്കാവസ്ഥ തെളിയിക്കുന്ന രേഖകൾ.
(വരുമാനം രേഖപ്പെടുത്തിയിരിക്കുന്ന റേഷൻ കാർഡിന്റെ പകർപ്പ്)
3) ഓർത്തഡോക്സ് സഭാംഗമാണെങ്കിൽ അംഗമായിരിക്കുന്ന ഇടവക വികാരി / ഭദ്രാസന മെത്രാപ്പോലീത്തായുടെ ശുപാർശ കത്ത്.
4) മററു വിഭാഗങ്ങളിൽ നിന്നുള്ളവരാണെങ്കിൽ സമീപമുള്ള ഓർത്തഡോക്സ് പള്ളി വികാരിയുടെ ശുപാർശ കത്ത്.

നിബന്ധനകൾ:

- പൂർണമായും സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ളവർക്കായിരിക്കും ഈ സഹായം ലഭ്യമാക്കുക.
- തണൽ സബ്കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.
- മുൻ കാലങ്ങളിൽ ഇതേ സഹായം കൈപ്പററിയവരുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ഒരു ഹൃദയത്തുടിപ്പ് നിലക്കാതിരിക്കാൻ, നമുക്കൊന്നായ് കൈകൾ കോർക്കാം...

അപേക്ഷകൾ അയക്കേണ്ട വിലാസം

The Vicar
Mar Gregorios Orthodox Church,
Al Farahidi Street,
P.O. Box 984, P.C. 100,
Muscat, Sultanate of Oman.

BRIDE GROOM WANTED

Orthodox parents from out side Kerala invite proposal for their daughter 25 yrs, 165 c.m., B.Tech, Pursuing M.Tech, working as a Lecturer, invite proposals from parents of professionally qualified god fearing boys. (Preferable outside Kerala)

Contact : 09425844370,
08989401425 08959504017

BRIDE WANTED

Masters in Architecture. Freelance Architect cum Assisatant Professor in Kerala. Ancient Orthodox Priest, Ex. NRI Engineer Daughter 26/157 from Ernakulam District, Seeks proposals from well educated and well placed professional Orthodox Grooms working in India/Abroad.

Contact: M4 ID - 4123373
9447987433, 9400940394

BRIDE GROOM WANTED

Orthodox boy aged 31, 156 cms height, fair US Citizen and employed as an attorney and hailing from a noble family in Kottayam invites proposal from orthodox/Jacobite girl preferabley Psysician, Enginner or lawyer from India or abroad.

Contact: sujaju1@gmail.com
Contact : 8281775392

BRIDE WANTED

Orthodox parents of Kottayam Diocese invite proposals from parents of employed boys for their daughter 26/150 c.m., B.Sc., DMLT, Working as Lab. Technician.

Contact:
9656955664

BRIDE GROOMWANTED

Proposals invites by Christian business family well settled in Mumbai, from well employed professional Christian boys for our daughter, 24 years old, 165 cms tall, wheatish, slim and good looking, God fearing and respect family values. Post graduate degree in HR joined family business. Please contact with photograph and details through emial:

florg3040@gmail.com

BRIDE WANTED

Financially sound Orthodox boy M.A., M.Ed/ Business 34/180 seeks alliance from all Christian denominations. B.Sc. Nurses not interested to go abroad also will be considered.

Contact: 9562178919
0469-2733280

Himaharsham
matrimony
End to End Marriage Solutions

ഓർത്തഡോക്സ്, യാക്കോബായ സുറിയാനി സഭകളിലെ അംഗങ്ങൾക്ക് അനുയോജ്യരായ വധൂ വരന്മാരെ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ് Himaharsham Matrimony എന്ന വെബ്സൈറ്റ് ആരംഭിച്ചിട്ടുള്ളത്.

നമ്മുടെ സഭാംഗങ്ങൾ വധൂവരന്മാരെ അന്വേഷിക്കുമ്പോൾ നമ്മുടെ സഭയുടെ പൈതൃകവും മൂല്യങ്ങളും കാത്തുസൂക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുന്ന സഭാവിശ്വാസികളുടെ കുടുംബാംഗങ്ങളുമായി വിവാഹാലോചനകൾ നടത്തുന്നതിന് ഈ വെബ്സൈറ്റ് ഉപകരിക്കപ്പെടും.

ആയതിനാൽ വിവാഹാലോചന നടത്തുവാൻ ആഗ്രഹിക്കുന്നവർ ബയോഡേറ്റയും ഫോട്ടോയും
www.himaharshammatrimony.com
എന്ന വെബ്സൈറ്റിൽ പോസ്റ്റ് ചെയ്യുകയോ താഴെ തരുന്ന ഇമെയിൽ/ടെലിഫോൺ വഴിയോ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഈ പ്രസ്ഥാനം വളരുവാനും ഓർത്തഡോക്സ്, യാക്കോബായ സുറിയാനി സഭാംഗങ്ങൾക്ക് അനുഗ്രഹമായി തീരുവാൻ നിങ്ങൾ പ്രാർത്ഥിക്കുകയും പേരുകൾ രജിസ്റ്റർ ചെയ്ത് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Reg. Fees: Three Months Rs. 1000/- | Six Months Rs. 2000/- | Twelve Months Rs. 4000/-

For more details:
Himaharsham Matrimony
Thekkethuruthel Buildings, Manganam P.O., Kottayam - 686 018
www.himaharshammatrimony.com
himaharshammatrimony@gmail.com
Tel. No. 0481-6051510 | 9447366629 | 9744733159

മലങ്കരസഭ മാസിക വരിസംഖ്യ

ഒറ്റപ്രതി	: ₹ 15	13 ലക്കം	: ₹ 200
ഒരുവർഷം	: ₹ 180	രണ്ട് വർഷം	: ₹ 360
6 വർഷം	: ₹ 1000	വിദേശത്തേക്ക്:	
		ഒരു വർഷം	: ₹ 2000

Malankara Sabha Magazine
Devalokam Kottayam-04;
Ph:0481-2573234, 9947804477

30th Death Anniversary, 22-08-2016

P.C. CHACKO
(കുഞ്ഞച്ചൻ)

പാലാക്കുന്നേൽ
എറികാട്,
പുതുപ്പള്ളി

Inserted By:-
Annamma Chacko (Wife)
Jameskutty P. Chacko & Family
Jessymol & Family





സമ്യഗ് ദർശനം

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

ഒരു സൂഫി സന്യാസിയുണ്ടായിരുന്നു. ഒരു ദിവസം കൊട്ടാരത്തിന് പുറത്തുള്ള പുരുഷാരത്തിൽ അദ്ദേഹത്തിനകപ്പെടേണ്ടി വന്നു. രാജ്യത്തിലെ എല്ലാ പ്രശസ്തരും സമ്മേളിക്കണമെന്നും അവരെ ആദരിച്ച് കൊണ്ട് ഭാവഗീതങ്ങൾ ആലപിക്കണമെന്നും രാജാവ് കൽപ്പന പുറപ്പെടുവിച്ചു. ആസ്ഥാന കവികൾ ഓരോരുത്തരെയും പറ്റി കാവ്യങ്ങൾ രചിക്കുകയായിരുന്നു. ആ ആദരവിന്റെ ദിവസം വന്നെത്തി. കാവൽക്കാർ അതിഥികളെയും കാഴ്ചക്കാരെയും വേർതിരിക്കുകയായിരുന്നു. സൂഫിവര്യൻ പറഞ്ഞു "എനിക്ക് പ്രശംസ വേണ്ട, ആദരവും വേണ്ട, എന്നെ പ്രകീർത്തിക്കുന്ന കാവ്യാലാപനവും വേണ്ട."

കാവൽക്കാർ അദ്ദേഹത്തെ നിർബന്ധപൂർവ്വം കാണികൾക്കുള്ള ശാലയിലെത്തിച്ചു. അദ്ദേഹം ബലപ്രയോഗം നടത്തിയതിനാൽ മറ്റുള്ളവർ മര്യാദയ്ക്ക് വേണ്ടി ഔപചാരികമായി എതിർപ്പ് പ്രകടിപ്പിക്കുകയായിരുന്നു. രാജാവ് സൂഫി വര്യനെ തന്റെ സിംഹാസനത്തിനടുത്തിരുത്തി. എന്നിട്ട് കവിവര്യൻമാരോട് അദ്ദേഹത്തെ പ്രകീർത്തിക്കാനുള്ള കാവ്യം ആലപിക്കാൻ ആവശ്യപ്പെട്ടു. അങ്ങനെയൊരു കവിത ആരും രചിച്ചിരുന്നില്ല. അവർ സന്യാസിയോട് പേര് ചോദിച്ചു. ആർക്കും അങ്ങനെ പേര് ഉള്ള ഒരാളെ ഓർക്കാൻ പോലും കഴിഞ്ഞില്ല. രാജാവ് സൂഫി വര്യനോട് എന്തെങ്കിലും സംസാരിക്കാൻ ആവശ്യപ്പെട്ടു. "പ്രശംസിക്കപ്പെടാൻ ഞാനാഗ്രഹിക്കുന്നില്ല" "എന്ത്കൊണ്ട്" രാജാവ് ചോദിച്ചു. "അങ്ങനെയാണെങ്കിൽ താങ്കൾ ഇവിടെ വരേണ്ടിയിരുന്നില്ലല്ലോ" ഞാൻ വന്നതല്ല അവിടുത്തെ കാവൽക്കാർ എന്നെ തെരുവിൽ നിന്ന് പിടിച്ച് കൊണ്ട് വന്നതാണ്. എന്നെ ആരും ക്ഷണിച്ചിട്ട് പോലുമില്ല. ഞാനാകെ പറഞ്ഞിട്ടുള്ളത് ഇത്രമാത്രം. "എനിക്ക് പ്രശംസ വേണ്ട" കൊട്ടാരത്തിന് പുറത്ത് അയാൾ അലറിവിളിച്ച് കൊണ്ടാണ് വന്നത്. "എനിക്ക് പ്രശംസവേണ്ട, എനിക്ക് പ്രശംസ വേണ്ട" അയാൾ ഉച്ചത്തിൽ ബഹളമുണ്ടാക്കിയതും കാവൽക്കാരുമായി മൽപ്പിടിത്തം നടത്തിയതും ഒക്കെ പ്രശംസ വേണ്ടാത്ത ഒരാളുടെ പ്രകൃതമല്ലായിരുന്നു അതിലൂടെ അയാൾ പ്രശസ്തനാവുകയാണ് ചെയ്തത്.

ജോർജ് ബർണാഡ്ഷായ്ക്ക് നോബൽ സമ്മാനം ലഭിച്ചപ്പോൾ അദ്ദേഹം അത് സ്വീകരിച്ചില്ല. അദ്ദേഹം പറഞ്ഞ കാരണം അത് എനിക്ക് താഴെയാണ്. അത് യുവജനങ്ങൾക്കുള്ളതാണ്. അവർക്ക് വളരെ സന്തോഷമായിരിക്കണം ഞാൻ ഈ പ്രശംസയ്ക്കൊക്കെ അതീതനാണ്. എന്നെ സംബന്ധിച്ചിടത്തോളം ബാലിശമാണത്. എന്നാൽ സ്വീഡിഷ് അക്കാദമിക്കും രാജാവിനും വലിയ അവമതിയായിപ്പോയി. ബർണാഡ് ഷായ്ക്ക് മേൽ ലോകമെമ്പാടും നിന്ന് വലിയ സമ്മർദ്ദമുണ്ടായി രാജാക്കന്മാർ, രാജ്ഞിമാർ, പ്രധാന മന്ത്രിമാർ, പ്രസിഡന്റുമാർ. "ദയവായി സ്വീകരിക്കുക ഇത് രാജാവിനും രാജ്യത്തിനും അപമാനമാണ്". രണ്ട് മൂന്ന് ദിവസം ആ ഒച്ചപ്പാടുകൾ അങ്ങനെ നിന്നു. ലോകത്തിന്റെ മുഴുവൻനിർബന്ധം മൂലം താനത് സ്വീകരിക്കാം എന്ന് പറഞ്ഞ് അത് സ്വീകരിച്ചു. അദ്ദേഹം നോബേൽ സമ്മാനം സ്വീകരിച്ചിട്ട് അതിന് ലഭിച്ച സംഖ്യ മുഴുവൻ ഫാബിയൻ സൊസൈറ്റിക്ക് സംഭാവന നൽകി. അത് എല്ലാ രാജ്യങ്ങളിലേയും പത്രങ്ങൾ ആഘോഷിക്കുകയും ചെയ്തു. എന്നാൽ ആ സൊസൈറ്റിയിൽ ഒരംഗം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് അതിന്റെ പ്രസിഡന്റായ അദ്ദേഹം തന്നെയുമായിരുന്നു. ഒരാഴ്ചക്കാലം ലോകത്തെ മുഴുവൻ അദ്ദേഹം മുൾമുനയിൽ നിർത്തുകയായിരുന്നു. അതെപ്പറ്റി പന്നീട് പൊതുസമൂഹം അദ്ദേഹത്തോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. "അതിലെന്തിരിക്കുന്നു. ബർണാഡ് ഷായ്ക്ക് നോബൽ സമ്മാനം ലഭിച്ചു എന്ന ചെറിയ വാർത്ത കൊണ്ട് എന്ത് പ്രയോജനം ഞാൻ ആ അവസരം പരമാവധി ഉപയോഗപ്പെടുത്തുകയായിരുന്നു. ചൂഷണം ചെയ്യുകയായിരുന്നു."

ഇന്ന് നാം കാണുന്ന പല വിനയങ്ങളും പ്രശസ്തി വേണ്ടാ എന്ന ചിന്തകൾക്കെല്ലാം പിന്നിൽ ഈ അഹംബോധങ്ങളുടെ പ്രകടനമാണുള്ളത് സാഹചര്യങ്ങളെ നന്നായി മുതലെടുത്ത് പ്രശസ്തിവേണ്ടാ എന്ന ചിന്ത പരത്തിക്കൊണ്ട് അവരവരുടെ പ്രശസ്തിക്ക് വേണ്ടി പരമാവധി പരിശ്രമിക്കുകയാണ് ചെയ്യുന്നത്. അഹംബോധത്തിന്റെ കൗശലപൂർവ്വമായ, തന്ത്രപരമായ ഒരു മാർഗ്ഗമാണത്. ഒരേ സമയം ശബ്ദമില്ലാത്തവരായി അവർ വിനയാന്വിതരാവും അതേ സമയം പുരമുകളിൽ നിന്ന് എനിക്ക് പ്രശംസ, പ്രശസ്തിവേണ്ട എന്ന് അത്യുച്ചത്തിൽ ഉദ്ഘോഷിച്ച് കൊണ്ടിരിക്കും. പ്രശസ്തിക്ക് വേണ്ടി അദ്ധ്വാനിക്കുന്ന, ആഗ്രഹിക്കുന്ന മറ്റുള്ളവരേക്കാൾ അനേക മടങ്ങ് പ്രശസ്തി അവർക്ക് ലഭിക്കുകയും ആക്ഷേപങ്ങൾ ഇല്ലാതെ തന്നെ ഒരു വിശുദ്ധന്റെ പരിവേഷം കിട്ടുകയും ചെയ്യും. പൊതു വേദികളിലെ പ്രഭാഷണവും അവാർഡ് സ്വീകരിക്കലും മരണം വരെ ഉണ്ടാകില്ല എന്ന് കുഞ്ഞു മലയാളത്തിൽ കെ.പി. അപ്പനെന്ന സാഹിത്യകാരൻ പറയുന്നതും വിശുദ്ധനാട്ടിൽ പോകാനായാലും എനിക്ക് വിസയും പാസ്പോർട്ടും വേണ്ടാ എന്ന് തീരുമാനിക്കുന്ന ഒരു മെത്രാപ്പോലീത്താ (മാർ അന്തോണിയോസ്) നമുക്കുണ്ടാകുന്നതും അഭിമാനകരമാണ്.

'മൗനങ്ങളുടെ രാജകുമാരൻമാരാണ് ദൈവത്തിനുള്ളവർ അവരുടെ മൗനങ്ങൾ പറഞ്ഞ് തന്നിട്ടുള്ളത്രയും ഒരു ശബ്ദങ്ങളും നമുക്ക് തന്നിട്ടുണ്ടാകില്ല. അവർ ദൈവമാകാതെ ദൈവശബ്ദമാകുന്നതാണ് ശുഭകരം. ദൈവമാകാൻ പേയിളകിയാടുന്ന പേക്കോലങ്ങളെ കണ്ട് ചങ്ക് പിളരുകയാണെൻ ദൈവമേ!!!'

E-mail: fr.thirumangalam@gmail.com

15–ാം ചരമവാർഷികം
11- 08 - 2016

M. MATHEW MUTHOOTTU

Founder - Muthoottu Group
Chairman - Muthoottu Mini Group

Inserted by: Sorrowing Family

റാന്നി പെരുനാട് ബഥനി ആശ്രമത്തിൽ

അഭി. തിരുമേനിമാരുടെ സംയുക്ത ഓർമ്മപ്പെരുന്നാൾ

ജൂലൈ 31 – ഓഗസ്റ്റ് 6

അഭി. അലക്സിയോസ് മാർ തേവോദോസിയോസ് ഒ.ഐ.സി. അഭി. യൂഹാനോൻ മാർ അത്താനാസിയോസ് ഒ.ഐ.സി. അഭി. പൗലോസ് മാർ പക്കോമിയോസ് ഒ.ഐ.സി.

മലങ്കര സഭയിലെ പ്രഥമ സന്ന്യാസ സമൂഹസ്ഥാപകനും, ബാഹ്യകേരള മിഷന്റെ (ഇന്നു 7 ഭദ്രാസനങ്ങളായി സ്ഥിതിചെയ്യുന്നു) പ്രഥമ ഇടയനും, കൊല്ലം ഭദ്രാസനാധിപനുമായിരുന്ന അഭി. അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയുടേയും അദ്ദേഹത്തിന്റെ പിൻഗാമിയും കോട്ടയം ഭദ്രാസനത്തിന്റെ എപ്പിസ്കോപ്പായുമായിരുന്ന അഭി. യൂഹാനോൻ മാർ അത്താനാസിയോസ് തിരുമേനിയുടെയും, അങ്കമാലി, ഇടുക്കി, മാവേലിക്കര ഭദ്രാസനാധിപനുമായിരുന്ന അഭി. പൗലോസ് മാർ പക്കോമിയോസ് തിരുമേനിയുടെയും സംയുക്ത ഓർമ്മപ്പെരുന്നാൾ ജൂലൈ 31 മുതൽ ഓഗസ്റ്റ് 6 വരെയുള്ള റാന്നി പെരുനാട് ബഥനി ആശ്രമത്തിൽ വച്ച് നടത്തും. പെരുന്നാൾ പരിപാടികൾക്ക് പരി.കാതോലിക്കാ ബാവാ തിരുമേനിയും, അഭിവന്ദ്യ പിതാക്കന്മാരും നേതൃത്വം നൽകുന്നു.

ഫാ. മത്തായി ഒ.ഐ.സി.
(സുപ്പീരിയർ)

Programme

ജൂലൈ 31 തീർത്ഥാടകർക്ക് സ്വീകരണം

ഓഗസ്റ്റ് 1 അഭി. പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ നാലാം ഓർമ്മ, മാർ പക്കോമിയോസ് ചരിറ്റി ഫണ്ട് വിതരണം

ഓഗസ്റ്റ് 2 യുവജന പ്രസ്ഥാനം മേഖലാ സമ്മേളനം

ഓഗസ്റ്റ് 5 ■ അഭി: അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ മാതൃ ദേവാലയമായ നിരണം പള്ളിയിൽ നിന്നും തീർത്ഥയാത്ര ■ നിലയ്ക്കൽ, റാന്നി, വടശ്ശേരിക്കര, പെരുനാട്, കനകപ്പലം മേഖലകളിൽ നിന്നുള്ള പദയാത്രകൾ ■ പൊതു സമ്മേളനം ■ മാർ തേവോദോസിയോസ് എക്സലൻസി അവാർഡ് മോസ്റ്റ്. റവ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്കു നൽകുന്നു.
■ കൽക്കുരിശ് കൂദാശ

ഓഗസ്റ്റ് 6 സംയുക്ത ഓർമ്മപ്പെരുന്നാൾ :

വി. കുർബ്ബാന

പരിശുദ്ധ കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ, കബറിങ്കൽ ധൂപപ്രാർത്ഥന, ആശിർവാദം, നേർച്ചവിളമ്പ്

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004
Published on 10/August/2016

RNI No. 3076/57, Registered No. KL/KTM/39/2015-17
License No. KL/CR/KTM/WPP-36/2015-17
Licensed to Post Without Pre-Payment

PRINTED AND PUBLISHED BY FR. DEEPU PHILIP, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, CHIEF EDITOR FR. DR. JOHN THOMAS KARINGATTIL

Rs. 15/-